സാമൂഹ്യനീതിയും തദ്ദേശഭരണസ്ഥാപനങ്ങളും

(വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം)



കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

സാമൂഹ്യനീതിയും തദ്ദേശഭരണസ്ഥാപനങ്ങളും

(വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം)



കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

നവംബർ 2018

സാമൂഹ്യനീതിയും തദ്ദേശഭരണസ്ഥാപനങ്ങളും
(വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം)
പഠനസഹായി

ചീഫ് എഡിറ്റർ
ഡോ. ജോയ് ഇളമൺ
ഡയറക്ടർ, കില

Chief Editor
Dr. Joy Elamon
Director – KILA

എഡിറ്റർ
ഡോ. പീറ്റർ എം രാജ്
അസോസിയേറ്റ് പ്രൊഫസർ, കില

Editor
Dr. Peter M Raj
Associate Professor, KILA

അസോസിയേറ്റ് എഡിറ്റേഴ്സ്
ശ്രീ. കാളിദാസൻ എം ജി, കൺസൾട്ടന്റ്, കില
ശ്രീ. ഭാസ്ക്കരൻ പള്ളിക്കര, കൺസൾട്ടന്റ്, കില

Associate Editors
Sri. Kalidasan M G, Consultant, KILA
Sri. Bhaskaran Pallikkara, Consultant, KILA

കൈപുസ്തകം തയ്യാറാക്കാൻ സഹായിച്ചവർ
ശ്രീ. മോയി വി
ശ്രീ. ശ്രീധരൻ വി കെ
ശ്രീ. വേണുഗോപാലൻ എൻ പി

Contributors
Sri. Moyi. V
Sri. Sreedharan V K
Sri. Venugopalan. N P

ഡി.റ്റി.പി & ലേഔട്ട്.
ഫോർസൈറ് ഡിസൈനേഴ്സ്, തൃശ്ശൂർ

D.T.P & Layout
Foresight Designers, Thrissur

ഡി.റ്റി.പി. സഹായം.
ശ്രീലത എസ്

D.T.P Support
Srilatha S

പ്രസാധനം
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില),
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
ഫോൺ - 2200244, 2207087 (ഓഫീസ്)
0487-2201312 (ഡയറക്ടർ)
0487-2201062 (ഫാക്സ്)
ഇമെയിൽ : info@kila.ac.in
വെബ്സൈറ്റ് : www.kila.ac.in

Published by
Kerala Institute of Local Administration (KILA)
Mulamkunnathukavu, Trissur – 680581
Ph. 2200244, 2207087 (Office)
0487 – 2201312 (Director)
0487 – 2201062 (Fax)
Email ID – info@kila.ac.in
Website : www.kila.ac.in

അച്ചടി
ഒരുമ പ്രിന്റേഴ്സ് ആന്റ് പബ്ലിഷേഴ്സ്,
ചിയ്യാരം, തൃശ്ശൂർ

Printed at
Oruma Printers & Publishers,
Chiyyaram, Thrissur

നവംബർ 2018

November 2018

ആമുഖം

നവകേരളം കെട്ടിപടുക്കുന്നതിന് കേരളത്തിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ടത് പ്രാദേശിക ഭരണസ്ഥാപനങ്ങളാണല്ലോ. ഇതിനനുയോജ്യമായ തരത്തിലുള്ള ആസൂത്രണ ഇടപെടലുകൾ ജനകീയ പങ്കാളിത്തത്തോടുകൂടി സാമൂഹ്യ നീതി ലക്ഷ്യമാക്കി പ്രവർത്തിക്കുക എന്നത് ജനകീയാസൂത്രണം രണ്ടാം ഘട്ടം ലക്ഷ്യം വെക്കുന്നു. സമൂഹത്തിൽ കൂടുതൽ ശ്രദ്ധ അർഹിക്കുന്ന കുട്ടികളുടേയും, വയോജനങ്ങളുടേയും, ഭിന്നശേഷിക്കാരുടേയും വികസനം ശാക്തീകരണത്തിന്റേയും അവകാശാധിഷ്ഠിത സമീപനത്തിന്റേയും കാഴ്ചപാടിലൂന്നിയതായിരിക്കണം. ഈ വിഷയമേഖലകളിൽ പല പ്രാദേശിക സർക്കാരുകളും മാതൃകാപരമായ പ്രവർത്തനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ മാതൃകകൾ സൃഷ്ടിച്ച പ്രാദേശിക ഭരണസ്ഥാപനങ്ങളുടെ അനുഭവത്തിൽ നിന്നും പാഠം ഉൾകൊണ്ടാകണം ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ക്രമപ്പെടുത്തേണ്ടത്. പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിഭാഗങ്ങൾക്കായി രൂപപ്പെടുത്തിയിട്ടുള്ള സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം തദ്ദേശ സ്ഥാപനങ്ങളുടെ അനുഭവം പങ്കുവെക്കലിന്റെ വേദിയായി മാറുകയും പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നൂതന ആശയങ്ങൾ രൂപപ്പെടുത്തുന്നതിന് വഴിയൊരുക്കുകയും ചെയ്യും

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനത്തിന്റെ ഭാഗമായി തയ്യാറാക്കിയ ഈ കൈപുസ്തകം വികസനത്തിന്റെ പുതിയ കാഴ്ചപാട് ചിട്ടപ്പെടുത്താൻ വഴിയൊരുക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ കൈപുസ്തകം തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ ഡോ.പീറ്റർ എം രാജ്, ശ്രീ. എം ജി കാളിദാസൻ, ശ്രീ. ഭാസ്ക്കരൻ പള്ളിക്കര മറ്റു ടീം അംഗങ്ങളേയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

കില
01 നവംബർ 2018

ഡോ. ജോയ് ഇളമൺ
ഡയറക്ടർ, കില

ഉള്ളടക്കം

1. വർക്കിംഗ് ഗ്രൂപ്പ് - പ്രസക്തിയും ചുമതലകളും 7

2. ബാലസൗഹൃദ പ്രാദേശികഭരണം 11

3. വയോജനസൗഹൃദ പ്രാദേശികഭരണം 21

4. ഭിന്നശേഷിസൗഹൃദ പ്രാദേശികഭരണം 31

5. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുഭവ പാഠങ്ങൾ 41

   ബാലസൗഹൃദ പഞ്ചായത്തുകൾ 43

   വയോജനസൗഹൃദ പഞ്ചായത്തുകൾ 79

   ഭിന്നശേഷിസൗഹൃദ പഞ്ചായത്തുകൾ 99

6. അനുബന്ധം 118

1



വർക്കിംഗ് ഗ്രൂപ്പ് പ്രസക്തിയും ചുമതലകളും

ഒരു പ്രദേശത്തിന്റെ സാമ്പത്തിക വികസനം ഉറപ്പു വരുത്തുന്നതിനും പ്രദേശത്തെ മുഴുവനാളുകൾക്കും സാമൂഹ്യനീതി ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക എന്ന ചുമതല തദ്ദേശഭരണസ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഒമ്പതാം പഞ്ചവൽസര പദ്ധതിക്കാലത്ത് കേരളത്തിൽ തുടക്കം കുറിച്ച ജനകീയാസൂത്രണ പ്രസ്ഥാനം ഈ രീതിയിൽ മുന്നോട്ടുപോകാൻ സഹായിച്ചു. ക്ഷേമ, വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സ്വീകരിച്ചു വന്നിരുന്ന സാമ്പ്രദായിക കേന്ദ്രീകൃത നടപടിക്രമങ്ങളിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അവ താരതമ്യേന കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനും സാധാരണ പൗരർക്കും സാധിക്കും എന്ന നിലയിലേക്ക് കേരളത്തിലെ പ്രാദേശിക ആസൂത്രണ നിർവഹണ പ്രക്രിയകൾ മാറിയിട്ടുണ്ട്. കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ മാതൃകകൾ സൃഷ്ടിച്ച പ്രാദേശിക ഭരണസ്ഥാപനങ്ങളുടെ അനുഭവത്തിൽ നിന്നും പാഠം ഉൾകൊണ്ടാകണം ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ക്രമപ്പെടുത്താൻ വർക്കിംഗ് ഗ്രൂപ്പുകൾ നേതൃത്വം നൽകേണ്ടത്.

വർക്കിംഗ് ഗ്രൂപ്പുകൾ

ജനപങ്കാളിത്തത്തിലൂന്നിയ പ്രാദേശിക വികസനം സുസ്ഥിരമാക്കുന്നതിനുമുള്ള ഉപാധി എന്ന നിലയിലാണ് ജനകീയാസൂത്രണം രൂപപ്പെടുത്തിയിട്ടുള്ളത്. കാലാനുസൃതമായി തദ്ദേശഭരണസ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ഓരോ പഞ്ചവത്സര പദ്ധതിക്കാലത്തും വാർഷിക പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള മാർഗ്ഗരേഖ കേരള സർക്കാർ പുറപ്പെടുവിക്കുന്നുണ്ട്. ഈ മാർഗ്ഗരേഖയിലെ സുപ്രധാന നിർദ്ദേശങ്ങളിലൊന്ന് പ്രോജക്ടുകളുടെ മേഖലാ തരംതിരിവുകളാണ്. വികസനഫണ്ട് ഉത്പാദന, സേവന, പശ്ചാത്തല മേഖലകളിലായി വിനൃസിക്കപ്പെടേണ്ടതുണ്ട്. ഇതോടൊപ്പം അനിവാര്യ വകയിരുത്തലുകൾ, പ്രത്യേക പദ്ധതികളുടെ വിഹിതം നിശ്ചയിക്കൽ എന്നിവ ഒരു ജനവിഭാഗവും പിന്തള്ളപ്പെട്ടു പോകാതിരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകളാണ്. പ്രാദേശികഭരണം ഫലപ്രദമാക്കുക ഉദ്ദേശ്യത്തോടെയാണ് ഭരണനിർവഹണത്തിനായി സ്റ്റാന്റിംഗ് കമ്മറ്റികളെ നിശ്ചയിച്ചിട്ടുള്ളത്. പൂർണ്ണമായും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ മാത്രമുൾക്കൊള്ളുന്ന സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് ആവശ്യമായ വിദ്ഗ്ദ നിർദ്ദേശങ്ങളും സഹായങ്ങളും നൽകി പ്രാദേശിക ആസൂത്രണം ഫലപ്രദമാക്കുകയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ദൗത്യം. ഇതോടൊപ്പം നിയമാനുസൃതമായ ഗ്രാമസഭകൾ/വാർഡ് സഭകൾ തുടങ്ങി വികസനസെമിനാർ വരെയുള്ള ഔദ്യോഗിക നടപടിക്രമങ്ങളും പദ്ധതി രേഖ രൂപീകരണത്തിലും വർക്കിംഗ് ഗ്രൂപ്പുകൾ സജീവ പങ്കാളികളാണ്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിലും നിർവഹണവേളയിലും വിലയിരുത്തൽ ഘട്ടങ്ങളിലും സുപ്രധാനമായ പങ്കു വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ജനപ്രതിനിധികൾ അദ്ധ്യക്ഷന്മാരായിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർ ബന്ധപ്പെട്ട മേഖലയിലെ ഉയർന്ന ഉദ്യോഗസ്ഥനായിരിക്കും. വിദഗ്ദരും സന്നദ്ധപ്രവർത്തകരും ഈ സമിതികളുടെ അവിഭാജ്യഘടകമാണ്. തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതി ആസൂത്രണത്തിൽ ജനങ്ങൾക്കു പങ്കെടുക്കാനുള്ള ജനകീയവേദിയാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ജനപ്രതിനിധി, ഉദ്യോഗസ്ഥൻ, പ്രാദേശിക വിദഗ്ദൻ, ഗുണഭോക്താവ്, സന്നദ്ധപ്രവർത്തകൻ എന്നിങ്ങനെ ജീവിത ത്തിന്റെ നാനാതുറകളിലുള്ളവരുടെ അഭിപ്രായങ്ങൾ സ്വരൂപിച്ച്, നിയമാനുസൃതമായും കാര്യക്ഷമമായും പദ്ധതികൾക്ക് രൂപം നൽകുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ നേതൃത്വം നൽകണം.

ഓരോ തദ്ദേശഭരണസ്ഥാപനത്തിലും പതിമൂന്ന് വർക്കിംഗ് ഗ്രൂപ്പുകൾ അനിവാര്യമാണ്. തീരദേശമേഖലകളിലുള്ള തദ്ദേശഭരണസ്ഥാപനങ്ങളിൽ മത്സ്യമേഖല വർക്കിംഗ് ഗ്രൂപ്പും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ഫണ്ട് ലഭിക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങളിൽ പട്ടികവർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പും രൂപീകരിക്കേണ്ടതാണ്. ഇവക്കു പുറമെ, തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏതെങ്കിലും മേഖലയിൽ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് ആവശ്യമാണ് എന്ന് അഭിപ്രായമുണ്ടെങ്കിൽ ആയതും രൂപീകരിക്കാവുന്നതാണ്. ഓരോ വിഷയമേഖലക്കും, (ഉദാ: കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, വനിത, പട്ടികജാതി, പട്ടികവർഗ്ഗം, സാമൂഹ്യനീതി, ജൈവ വൈവിധ്യ മാനേജ്മെന്റ് തുടങ്ങിയവ) പ്രത്യേകം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പിന്റേയും മേൽനോട്ട ചുമതല ഓരോ സ്റ്റാന്റിംഗ് കമ്മറ്റിക്കും വീതിച്ചു നൽകിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ

1. വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകൾ ശേഖരിച്ച്, ക്രോഡീകരിച്ച്, അപഗ്രഥിച്ച് നിലവിലുള്ള അവസ്ഥാരേഖ കാലോചിത മായി പരിഷ്കരിക്കുക.
2. ഗ്രാമസഭയിൽ അച്ചടിച്ചു നൽകുന്നതിനുള്ള മുൻവാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ, തൻവർഷ പ്രോജക്ടുകൾ, നിർദ്ദേശിക്കുന്ന അടുത്ത വർഷത്തെ പ്രോജക്ടുകൾ എന്നീ വിവരങ്ങൾ എഴുതി തയ്യാറാക്കുക
3. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള വികസനദൗത്യങ്ങളുമായി പ്രാദേശിക പദ്ധതികളെ ഏകോപിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.
4. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിക്കൽ, മിനിട്സ് രേഖപ്പെടുത്തൽ, മിനിട്സ് സൂക്ഷിക്കൽ തുടങ്ങിയവ കൺവീനറുടെ ചുമതലയാണ്.
5. വാർഷിക പദ്ധതി അംഗീകരിച്ച ശേഷം പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തുക.
6. പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, വനിതാഘടക പദ്ധതി വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവർക്ക് ആവശ്യമായ വിവരങ്ങൾ നൽകുകയും അവരുടെ നിർദ്ദേശങ്ങൾ പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യുക.
7. സംയോജിത പ്രോജക്ടുകൾക്ക് ആവശ്യമായ ഫണ്ട് നിർദ്ദേശങ്ങൾ മുൻകൂട്ടി തയ്യാറാക്കി നൽകുക.

സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ്

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നതാണ് സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ്. ഈ വർക്കിംഗ് ഗ്രൂപ്പിൽ പ്രധാനമായും പരിഗണിക്കേണ്ടത് വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, ഭിന്നലിംഗവിഭാഗം തുടങ്ങിയവരുടെ വികസന ക്ഷേമ പ്രവർത്തനങ്ങളാണ്. പൊതുസമൂഹത്തിന്റെ പ്രാഥമിക ഉത്തരവാദിത്തങ്ങളിൽ പ്രധാനപ്പെട്ടതാണ് സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കുക എന്നത്. സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും പല കാരണങ്ങളാൽ ഒതുക്കി നിർത്തപ്പെട്ട വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, വനിതകൾ, കുട്ടികൾ തുടങ്ങിയവരുടെ സാമൂഹ്യസുരക്ഷയിലൂന്നിയ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ അനിവാര്യമായ വികസനഘടകമാണ്. ഓരോ വിഭാഗവും നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാണ്.

സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് പ്രധാനമായി ലക്ഷ്യം വെക്കേണ്ടത് താഴെപറയുന്നവയാണ്

- സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും പല സാഹചര്യങ്ങളാലും ഒതുക്കി നിർത്തപ്പെട്ടവരുടെ വികസനം അവകാശാധിഷ്ഠിത – ശാക്തീകരണ സമീപനത്തിന്റെ പശ്ചാത്തലത്തിൽ ഏറ്റെടുക്കുക
- സേവന ഗുണമേന്മ ഉയർത്താൻ വിവരാടിത്തറ സൃഷ്ടിക്കൽ
- ക്ഷേമ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ
- നൂതന പ്രോജക്ടുകൾ, മാതൃകാ പ്രോജക്ടുകൾ, സംയോജിത പദ്ധതികൾ, സ്വകാര്യ സന്നദ്ധ തദ്ദേശസ്ഥാപന സേവന പ്രവർത്തന ഏകോപനം – പങ്കാളിത്ത നിർമ്മിതികൾ എന്നിവക്ക് ആവശ്യമായ ആശയങ്ങൾ തദ്ദേശസ്ഥാപനത്തിന് സമർപ്പിക്കുക, സഹായിക്കുക

ആസൂത്രണ മാർഗ്ഗരേഖ

തദ്ദേശഭരണസ്ഥാപനങ്ങളുടെ സാമൂഹ്യനീതി ഉറപ്പാക്കൽ സാധ്യമാകുന്നതിലേക്കായി പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ പൊതുലക്ഷ്യങ്ങൾ കൃത്യമായ സൂചനകൾ നൽകിയിട്ടുണ്ട്. സാമൂഹ്യനീതിയിലൂന്നിയ സാമ്പത്തിക വികസനമാണ് മാർഗ്ഗരേഖയുടെ അടിസ്ഥാനലക്ഷ്യം. ജനനം മുതൽ മരണം വരെയുള്ള ജീവിതചക്രത്തിലെ എല്ലാ ഘട്ടങ്ങളിലും സമൂഹത്തിന്റെ പിന്തുണ ആവശ്യമുള്ളവർക്ക് അത് എത്തിക്കത്തക്ക നിലയിൽ സാമൂഹ്യസുരക്ഷാ സംവിധാനത്തെ സമഗ്രമാക്കി മാറ്റണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ദേശീയ, സംസ്ഥാന അടിസ്ഥാനത്തിലുള്ള ലക്ഷ്യങ്ങൾക്കൊപ്പം പ്രാദേശികതലത്തിലുള്ള പ്രത്യേകതകളും പ്രശ്നങ്ങളും സാധ്യതകളും കണക്കിലെടുത്തു കൊണ്ട് ആവശ്യമായ തനതു ലക്ഷ്യങ്ങൾ കൂട്ടിച്ചേർക്കുകയാണ് വേണ്ടത്. ഇതു സംബന്ധിച്ച മുൻഗണനകളിൽ ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വർദ്ധിച്ച ഗുണമേന്മയിലും സമയബന്ധിതമായും ലഭ്യമാക്കേണ്ടത് അതീവ പ്രാധാന്യമർഹിക്കുന്നു. പാർശ്വവത്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും സവിശേഷ ശ്രദ്ധ നൽകി മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം ൽകുക എന്നതാണ് സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുള്ള ഉപാധി എന്ന് മാർഗ്ഗരേഖ എടുത്തു പറയുന്നു.

മാതൃകാ പദ്ധതികൾ

പല തദ്ദേശഭരണസ്ഥാപനങ്ങളുടേയും വർക്കിംഗ് ഗ്രൂപ്പുകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം നൂതന ആശയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ മുൻധാരണകളുടെ അഭാവമാണ്. ഇതിനർത്ഥം ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ ഒരു പ്രോജക്ട് അപ്പാടെ ആവർത്തിക്കുകയല്ല, മറിച്ച് മാതൃക ബോധ്യപ്പെട്ട് തങ്ങളുടെ തദ്ദേശസ്ഥാപനത്തിലെ ആവശ്യങ്ങൾക്കും അവസ്ഥക്കും അനുയോജ്യമായ വിധം പുനരാവിഷ്കരിക്കുക എന്നതാണ് ലക്ഷ്യമാക്കുന്നത്.

സമൂഹത്തിൽ, കൂടുതൽ പരിഗണന അർഹിക്കുന്ന നാലു വിഭാഗങ്ങളുടെ - വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, ഭിന്നലിംഗത്തിൽ പെട്ടവർ - മേഖലകളിൽ പ്രവർത്തിക്കേണ്ടവരാണ് സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലെ ഒരംഗം അധ്യക്ഷനായും മേഖലയിലെ ഒരു വിദഗ്ദൻ ഉപാധ്യക്ഷനായും സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥ കൺവീനറായും രൂപീകരിക്കപ്പെട്ടിട്ടുള്ള ഈ വർക്കിംഗ് ഗ്രൂപ്പിന് ഈ വിഭാഗത്തിൽ പെട്ടവരുടെ ക്ഷേമത്തിനും വികസനത്തിനുമായി ധാരാളം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതായി വരും. അതിനുള്ള കൂട്ടായ പരിശ്രമം എല്ലാവരുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

■■



2

ബാലസൗഹൃദ പ്രാദേശിക ഭരണം

കുട്ടികളുടെ വികാസമാണ് ഒരു ദേശത്തിന്റെ ഭാവിയും പുരോഗതിയും നിർണ്ണയിക്കുന്നത്. കുട്ടികളുടെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും ഏറെ ഊന്നൽ നൽകിയ വികസന നയമാണ് കേരളത്തെ ഇന്ത്യയിലെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമെന്ന പദവിയിൽ എത്തിച്ചത് (Multi-Dimensional Poverty Index 2016). എന്നിരുന്നാലും നമ്മുടെ കുട്ടികളുടെ വികസന നിലവാരം (Child Development Index)അന്താരാഷ്ട്ര നിലവാരത്തിൽ നിന്നും ഏറെ പിന്നിലാണ്. ഈ അവസ്ഥ കുട്ടികൾക്കായി കൂടുതൽ ഇടപെടലുകൾ ഇനിയും ആവശ്യമാണെന്ന് ചൂണ്ടിക്കാണിക്കുന്നു.

പതിനെട്ട് വയസ്സിൽ താഴെ പ്രായമുള്ള എല്ലാവരേയും കുട്ടികളായി കണക്കാക്കുന്നു. മുഴുവൻ കുട്ടികൾക്കും ശാരീരികവും മാനസ്സീകവും സാമൂഹികവുമായ വളർച്ചക്കും വികസനത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവരുടെ ജീവിതം സന്തോഷകരമാക്കുന്നതോടൊപ്പം അവരിലൂടെ രാഷ്ട്രത്തിന്റെ പുരോഗതി ഉറപ്പു വരുത്തുക എന്നതാണ് കുട്ടികളെ സംബന്ധിച്ച ദേശീയ കാഴ്ചപ്പാട്. കുട്ടികൾ രാജ്യത്തിന്റെ അമൂല്യസമ്പത്തും സ്രേയസ്സുക്കരമായ നിധിയുമാണെന്ന് കുട്ടികൾക്കായുള്ള ദേശീയ നയം പ്രഖ്യാപിക്കുന്നു. ലോകജനസംഖ്യയിലെ ഇരുപത്തിനാല് ശതമാനത്തോളം കുട്ടികളാണ് എങ്കിൽ ഇന്ത്യയിൽ ഇത് മുപ്പത്തിയൊമ്പത് ശതമാനമാണ്. എന്നാൽ കേരളത്തിൽ കുട്ടികളുടെ ജനസംഖ്യ മുപ്പത് ശതമാനത്തിൽ താഴെയാണ് എന്നത് ആശ്വാസകരമാണ്. കുട്ടികൾക്ക് മുന്തിയ പരിഗണന നൽകിക്കൊണ്ട് അവർക്കനുയോജ്യമായ ലോകക്രമം രൂപപ്പെടുത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം.

കുട്ടികൾക്കായുള്ള കർമ്മ പദ്ധതി

ഭരണഘടനാനിർദ്ദേശങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിന് ദേശീയ സംസ്ഥാന തലങ്ങളിൽ കുട്ടികൾക്കായുള്ള കർമ്മപദ്ധതി രൂപപ്പെടുത്തുന്നതിനും പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും പരിപാടികൾ ആവിഷ്കരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കുട്ടികൾക്കായുള്ള കർമ്മ പദ്ധതി അവരുടെ സ്ഥിതി വിവരകണക്കുകളെ അടിസ്ഥാനമാക്കിയുള്ള അവസ്ഥാ വിശകലനത്തിലൂടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുന്ന ഒന്നാണ്. കേരളത്തിലെ പഞ്ചായത്ത് രാജ്/മുനിസിപ്പൽ നിയമവും വികേന്ദ്രീകൃത ആസൂത്രണ മാർഗ്ഗരേഖയും കുട്ടികൾക്കായി കാര്യക്ഷമമായ പ്രൊജക്ടുകൾക്കും വകയിരുത്തലുകൾക്കും അവസരം നൽകിയിട്ടുണ്ട്. ഈ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബാലസൗഹൃദ പ്രാദേശിക ഭരണ സമീപനം വഴി സാധ്യമാകേണ്ടതുണ്ട്.

ബാലസൗഹൃദമെന്നാൽ

സൗഹൃദം എന്ന വാക്കിന്റെ അർത്ഥം - ആദരണീയമായ, സ്വാഗതാർഹമായ പെരുമാറ്റം എന്നൊക്കെയാണ്. കുട്ടികളോട്, അവരുടെ ആവശ്യങ്ങളെ ഗൗരവത്തോടെയും, പ്രായോഗികതയോടേയും പരിഗണിക്കുകയും സമഗ്രവും സംയോജിതവുമായ ഇടപെടലുകൾ വഴി പ്രാപ്യമാക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ബാലസൗഹൃദം. ആരോഗ്യം, വിദ്യാഭ്യാസം, സുരക്ഷിതമായ കുടിവെള്ളം, ദുരുപയോഗം, ചൂഷണം എന്നിവയിൽ നിന്നുള്ള സംരക്ഷണം, പങ്കാളിത്തത്തിനുള്ള അവസരങ്ങൾ തുടങ്ങി അവർക്ക് ആവകാശപ്പെട്ട എല്ലാ അവകാശങ്ങളും ഉറപ്പാക്കപ്പെടുന്ന ഒരു സമീപനമാണിത്.

ബാലാവകാശം

അവകാശാധിഷ്ഠിതവികസനമെന്ന ചട്ടകൂട്ടിൽ നിന്ന് കുട്ടികളുടെ പുരോഗതിയെ കാണുന്ന ഒരു പ്രക്രിയയാണ് ഇന്ന് സ്വീകരിച്ചുപോരുന്നത്. കുട്ടികളുടെ അവകാശശ്രേണികളായ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ കുട്ടികൾക്ക് അനുഭവവേദ്യമാകും വിധം ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം. ഇതാകട്ടെ കുട്ടികളുടെ ജീവിതചക്രത്തിലെ ഓരോ ഘട്ടങ്ങളിലും അനുയോജ്യമായ രീതിയിൽ ഉറപ്പാക്കുന്നതിൽ പ്രാദേശിക സർക്കാരുകൾക്ക് ഏറെ പ്രവർത്തിക്കാൻ കഴിയും. എല്ലാ കുട്ടികൾക്കും ജനിക്കാനും മരണത്തിൽ നിന്ന് ഒഴിവാക്കപ്പെടുന്നതിനും അവശ്യമായ സാഹചര്യം ഒരുക്കുന്നതാണ് അതിജീവനാവകാശം. ഓരോ കുഞ്ഞിന്റേയും ജന്മസിദ്ധമായ ശേഷികളെ അതിന്റെ പാരമ്യത്തിലേക്ക് ഉയർത്തി കൊണ്ടുവരുന്നതിനാവശ്യമായ ആരോഗ്യ സംരക്ഷണം, പോഷണഗുണമുള്ള ഭക്ഷണം, ഗുണമേന്മയുള്ള വിദ്യാഭ്യാസം, വൃത്തിയുള്ള അന്തരീക്ഷം എന്നിവ ഉറപ്പാക്കലാണ് വികസനാവകാശം ലക്ഷ്യം വെക്കേണ്ടത്. കുട്ടികൾക്കുണ്ടാകാവുന്ന മാനസിക വേദനകൾ പൂർണ്ണമായും തടയുന്നതിന് എല്ലാതരത്തിലുള്ള ദുരുപയോഗങ്ങളും അതിക്രമങ്ങളും തടയലാണ് സംരക്ഷണാവകാശം വിഭാവനം ചെയ്യുന്നത്. പങ്കാളിത്താവകാശമെന്നാൽ കുടുംബത്തിലോ, വിദ്യാലയത്തിലോ, സമൂഹത്തിലോ, ഭരണനടപടിക്രമത്തിലോ കുട്ടികൾക്ക് വേണ്ടി എറ്റെടുക്കുന്നതും അവരെ ബാധിക്കുന്നതുമായ എല്ലാ തീരുമാനത്തിലും കുട്ടികൾക്ക് പങ്കാളികളാകാനും അവരുടെ വിനോദവും കളികളും വഴി കായിക സംസ്ക്കാരിക നിലവാരവും, നേതൃത്വ പാടവവും ഉറപ്പാക്കപ്പെടുകയാണ് ഈ അവകാശത്തിന്റെ ലക്ഷ്യം.

ബാലസൗഹൃദ തദ്ദേശഭരണ ലക്ഷ്യരൂപീകരണം

കുട്ടികളുടെ വികാസ സൂചകങ്ങളെ ഉയർത്തി കൊണ്ടു വരുന്നതിന് അവരുടെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന പ്രതികൂല സൂചകങ്ങൾ കുറക്കുന്നതിനാവശ്യമായ ലക്ഷ്യങ്ങൾ തിട്ടപ്പെടുത്തലാണ് ബാലസൗഹൃദഭരണത്തിന്റെ പ്രധാന ലക്ഷ്യം.

- സമഗ്ര പ്രതിരോധ കുത്തിവെയ്പ്പ് സാർവത്രികമാക്കുക
- ശിശുക്കളുടേയും അഞ്ചു വയസ്സിന് താഴെയുള്ള കുട്ടികളുടേയും മരണനിരക്ക് അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുക
- കുട്ടികളിലെ ആൺ/പെൺ അനുപാതം സംരക്ഷിക്കുക, നിയമം നടപ്പാക്കുക
- ശുദ്ധമായ കുടിവെള്ളവും ശുചിത്വവും കുട്ടികൾക്കായുള്ള സ്ഥാപനങ്ങളിൽ ഉറപ്പ് വരുത്തുക
- മുഴുവൻ കുട്ടികൾക്കും പോഷണ ആരോഗ്യം- ന്യൂനപോഷണ/സൂക്ഷ്മപോഷണ രഹിതം

- കുട്ടികളുടെ വികാസ വ്യതിയാനങ്ങൾ നേരത്തേ കണ്ടെത്തുന്നതിനുള്ള ഇടപെടലുകൾ
- സാർവ്വത്രിക ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും
- അങ്കണവാടികൾക്ക് കെട്ടിടവും മിനിമം നിലവാരവും
- എല്ലാ സ്ക്കുളുകളും ബാലസൗഹൃദവും ആരോഗ്യവിദ്യാലയവും ആയി വികസിപ്പിക്കുക.
- എല്ലാ സ്ക്കൂളുകളിലും കൊഴിഞ്ഞുപോക്കും മുടങ്ങലും (Absent) ഒഴിവാക്കുക
- ആദിവാസി മേഖലയിലെ കുട്ടികൾക്ക് പഠനത്തിന് ആവശ്യമായ മിനിമം സൗകര്യങ്ങളും പഠനത്തിനുള്ള സഹായവും ലഭ്യമാക്കുക
- കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തീർത്തും ഇല്ലാതാക്കുക
- സ്ക്കൂളുകൾ ലഹരി വിമുക്തമാക്കുക
- ബാലവിവാഹങ്ങൾ ഇല്ലാതാക്കുക
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സംരക്ഷണം ഉറപ്പാക്കുക (ആശ്രയ മാതൃകയിൽ അർഹതപ്പെട്ട എല്ലാ സേവനങ്ങളും ലഭ്യമാക്കുക)
- കൗമാരപ്രായക്കാരായ കുട്ടികൾക്ക് ആരോഗ്യവും സുരക്ഷയും
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ എല്ലാ വാർഡിലും കുട്ടികളുടെ ഗ്രാമസഭ
- ബാലസൗഹൃദ പൊതുസ്ഥലങ്ങൾ
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ വർക്കിംഗ് ഗ്രൂപ്പിൽ കുട്ടികളുടെ പങ്കാളിത്തം
- ബാലപഞ്ചായത്ത് സംഘടിപ്പിക്കുക.
- കുട്ടികളുടെ സമ്പൂർണ്ണ വിവരശേഖരണം, സമ്പൂർണ്ണ വിവരവ്യൂഹം (Data Bank)

ബാലസൗഹൃദഭരണം പ്രായോഗികതലത്തിലേക്ക്

ഒരു പ്രാദേശിക സർക്കാർ കുട്ടികൾ പ്രാദേശികമായി നേരിടുന്ന വിവിധ പ്രശ്നങ്ങൾ കണക്കിലെടുത്ത് അവരുടെ സമഗ്ര വികസനത്തിന് വഴി ഒരുക്കുന്ന കാഴ്ചപാട് രൂപപ്പെടുത്തണം. ഇതാകട്ടെ എല്ലാ ബാലാവകാശങ്ങളും എവിടേയും എപ്പോഴും കുട്ടിക്ക് അനുഭവവേദ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആയിരിക്കണം. ഇതിനാവശ്യമായ ഭരണസമിതി തീരുമാനമാണ് ബാലസൗഹൃദ ഭരണത്തിലേക്കുള്ള ആദ്യപടി. ഇതോടൊപ്പം ബാലാവകാശങ്ങളും, പ്രശ്ന പരിഹാരശ്രമങ്ങളും ബോധ്യപ്പെടാൻ കഴിയുംവിധം പഠനങ്ങളും പരിശീലനങ്ങളും ഏകോപന ചർച്ചകളും ആവശ്യമാണ്.

ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- ⇨ കുട്ടികൾക്കായുള്ള സ്ഥാപനങ്ങളുടെ ശാക്തീകരണം, പുനർനിർമ്മിതി(AWC,PHC,-SCHOOL,BUDS, Hostel etc.,)
- ⇨ ബാലസൗഹൃദ പൊതു ഇടങ്ങൾ സൃഷ്ടിക്കുകയും മേന്മ-വൽക്കരിക്കുകയും ചെയ്യുക (കളിസ്ഥലം, പാർക്ക്, വായനശാല)
- ⇨ കുട്ടികൾക്കായുള്ള പങ്കാളിത്തസംവിധാനങ്ങൾ ശാക്തീകരിക്കുക, വിപുലീകരിക്കുക (കുമാരിക്ലബ്ബ്, ബാലസഭ, ജാഗ്രതാസമിതി, കുട്ടികളുടെ ഗ്രാമസഭ)
- ⇨ സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക, സേവനം അവകാശമാക്കുക

- ⇨ കുട്ടികളുടെ വിവരശേഖരം സംഘടിപ്പിക്കുകയും ഓരോ വർഷവും പുതുക്കുകയും ചെയ്യുക
- ⇨ പൊതുസമൂഹത്തിൽ കുട്ടികളുടെ അവകാശങ്ങൾ ബോധ്യപ്പെടുത്തുന്ന മനോഭാവ മാറ്റത്തിനായി - ഐ ഇ സി സംവിധാനങ്ങൾ
- ⇨ നിയമപരിരക്ഷകൾ പൂർണ്ണമായും പാലിക്കുന്നുവെന്ന് ഉറപ്പാക്കുക (പോക്സോ, ബാലനീതി നിയമം തുടങ്ങിയവ)
- ⇨ എല്ലാ കുട്ടികൾക്കും ആരോഗ്യ സുരക്ഷയും ഭക്ഷണസുരക്ഷയും വിദ്യാഭ്യാസവും ഉറപ്പുവരുത്തുക
- ⇨ പ്രത്യേക പരിഗണന അർഹിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾ, പഠനപിന്നോക്കാവസ്ഥയുള്ളവർ, സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾ നേരിടുന്നവർ എന്നിവർക്കായി പ്രത്യേക കരുതലും ഇടപെടലുകളും
- ⇨ കുട്ടികളുടെ കലാകായിക മാനസിക സംസ്ക്കാരിക പങ്കാളിത്ത വികസനം ലക്ഷ്യമിട്ട് കൊണ്ടുള്ള പ്രവർത്തനങ്ങൾ
- ⇨ എല്ലാ സർക്കാർ സ്കൂളുകളിലും പെൺകുട്ടികളുടേയും ആൺകുട്ടികളുടേയും അംഗ സംഖ്യക്ക് ആനുപാതികമായി പ്രത്യേകം മൂത്രപുര കക്കൂസ് എന്നിവയും ആവശ്യാനുസരണം വെള്ളം ലഭ്യമാക്കാൻ വേണ്ട നടപടികൾ
- ⇨ കുട്ടികളിലുണ്ടാകാവുന്ന വൈകല്യങ്ങൾ നേരത്തെ കണ്ടുപിടിച്ച് അതിന്റെ ആഘാതം ഇല്ലാതാക്കാനും ലഘൂകരിക്കാനും വേണ്ട നടപടികൾ
- ⇨ District Early Intervention Center- ന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും വിപുലപെടുത്താനും (ജില്ലാ പഞ്ചായത്തുകൾക്ക്) വേണ്ട പ്രവർത്തനങ്ങൾ
- ⇨ തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളും ബാലസൗഹൃദമാക്കി മാറ്റാനുള്ള നടപടികൾ
- ⇨ കുട്ടികൾക്ക് കായിക പരിശീലനം (സ്പോർട്ട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകരുടെ സഹായത്തോടെ)
- ⇨ കുട്ടികൾക്ക് യോഗ പരിശീലന പ്രോജക്ടുകൾ (ആയുഷ്വകുപ്പുമായി സഹകരിച്ച്)
- ⇨ സാമൂഹ്യതിന്മകളെ നിരുത്സാഹപ്പെടുത്തുന്നതിനും ലഹരി ഉപയോഗവിപത്തുകൾക്കെതിരെ ബോധവൽക്കരണവും സീറോസോൺ നടപടികളും

ആസൂത്രണ മാർഗ്ഗരേഖയിലെ ബാലസൗഹൃദ നിർദ്ദേശങ്ങൾ

ജി ഒ എസ് നമ്പർ. 11/2018 തസ്വഭവ തിയതി 29/1/18 (പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ)

ക്രമ നം.	പ്രോജക്ട്	ആസൂത്രണ മാർഗ്ഗരേഖ		സബ്സിഡി മാർഗ്ഗരേഖ
		പഞ്ചായത്ത്	നഗരസഭ	
1	അങ്കണവാടി പോഷകാഹാര വിതരണം	5.2.1 (1) 5.4.1 (11)	5.2.1 (1)	
2	എസ്.എസ്.എ./ആർ.എം.എസ്.എ. വിഹിതം	5.2.1 (2) 7.6 (3)	5.2.1 (2)	

3	ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും	5.2.1 (4)	5.2.1 (4)	7.1.1 മുതൽ 7.1.6 വരെ
4	ചൈൽഡ് സ്റ്റാറ്റസ് റിപ്പോർട്ട്	3.2 സി (1)	3.2 സി (1)	
5	ഇതരസംസ്ഥാന കുട്ടികളുടെ വിവര ശേഖരണം	3.2 സി (1)	3.2 സി (1)	
6	100 ശതമാനം ജനന രജിസ്ട്രേഷൻ	3.2 സി (1)	3.2 സി (1)	
7	അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്ലെറ്റുകൾ	6.4 7.8.2	6.7 (3), (4)	
8	അങ്കണവാടികളുടെ അകവും പുറവും ശിശു സൗഹൃദമാക്കൽ	6.4 7.8.2	6.7 (3), (4)	
9	മുഴുവൻ അങ്കണവാടികൾക്കും സ്ഥലവും കെട്ടിടങ്ങളും	7.8.2	7.8.2 (1), (2)	
10	അങ്കണവാടികളുടെ ഗുണമേന്മാ വർദ്ധനവിലൂടെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക	7.8.2	7.8.2 (1)	
11	വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എണ്ണത്തിന് ആനുപാതികമായി ബാല/ കൗമാര/ പെൺകുട്ടി സൗഹൃദ ടോയ്ലെറ്റുകൾ	6.4 (3)	6.4 (3)	
12	പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി			7.2.17
13	കൊഴിഞ്ഞുപോക്ക് തടയുന്നതിന് വിദ്യാലയങ്ങളിലെ ഭക്ഷണ പരിപാടികൾ വിപുലപ്പെടുത്തുകയും രക്ഷിതാക്കളെ ബോധവത്കരിക്കുകയും ചെയ്യുക	7.8.3 (2)	7.8.3 (2)	
14	അങ്കണവാടി വെൽഫെയർ കമ്മറ്റി നിരീക്ഷണ കമ്മിറ്റി തുടങ്ങിയവയുടെ പ്രവർത്തനം ശക്തമാക്കുക	7.8.2 (4)	7.8.2 (4)	
15	കുട്ടികളുടെ അവകാശ സംരക്ഷണം, നിയമങ്ങൾ തുടങ്ങിയവയുടെ പുസ്തകങ്ങൾ കുട്ടികളിലെത്തിക്കുകയും ബോധവത്കരണക്ലാസ്സുകൾ നടത്തുകയും ചെയ്യുക	7.8.1 (1)	7.8.1 (1)	
16	ഡാൻസ് കിറ്റ്, സ്പോർട്സ് കിറ്റ്, മറ്റ് ഉപകരണങ്ങൾ നൽകൽ			7.2.21
17	പഠന പരിപോഷണം	7.6 (4), 7.6 (8)	7.6 (4), 7.6 (8)	7.6 (8)
18	പൊതുസ്ഥലങ്ങളിലും, സ്ഥാപനങ്ങളിലും കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ബോധവത്കരണ ബോർഡുകൾ സ്ഥാപിക്കുക			7.1.3(11)

19	പൊതുനിരത്തുകളിൽ, സ്കൂളിനു സമീപത്ത് സീബ്രാ ലൈനുകൾ വരക്കുക, അറിയിപ്പു ബോർഡുകൾ സ്ഥാപിക്കുക			7.1.3(11)
20	സ്കൂൾ കെട്ടിടങ്ങൾ ആസ്ബസ്റ്റോസ് വിമുക്തമാക്കുക	7.6 (2)	7.6 (2)	
21	സ്കൂളുകളിലെ ഒഴിവുള്ള സ്ഥലങ്ങളിൽ മരങ്ങൾ വച്ചു പിടിപ്പിക്കുക	7.1.6 എ 12	7.1.6 എ 12	7.7.1
22	സ്കൂളുകളിലെ കളിസ്ഥലങ്ങൾ വിപുലീകരിക്കുക	7.10 (3)	7.10 (3)	7.6.14
23	കുട്ടികളുടെ ഗ്രാമസഭകൾ സംഘടിപ്പിക്കുക	6.8 (4), 3.2.1 (8)	3.2.1(8)	
24	ബാലസഭ, ബാലസമിതി, ബാലപഞ്ചായത്ത് മുതലായവ രൂപീകരിക്കുകയും പ്രവർത്തനം ശക്തമാക്കുകയും ചെയ്യുക	6.4 (2)	6.4 (2)	7.6.17
25	നീന്തൽക്കുളവും നീന്തൽ പരിശീലനവും			7.6.15
26	കൗൺസലിംഗ് സൗകര്യം	7.7.2 (2)		7.4.4
27	കുട്ടികൾക്ക് കായിക പരിശീലനങ്ങൾ	6.4 (6)	6.4 (6)	7.6.12
28	കുട്ടികൾക്ക് യോഗ പരിശീലനം	6.4 (7)	6.4 (7), 7.6 (13)	
29	യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ്, ഡസ്ട്രോയിംഗ് മെഷീനുകൾ	6.3 (7)	6.3 (6)	
30	വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശുദ്ധമായ കുടിവെള്ളം	7.1.6 ബി (7)	7.1.6 ബി (8)	
31	സ്കൂളുകളിൽ ജന്റർ ഡസ്ക്			7.4.1 (1), 7.4.3
32	ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക	6.3 (5)	6.3 (4)	7.4.2
33	District Early Intervention Centre ന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ	6.4 (4)	6.4 (4)	
34	തദ്ദേശഭരണസ്ഥാപനങ്ങൾ ശിശു സൗഹൃദമാക്കൽ	6.4 (5)	6.4 (5)	
35	ഏഴാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രഭാതഭക്ഷണം	7.6 (7)	7.6 (6)	
36	ജില്ലയിലെ മുഴുവൻ കുട്ടികൾക്കും ഹെൽത്ത് കാർഡ്			
37	സ്കൂൾ ആരോഗ്യ പരിപാടി മെച്ചപ്പെടുത്തൽ	7.7.2 (4)	7.7.2 (4)	

38	ആരോഗ്യജാഗ്രതാ പദ്ധതി വിഹിതം	7.7.2 (8)		
39	ബാലസൗഹൃദ ആശുപത്രികൾ	7.7.1 (2)	7.7.1 (2)	
40	ബഡ്സ് സ്കൂൾ/ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ	7.8.1 (2)	7.8.1 (2)	7.1.8
41	ബഡ്സ് റിഹാബിലിറ്റേഷൻ ആന്റ് വൊക്കേഷനൽ ട്രെയിനിംഗ് സെന്റർ	7.8.1 (2)	7.8.1 (2)	7.1.11
42	ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഹോണറേറിയം			7.1.8 (2)
43	ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	5.2.1 (4)	5.2.1 (4)	7.1 (6) എ
44	മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	5.2.1 (4)	5.2.1 (4)	7.1 (6) ബി
45	ഡേ കെയർ സെന്ററിൽ പോകുന്ന മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ബത്ത	5.2.1 (4)	5.2.1 (4)	7.1 (6) സി
46	പഠനം സാധ്യമല്ലാതെ വീട്ടിൽ കഴിയുന്ന 18 വയസ്സിൽ താഴെയുള്ളവർക്ക് ബത്ത	5.2.1 (4)	5.2.1 (4)	7.1 (6) ഡി
47	ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മത്സരങ്ങൾ			7.1.14
48	അങ്കണവാടികൾ/എൽ.പി. സ്കൂളുകൾ എന്നിവിടങ്ങളിൽ വൈകല്യ നിവാരണ പ്രവർത്തനങ്ങൾക്ക് സംവിധാനം			7.1.10
49	സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനം	7.6 (1)	7.6 (1)	
50	സ്കൂളുകളിൽ മാലിന്യസംസ്കരണ പരിപാടി	7.6 (1)	7.6 (1)	
51	സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ പരിപാടി	7.6 (1)	7.6 (1)	
52	സ്കൂളുകളിൽ അടുക്കള, സംഭരണമുറി	7.6 (5)	7.6 (5)	
53	ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തായ്ക്കൊണ്ട, ജൂഡോ, കരാട്ടേ, യോഗ പരിശീലനം	7.6 (14)	7.6 (12)	
54	പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനനിലവാരമുയർത്താൻ കോച്ചിംഗ്	അനുബന്ധം 5 2.8 (5)	അനുബന്ധം 5 2.8 (4)	

55	പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ	അനുബന്ധം 5 2.8 (3)	അനുബന്ധം 5 2.8 (3)	
56	സ്കൂളുകളിൽ ഫർണീച്ചർ	7.6 (6)	7.6 (7)	
57	പട്ടികജാതി പട്ടികവർഗ്ഗ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ			7.2.23
58	പട്ടികജാതി പട്ടികവർഗ്ഗ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ			7.2.24
59	പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികവിന് പിന്തുണ			7.2.20
60	പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ/ഊരുകളിൽ സാമൂഹ്യപഠന കേന്ദ്രം			7.2.18
61	പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്			7.2.5
62	പട്ടികജാതി/പട്ടികവർഗ്ഗ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ധന സഹായം			7.2.6
63	പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ/കസേര			7.2.7
64	പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്			7.2.8
65	കായിക അദ്ധ്യാപകരുടെ കരാർ നിയമനം			7.3.2
66	കായികക്ഷമത എൽ.പി.സ്കൂൾ കുട്ടികളിൽ			7.3.3
67	കുട്ടികൾക്കുള്ള അത്ലറ്റിക്സ് പരിശീലനങ്ങൾ			7.6.12

പരിഗണിക്കാവുന്ന ഹ്രസ്വനിർദ്ദേശങ്ങൾ

ബാലസൗഹൃദ അങ്കണവാടികൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതികാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായകെട്ടിടവും സ്ഥലവും, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതികസൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണ്. ഇത് സാധ്യമാക്കുന്നതിന് അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്താനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണം. ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. അങ്കണവാടി പോഷകാഹാര വിതരണവും പ്രവർത്തനവും ഫലപ്രദമാണ് എന്നുറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ ആന്റ് മോണിട്ടറിംഗ് കമ്മിറ്റി, നിരീക്ഷണ കമ്മിറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടലുകൾ നിരന്തരം ഉണ്ടാകേണ്ടതുണ്ട്.

ശിശുസൗഹൃദ പ്രാഥമികാരോഗ്യകേന്ദ്രം

പ്രതിരോധ കുത്തിവയ്പ് കാര്യക്ഷമമാക്കുന്നതിനും ഗർഭിണികളുടെ പരിരക്ഷ ഉറപ്പാക്കുന്നതിനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ശിശുസൗഹൃദ ഇമ്മ്യൂണൈസേഷൻ കോർണർ - മുലയൂട്ടൽ കേന്ദ്രം എന്നിവ ഒരേ സ്ഥലത്ത്, സ്വകാര്യത, ശുചിത്വ സൗകര്യങ്ങളോടെ, ഇരിപ്പിടങ്ങൾ ഉൾപ്പെടെ ഏർപ്പെടുത്തുക

തടസ്സ വിമുക്ത പൊതു ഇടങ്ങൾ

പ്രാദേശിക സർക്കാരിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും തടസ്സ വിമുക്തമായ - സ്റ്റെപ്പുകൾക്കൊപ്പം റാമ്പ്, ഹാന്റ് റെയിലുകൾ, ടോയ്‌ലെറ്റുകളിൽ ഹാന്റ് ഗ്രിപ്പുകൾ തുടങ്ങിയവ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നിർമ്മിക്കുക, നിലനിർത്തുക. പൊതു ബസ്സ്റ്റാന്റുകൾ, മിനി സ്റ്റേഡിയങ്ങൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ തുടങ്ങിയവ ഈ സംവിധാനങ്ങൾക്കൊപ്പം അപായരഹിതമായ രീതിയിൽ സംരക്ഷിക്കപ്പെടേണ്ടതാണ്.

ഹരിതസ്കൂൾ

എല്ലാ പൊതു വിദ്യാലയങ്ങളും തടസ്സവിമുക്തവും പ്രകൃതി സൗഹൃദപരവും ആയിരിക്കണം. ഹരിതാഭ പകരുന്ന ഉദ്യാനങ്ങൾ, പച്ചക്കറികൃഷി, മാലിന്യസംസ്കരണ സംവിധാനങ്ങൾ, ഡ്രെയിനേജ്, ആരോഗ്യകരമായ അടുക്കള തുടങ്ങിയവ ഉറപ്പാക്കപ്പെടണം.

ആരോഗ്യവിദ്യാലയം

എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പി.ടി.എ.കൾ, സ്കൂൾ ക്ലബ്ബുകൾ എന്നിവ സജീവമായി പ്രവർത്തിക്കണം. സ്കൂൾ ആരോഗ്യ പരിപാടി പ്രവർത്തനങ്ങൾ മുഴുവൻ സ്ഥലത്തും ലഭ്യമാക്കണം. ജീവിത നൈപുണീ വിദ്യാഭ്യാസം, കൗൺസിലിംഗ്, ഗൈഡൻസ് എന്നിവക്ക് അവസരമുണ്ടാകണം. സ്കൂൾ പരിസരം സീറോസോൺ ആക്കുകയും പ്രശ്നമേഖലകളിൽ വിജിലൻസ് കമ്മറ്റികൾ രൂപീകരിക്കുകയും വേണം. പോഷണാരോഗ്യം ഉറപ്പു വരുത്തുന്നതിന് കുട്ടികളുടെ വളർച്ചാരേഖ ചാർട്ടുകൾ ലഭ്യമാക്കുകയും ആവശ്യമെങ്കിൽ ഉപകരണങ്ങൾ നൽകുകയും വേണം. സൂക്ഷ്മ പോഷണ ന്യൂനതകൾ ഇല്ലെന്ന് ഉറപ്പു വരുത്താൻ നടപടികൾ സ്വീകരിക്കണം. പഠനവൈകല്യങ്ങൾ തിട്ടപ്പെടുത്തുന്നതിന് സംവിധാനങ്ങളും പരിഹാരനടപടികളും ഉണ്ടാകണം.

ബാലനീതി നിയമങ്ങൾ

കുട്ടികൾക്കെതിരായി വർദ്ധിച്ചു വരുന്ന ലൈംഗികാതിക്രമം തടയാനാണ് 2012 ലെ P0CSO-ആക്ട് നിലവിൽ വന്നത്. ഇന്ന് കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്നവർ ഈ നിയമം അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. ബാലവിവാഹനിരോധന നിയമം, ബാലവേല നിരോധന നിയമം, വിദ്യാഭ്യാസ അവകാശ നിയമം എല്ലാം തന്നെ സമൂഹത്തിൽ ബാലസൗഹൃദ അന്തരീക്ഷം ഉണ്ടാക്കാൻ സഹായകരമാണ് ഇതോടൊപ്പം ഐ.സി.പി.എസ്. കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

ബാലവിവാഹം, ബാലവേല ഒഴിവാക്കപ്പെടുക

നിലവിലുള്ള നിയമസംരക്ഷണവേദികളുടെ സഹായത്തോടെ, തദ്ദേശഭരണ സ്ഥാപന പിന്തുണയോടെ ബാലവിവാഹങ്ങളും ബാലവേലയും ഇല്ലാത്ത അവസ്ഥയിലേക്ക് ഉയർത്തപ്പെടണം. അനാഥബാല്യം ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം

ബാലസൗഹൃദ കളിസ്ഥലങ്ങൾ

തദ്ദേശഭരണസ്ഥാപനത്തിന്റെ എല്ലാ വാർഡുകളിലേയും കുട്ടികൾക്ക് ഒത്തു കൂടുന്നതിനും കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതിനും പൊതുകളിസ്ഥലങ്ങൾ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം. നിലിവിലുള്ള കളിസ്ഥലങ്ങൾ നിലവാരമുള്ളതാക്കുകയും കുട്ടികൾക്ക് സ്വതന്ത്രമായി കളികളിൽ ഏർപ്പെടുന്നതിന് മൃഗശല്യം, ചൂതുകളി, മദ്യസംഘങ്ങൾ എന്നിവയിൽ നിന്നുള്ള മുക്തി ഉറപ്പാക്കേണ്ടതാണ്.

■■



3



വയോജന സൗഹൃദ പ്രാദേശിക ഭരണം

വാർദ്ധക്യം ജീവശാസ്ത്രപരമായ അനിവാര്യതയാണ്. ജീവിതചക്രത്തിലെ അനുപേഷണീയമായ പ്രതിഭാസമാണ് ഇത്. ലോകമെമ്പാടും വയോജനസംഖ്യയിൽ മാറ്റം വരുന്നതോടൊപ്പം തന്നെ വയോജന വികസന മുൻഗണനകളിലും മാറ്റം വന്നുകൊണ്ടിരിക്കുന്നു. മുതിർന്ന പൗരന്മാർക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾ കണക്കിലെടുത്തും അവരുടെ ക്ഷേമ ജീവിതം ഉറപ്പാക്കുന്നതിനുമായി ഐക്യരാഷ്ട്രസഭ വയോജനങ്ങൾക്കായി അന്താരാഷ്ട്ര അവകാശപത്രികയും ഇന്ത്യ ദേശീയ വയോജന നയവും (നാഷണൽ പോളിസി ഓൺ ഓൾഡർ പേഴ്സൺ - NPOP 1999 & 2011) പ്രഖ്യാപിക്കുകയുണ്ടായി. മുതിർന്ന പൗരർക്ക് അർഹമായ സ്നേഹവും ബഹുമാനവും നൽകുന്നതോടൊപ്പം അവരുടെ ആരോഗ്യം സാമ്പത്തിക സ്ഥിതി എന്നിവക്ക് പ്രത്യേക പരിഗണന നൽകുകയും അവർക്ക് യോജിക്കുന്ന അവസരങ്ങൾ കണ്ടെത്തി അഭിമാന പൂർവ്വം സമൂഹത്തിലെ ഒരംഗമായി കഴിയാനുള്ള സാഹചര്യം ഒരുക്കുന്നതിലും ശ്രദ്ധ ചെലുത്തുകയാണ് ഈ നയങ്ങളുടെ കാതൽ.

ഇന്ത്യയിൽ ആനുപാതികമായി ഏറ്റവും കൂടുതൽ വയോജനങ്ങളുള്ളത് കേരളത്തിലാണ്. 60 വയസ്സിനുമേൽ പ്രായമുള്ള മുതിർന്ന പൗരരുടെ ജനസംഖ്യ 2011 സെൻസസ് പ്രകാരം 12.55 % എന്നത് 2026 ൽ 23% ആകും എന്ന് കണക്കാക്കിയിട്ടുണ്ട്. മുതിർന്ന പൗരർക്കിടയിൽ വനിതകളാണ് അധികവും ഇവരിൽ 55 ശതമാനവും വൈധവ്യം ബാധിച്ചവരാണെന്നത് പ്രത്യേകതയാണ്. കേരളത്തിലെ ജനസംഖ്യയിൽ വ്യത്യസ്ഥ പ്രായവിഭാഗങ്ങളുടെ എണ്ണത്തിലും ശതമാനത്തിലും ഗണ്യമായ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. (Demographic Transition) വ്യത്യസ്ത പ്രായവിഭാഗങ്ങളിലുള്ളവരുടെ അനുപാതത്തിൽ വന്നു കൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾ കുടുംബത്തിനുള്ളിലും സാമൂഹികജീവിതത്തിലും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെപ്പറ്റി നാം ഇനിയും കാര്യമായി ശ്രദ്ധിച്ചിട്ടില്ല. ജനനമരണ നിരക്കുകൾ കുറഞ്ഞതും ആയുർദൈർഘ്യം കൂടിയതും ജനസംഖ്യയിൽ വയോജനങ്ങളുടെ ശതമാനം കൂടുന്നതിന് ഇടയാക്കിയിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം തന്നെ വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും ഏറുകയാണ്. കുടുംബത്തിലും സമൂഹത്തിലും വയോജനങ്ങൾ ഏറെ അവഗണിക്കപ്പെടുകയോ, ഒറ്റപ്പെട്ടുപോകുകയോ ചെയ്യുന്നു.

ഇന്ത്യൻ ഭരണഘടനയും വയോജനങ്ങളും

ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 41 ൽ മുതിർന്ന പൗരർക്ക് ആവശ്യമായ സഹായങ്ങൾ അവ ഉറപ്പാക്കപ്പെടുന്നത് അവരുടെ അവകാശമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുതിർന്ന പൗരരുടെ ജനസംഖ്യയിലെ പ്രതീക്ഷിത ജീവിത സൂചകം 1951- 60 കാലഘട്ടത്തിൽ 42 വയസ്സായിരുന്നത് 2011-16 ആകുമ്പോഴേക്കും 69 വയസ്സായി ഉയർന്നു. ആയുർദൈർഘ്യത്തിലുണ്ടായ ഈ മാറ്റം

1991 ൽ 6.8 ശതമാനം എന്നത് 2016 ൽ 8.9 ശതമാനമായി വർദ്ധിച്ചു. വർദ്ധനയിലെ ഈ തോത് ഓരോ വർഷവും ഉയർന്നുകൊണ്ടിരിക്കും.

ദേശീയ വയോജന നയം

മുതിർന്ന പൗരരുടെ ആകുലതകൾ രാഷ്ട്രത്തിന്റെ ആകുലതകൾ ആണെന്നും അതുകൊണ്ടുതന്നെ അവരിൽ ഒരാളും സുരക്ഷിതമല്ലാതെ അവഗണിക്കപ്പെട്ടോ സാമൂഹ്യ പിന്നോക്കാവസ്ഥയിലോ കഴിയാൻ ഇടവരരുതെന്നുമാണ് ഈ നയത്തിന്റെ കാഴ്ചപാട്. വയോജനങ്ങളുടെ ക്ഷേമ ജീവിതം ആണ് ഈ നയത്തിന്റെ ഉദ്ദേശം. ജീവിത ചക്രത്തിലെ വാർദ്ധക്യ കാലഘട്ടത്തിൽ പൗരർക്കർഹമായ മുഴുവൻ സ്ഥാനവും ഉറപ്പു വരുത്തി അവരുടെ ജീവിതം പ്രയോജനപ്രദവും സമാധാന പൂർവ്വവും അന്തസുറ്റതാക്കുകയാണ് ലക്ഷ്യമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട് (Purpose, diginity and peace). ഈ നയത്തിൽ സ്വീകരിച്ചിട്ടുള്ള വിപുലമായ നിലപാടുകൾ ഈ പറയുന്നവയാണ്.

- വാർദ്ധക്യം ജീവിത ചക്രത്തിലെ അവിഭാജ്യമായ ഘടകമാണ് ഒറ്റപ്പെട്ടുനിൽക്കുന്ന ഒന്നല്ല.
- 60 പതിനുശേഷവും വ്യക്തികൾക്ക് ഊർജ്ജസ്വലവും, ക്രിയാത്മകവും, ഉൽപാദനക്ഷമവും, സംതൃപ്തവുമായ ജീവിതം നയിക്കുന്നതിന് അവസരം ഉണ്ടാകണം.
- തലമുറകൾ തമ്മിൽ പരസ്പര ബന്ധത്തിലൂന്നിയ മൂല്യവത്തായ ഒരു സാമൂഹ്യവ്യവസ്ഥിതിയാണ് ലക്ഷ്യം. ഇത് വയോജനങ്ങൾക്ക് സ്വഭവനത്തിൽ ജീവിക്കുന്നതിന് പ്രാപ്തി നൽകണം.
- വയോജനങ്ങൾ രാഷ്ട്രത്തിന്റെ വിലമതിക്കുന്ന വിഭവശ്രോതസ്സാണ്. ആസൂത്രണത്തിലും തീരുമാനങ്ങളെടുക്കുന്നതിലും ഇവർക്ക് അദ്വിതീയ സ്ഥാനം ഉണ്ടായിരിക്കണം.
- സർക്കാർ ബഡ്ജറ്റിൽ വയോജനക്ഷേമത്തിനും ശാക്തീകരണത്തിനും വകയിരുത്തലുകൾ അനിവാര്യമാണ്.

സംസ്ഥാന വയോജന നയം

ഇന്ത്യഗവൺമെന്റിന്റെ വയോജനനയത്തിന്റെ ചുവട് പിടിച്ച് 2006 ൽ കേരളാ ഗവൺമെന്റ് വയോജനനയം പ്രഖ്യാപിച്ചു. സാമൂഹ്യനീതിവകുപ്പിന്റെ 6.5.13 ലെ ജി.ഒ (എം.എസ്) നം.37/2013 പ്രകാരം ആയത് പരിഷ്ക്കരിക്കപ്പെട്ടു. അറുപത് വയസ്സിനുമേൽ പ്രായമുള്ള എല്ലാവരുടേയും താൽപര്യ സംരക്ഷണം സമൂഹത്തിന്റെ ചുമതലയായി സംസ്ഥാനവയോജനനയം അംഗീകരിക്കുന്നു. മുതിർന്ന പൗരർക്ക് അർഹമായ സ്നേഹവും ബഹുമാനവും നൽകുന്നതോടൊപ്പം അവരുടെ ആരോഗ്യം സാമ്പത്തിക സ്ഥിതി എന്നിവക്ക് പ്രത്യേക പരിഗണന നൽകുകയും അവർക്ക് യോജിക്കുന്ന അവസരങ്ങൾ കണ്ടെത്തി അഭിമാനപൂർവ്വം സമൂഹത്തിലെ ഒരംഗമായി കഴിയാനുള്ള സാഹചര്യം ഒരുക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്.

ഈ നയത്തിന്റെ ആമുഖം നിലവിലുള്ള ജനസംഖ്യാകണക്കുകളേയും സാമൂഹ്യ സാമ്പത്തിക ആരോഗ്യ പ്രശ്നങ്ങളേയും കണക്കിലെടുത്തുകൊണ്ടാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഈ നാല്

വിഷയങ്ങളും ആമുഖത്തിൽ സുദീർഘമായി വിവരിച്ചിട്ടുണ്ട്.രണ്ടാം ഭാഗത്ത് ഈ നയസമീപന ത്തിന്റെ വീക്ഷണം എന്തെന്ന് വ്യക്തമാക്കിയിരിക്കുന്നു. മാറികൊണ്ടിരിക്കുന്ന ജനസംഖ്യാവർദ്ധന തലമുറകൾ തമ്മിലുള്ള അന്തരം തുടങ്ങിയവ കണക്കിലെടുത്തുകൊണ്ടാണ് വീക്ഷണരേഖ തയ്യാ റാക്കിയിട്ടുള്ളത്. മൂന്നാം ഭാഗം ആയ ദൗത്യം എന്ന ഭാഗത്ത് സവിശേഷശ്രദ്ധ നൽകേണ്ട വിഷയങ്ങൾ പരാമർശിച്ചിട്ടുണ്ട്. അപ്രകാരം അവസ്ഥാ വിശകലനം കാഴ്ചപാട് ദൗത്യം പ്രത്യേക പരിഗണന നൽകേണ്ട വിഷയങ്ങൾ എന്നിവ കണക്കിലെടുത്തുകൊണ്ടാണ് 23 നയപ്രസ്ഥാവന കൾ തയ്യാറാക്കിയിട്ടുള്ളത്. നയത്തിന്റെ ആറാം ഭാഗത്ത് നയങ്ങൾ നടപ്പാക്കുന്നതിന് സ്വീകരി ക്കേണ്ട കർമ്മപരിപാടികൾ നിർദ്ദേശിച്ചിരിക്കുന്നു. സമ്പത്തിക സുരക്ഷ സംബന്ധിച്ച് 9 നിർദ്ദേശ ങ്ങളും ആരോഗ്യസേവനം സംബന്ധിച്ച് 27 നിർദ്ദേശങ്ങളും ഭവനനിർമ്മാണം എന്ന മേഖലയിൽ 5 നിർദ്ദേശങ്ങളും മുതിർന്നവരുടെ സേവന വിനിയോഗത്തിൽ 5 നിർദ്ദേശങ്ങളും ക്ഷേമ മേഖലയിൽ 4 നിർദ്ദേശങ്ങളും വ്യത്യസ്ത തലമുറകളുടെ സംയോജനത്തിനായി 2 നിർദ്ദേശങ്ങളും മാധ്യമങ്ങളെ സംബന്ധിച്ചിടത്ത് 7 നിർദ്ദേശങ്ങളും അത്യാഹിതങ്ങളും പ്രകൃതി ക്ഷോഭവും കുടുംബം എന്നീ 2 മേഖലകൾ സ്വതന്ത്രമായും നിലനിൽക്കുമ്പോൾ സ്ഥാപനപരമായ സംരക്ഷണം പഞ്ചായത്തു രാജ് സംവിധാനങ്ങൾ സർക്കാരിതര സംവിധാനങ്ങൾ നിയമപരമായ സംരക്ഷണവും സുരക്ഷയും മറ്റു പ്രവർത്തനങ്ങൾ, ഗവേഷണ പ്രോത്സാഹനം എന്നിങ്ങനെ 15 മേഖലകളെ ബന്ധപ്പെടുത്തി കർമ്മപരിപാടികൾ നിർദ്ദേശിച്ചിരിക്കുന്നു. ഏഴാം ഭാഗത്ത് കാര്യനിർവഹണം എന്ന ഘടകത്തിൽ സംസ്ഥാന ജില്ലാതല നടത്തിപ്പു സംവിധാനങ്ങളും മോണിട്ടറിംഗ് സംവിധാനങ്ങളും എപ്രകാര മായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നയപരപാടി സംബന്ധിച്ച ഒരു ലഘു വിവരണം താഴെ കൊടുക്കുന്നു.

സംസ്ഥാന വയോജനരേഖ പ്രകാരം 60 വയസ്സു തികഞ്ഞവരെയാണ് വയോജനങ്ങൾ എന്ന് വിവക്ഷിക്കുന്നത്. ശ്രദ്ധയും പരിചരണവും ആവശ്യമുള്ള വയോജനങ്ങൾക്ക് അതായത് 80 വയസ്സിന് മേൽ പ്രായമുള്ളവർ, വിധവകൾ, അവിവാഹിതർ, അനാഥർ തുടങ്ങിയവർക്ക് ക്രിയാത്മക സേവനങ്ങൾ നൽകണമെന്ന് ഈ നയം വ്യക്തമാക്കുന്നു. പ്രാദേശികതലത്തിലും ഈ നയം തുട രേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നയമനുസരിച്ച് കേരളത്തിലെ മുതിർന്ന പൗരരുടെ പ്രത്യേകതകളെ നാലായി തിരിച്ചിരിക്കുന്നു.

1. ജനസംഖ്യാപരം
2. സാമൂഹ്യം
3. സാമ്പത്തികം
4. ആരോഗ്യം

വയോജനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങളും

വയോജന വികസന മേഖലകളിൽ ഇന്ന് പ്രാദേശിക സർക്കാരുകൾക്ക് ഒട്ടനവധി ഉത്തരവാ ദിത്വങ്ങളുണ്ട്. അധികാര വികേന്ദ്രീകരണം നൽകിയിട്ടുള്ള അവസരങ്ങൾ പ്രത്യേകിച്ച് ധനസ്രോ തസ്സുകളും ഉദ്യോഗസ്ഥസംവിധാനങ്ങളും ഉത്തരവാദിത്വങ്ങളും (ഫണ്ട്, ഫംക്ഷൻ, ഫങ്ക്ഷനറീസ്) എങ്ങിനെ വയോജന ശാക്തീകരണത്തിന് കാര്യക്ഷമമായി ഉപയോഗിക്കാം എന്ന് ചിന്തിക്കേണ്ടി യിരിക്കുന്നു. ഇതിന് വയോജനങ്ങളുടെ തദ്ദേശഭരണസ്ഥാപനങ്ങളിലെ വിവിധങ്ങളായ ആസൂത്രണ പ്രവർത്തനങ്ങളുടെ പങ്കാളിത്തവും സന്നദ്ധ പ്രവർത്തനങ്ങളും പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളാണ്.

കേരളത്തിലെ ഒട്ടനവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വയോജന ശാക്തീകരണ മേഖലയിൽ മാതൃക പരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച് പോരുന്നു. വയോജനക്ഷേമത്തിനായുള്ള നിർബന്ധിത തുക വകയിരുത്തലും വയോജനങ്ങളുടെ തന്നെയുള്ള പങ്കാളിത്ത വേദികളുടെ ശാക്തീകരണവും വയോജനങ്ങൾക്ക് അനുയോജ്യമായ സേവന ശ്രംഖല രൂപപെടുത്താൻ സഹായകരമായിട്ടുണ്ട്. ആരോഗ്യ ഭക്ഷ്യസുരക്ഷ നിയമ പരിരക്ഷ, സ്വയം തൊഴിൽ, വയോജന അയൽകൂട്ടങ്ങൾ വയോജന ഗ്രാമസഭകൾ എല്ലാം തന്നെ ഇതിന്റെ ഉദാഹരണങ്ങളാണ്.

വയോജനങ്ങളുടെ തരംതിരിവുകൾ (Typology)

ദേശീയ വയോജന നയം 1999 പ്രകാരം വയോജനങ്ങളെ താഴെ പറയും പ്രകാരം തരംതിരിച്ചിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് 60 വയസ്സ് കഴിഞ്ഞ എല്ലാവരും ഒരേ വിധത്തിലല്ലെന്നും ഓരോ പ്രായ വിഭാഗങ്ങൾക്കും വ്യത്യസ്ഥമായ പ്രശ്നങ്ങളും ആവശ്യങ്ങളും ഉണ്ടെന്ന് ബോധ്യപ്പെടുത്തുകയുമാണ്

ക്ര. നം	വയോജന വിഭാഗം	പ്രായ വിഭാഗം	ആരാഗ്യ സവിശേഷതകൾ
1	യുവ വൃദ്ധർ	60 - 69	ഭേദപ്പെട്ട ആരോഗ്യം
2	വൃദ്ധർ	70 - 79	വാർദ്ധക്യകാല രോഗങ്ങളും ബലക്ഷയവും
3	വയോവൃദ്ധർ	80 - 89	വാർദ്ധക്യകാല രോഗങ്ങളും ബലക്ഷയവും, മറവി പ്രശ്നങ്ങൾ
4	മഹാവൃദ്ധർ	90 +	സങ്കീർണ്ണമായ ശേഷീശോഷണവും ഓർമ്മ കുറവുകളും

മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട്-2007

മുതിർന്ന പൗരരുടെയും മാതാപിതാക്കളുടെയും ക്ഷേമവും പരിരക്ഷയും ഉദ്ദേശിച്ച് ഭാരതസർക്കാർ 2007 ൽ അംഗീകരിച്ച നിയമമാണ് മെയിന്റനൻസ് ആക്ട്.

സംരക്ഷണ ചിലവ് - തൊഴിലും വരുമാനവുമുള്ള ഏതെങ്കിലും ബന്ധു ട്രൈബൂണൽ നിർദ്ദേശ പ്രകാരം സംരക്ഷണ ചിലവ് നൽകുന്നതിന് ഉപേക്ഷ കാണിച്ചാൽ അവരുടെ ശബളത്തിൽ നിന്നും പ്രസ്തുത തുക ഈടാക്കി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്

വയോജനങ്ങളും ആസൂത്രണ ഇടപെടലുകളും

വയോജനങ്ങൾക്ക് അന്തസ്സും സ്വാതന്ത്ര്യവും ഉറപ്പാക്കുന്ന, സ്വസ്ഥവും സംതൃപ്തവുമായ ശേഷജീവിതകാലം പ്രദാനം ചെയ്യുന്ന ഭരണക്രമമാണ് വയോസൗഹൃദ ഭരണം. വയോജനങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടലുകളാണ് പ്രദേശിക സർക്കാരുകൾ നടത്തേണ്ടത്. ഏതെല്ലാം മേഖലകളിലാണ് തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഇടപെടലുകൾ വേണ്ടിവരുന്നതെന്നു തിട്ടപ്പെടുത്തേണ്ടത് പ്രധാനമാണ്. വയോജന ഗ്രാമസഭയും, വിവരശേഖരണവും ഇതിന് സഹായകരമാവും.

വയോജനസൗഹൃദ തദ്ദേശഭരണം

താഴെ പറയുന്ന മേഖലകളിൽ ഓരോന്നിലും ഏതെല്ലാം പ്രവർത്തനങ്ങളും പ്രോജക്ടുകളും ആവശ്യമാണെന്ന് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശഭരണ സ്ഥാപനം തിട്ടപ്പെടുത്തണം. ഓരോ മേഖലയിലും നേടേണ്ടതായ ലക്ഷ്യങ്ങളും അതിനായി സ്വീകരിക്കേണ്ട തന്ത്രങ്ങളും രൂപ പ്പെടുത്തി ആയിരിക്കണം വയോജന സൗഹൃദ ഭരണത്തിന് തുടക്കം കുറിക്കേണ്ടത്.

1. ആരോഗ്യപരിചരണം, സേവനം - (Enhancing functional ability)
2. സാമൂഹ്യ സുരക്ഷ
3. നിയമസഹായം
4. വയോജന പങ്കാളിത്തം
5. വയോജനസൗഹൃദ ആസൂത്രണം
6. പൊതു ഇടങ്ങൾ, പശ്ചാത്തലങ്ങൾ
7. പൊതുപങ്കാളിത്തം
8. കുടുംബശാക്തീകരണം
9. നൈപുണ്യനവീകരണം
10. വരുമാനദായക സംവിധാനം
11. സാന്ത്വന പരിചരണം
12. സാമൂഹ്യമനോഭാവമാറ്റ വിനിമയം (BCC - IEC)

മാർഗ്ഗരേഖയിൽ ഉൾപ്പെടുന്ന നിർദ്ദേശങ്ങൾ

- വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയറിനും കുറഞ്ഞത് 5% തുക വക യിരുത്തണം
- വയോജന വിവരശേഖരണം (No one is left behind, ലൈഫ് സൈക്കിൾ) - അപഗ്രഥനം പ്രശ്ന വിശകലനം
- ശാരീരിക മാനസീക സാംസ്ക്കാരിക പിൻതുണ സംവിധാനങ്ങൾ - യോഗ പരിശീലനം
- വിനോദകേന്ദ്രം ഉൾപടെയുള്ള വയോജനസൗഹൃദ സംവിധാനങ്ങൾ - പകൽ വീടുകൾ, പകൽ പരിപാലന കേന്ദ്രങ്ങൾ - റിസോഴ്സ് സെന്റർ
- വയോജനങ്ങൾക്കായി പൊതുസ്ഥാപനങ്ങളിൽ തടസ്സവിമുക്ത സംവിധാനങ്ങൾ -(അങ്കണ വാടി, സ്കൂളുകൾ, ആശുപത്രികൾ, ക്ഷേമസ്ഥാപനങ്ങൾ)- റാമ്പ്, കുടിവെള്ളം, ഇരിപ്പിടം ടോയ്ലറ്റ്
- വയോജന കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം
- ജീവിതശൈലീ രോഗപ്രതിരോധം സ്ക്രീനിംഗ് കാര്യക്ഷമമാക്കൽ - മെഡിക്കൽ ക്യാമ്പ് മരുന്ന് വിതരണം
- വയോജനങ്ങൾക്ക് സാധ്യമായ സഹായ ഉപകരണങ്ങൾ

- പകൽവീട് സംവിധാനങ്ങളിൽ ജീവനക്കാരെ നിയമിക്കൽ, പാകം ചെയ്ത ഉച്ചഭക്ഷണം
- ശയ്യാവലംബികളായ രോഗികൾക്ക് ഡോക്ടർ നിർദ്ദേശിക്കുന്ന തരത്തിലുള്ള കട്ടിൽ
- പൊതുഇടങ്ങളെ വയോജനസൗഹൃദമാക്കൽ - പാർക്ക്, ലൈബ്രറി, വയോജനങ്ങൾ ഒത്തുചേരുന്ന മറ്റു ഇടങ്ങൾ - മൾട്ടിലവൽ അങ്കണവാടി
- വയോജന പങ്കാളിത്ത വേദികൾ - വർക്കിംഗ് ഗ്രൂപ്പ്, സ്പെഷൽ ഗ്രാമസഭ, വയോജന അയൽകൂട്ടങ്ങൾ, മാനേജ്മെന്റ് സമിതി
- വയോജന കേന്ദ്രീകൃത നിയമ - സംരക്ഷണ സംവിധാനങ്ങൾ
- പൊതുസമൂഹത്തിന്റ മനോഭാവ മാറ്റത്തിനായി - ഐ ഇ സി സംവിധാനങ്ങൾ

പദ്ധതി ആസൂത്രണ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ

ജി ഒ എസ് നമ്പർ. 11/2018 തസ്വഭവ തിയതി 29/1/18 (പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ)

അനുഛേദം	ഏറ്റെടുക്കാവുന്ന അനുവദിക്കപ്പെട്ട പരിപാടി	റിമാർക്കസ്
5.4.1 (11)	വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയറിനും 5% തുക വകയിരുത്തണം	വയോജനത്തിനനുയോജ്യമായ പ്രൊജക്ടുകൾ ഏറ്റെടുക്കണം
6.5 (2)	ശാരീരിക മാനസീക സാംസ്ക്കാരിക പിൻതുണ സംവിധാനങ്ങൾ	അനുയോജ്യമായ പ്രൊജക്ടുകൾ ഏറ്റെടുക്കണം
6.5(3)	യോഗ പരിശീലനം നൽകുന്ന പ്രോജക്ട്	ആയൂഷ്മായി സഹകരിച്ച്
6.5(4)	വിനോദകേന്ദ്രം ഉൾപടെയുള്ള വയോജനസൗഹൃദ സംവിധാനങ്ങൾ	പകൽവീട്, കലാകേന്ദ്രങ്ങൾ
6.5(5)	വയോജനങ്ങൾക്കായി പൊതുസ്ഥാപനങ്ങളിൽ തടസ്സവിമുക്ത സംവിധാനങ്ങൾ	ആശുപത്രികളിൽ പ്രത്യേക ക്യൂ, റാമ്പ്, കുടിവെള്ളം, ഇരിപ്പിടം മുതലായവ
6.5(7)	വൃദ്ധസദനം (നടത്തിപ്പ് ആവർത്തനചിലവ് എല്ലാം ഉൾപ്പെടുന്ന പദ്ധതി റിപ്പോർട്ട് അംഗീകാരം വാങ്ങണം	നഗര/ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാം
6.5(8)	വയോജന കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം (സാന്ത്വന പരിചരണ മാർഗ്ഗരേഖപ്രകാരം)	സഉ സാധാ. നം.3217/2015 തസ്വഭവ 29-10-2015
6.5(9)	ശാരീരിക പ്രയാസ്സങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് അനുയോജ്യമായ പരിഹാര സംവിധാനങ്ങൾ	സബ്സിഡി മാനദണ്ഡങ്ങൾ പരിശോധിക്കുക
7.7.1(3)	പാലിയേറ്റീവ് പരിചരണ പ്രവർത്തനം ഗ്രാമപഞ്ചാത്തുകൾ/നഗരസഭകൾ	ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് ജില്ല പഞ്ചായത്തുകൾക്ക് സഹായം നൽകാം

7.7.1(4)	ജീവിതശൈലീ രോഗപ്രതിരോധം സ്ക്രീനിംഗ് കാര്യക്ഷമമാക്കൽ	ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം
7.8.3(2)(ീ)	പകൽവീട് അംഗങ്ങളിൽ അർഹതയുള്ളവർക്ക് പാകം ചെയ്ത ഉച്ചഭക്ഷണം	ബി പി എൽ വിഭാഗങ്ങൾക്ക്

*നഗരസഭകൾ സ.ഉ.നം 17/2018 തസ്വഭവ തിയതി 2-2-18 പരിശോധിക്കേൺതാണ്.

സബ്സിഡി ധനസഹായ മാർഗ്ഗരേഖ - സഉ (കൈ) നം. 22/2018 തിയതി 16/2/2018

അനുഛേദം	നിർദ്ദേശങ്ങൾ	റിമാർക്ക്സ്
7.1.2	ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായ ഉപകരണങ്ങൾ	മെഡിക്കൽ ബോർഡ് സർട്ടഫിക്കറ്റിന്റേയും അവശ്യകത നിർണ്ണയത്തിന്റേയും അടിസ്ഥാനത്തിൽ
7.1.13(1)	പകൽവീട് സംവിധാനങ്ങളിൽ ജീവനക്കാരെ നിയമിക്കൽ	നിയമനം കരാർ അടിസ്ഥാനത്തിൽ പ്രതിമാസം 7000 രൂപയിൽ അധികരിക്കാതെ അനുമതിക്ക് വിധേയമായി
7.1.13(2)	വൃദ്ധർക്ക് കട്ടിൽ- യൂണിറ്റ് ചിലവ് 4350 രൂപ	മരത്തടിയിൽ/സ്റ്റീലിൽ പണിത കട്ടിൽ 8 മി.മി കനമുള്ള പ്ലൈവുഡിൽ ഉറപ്പിച്ചത്
7.5.5	യോഗ പരിശീലനം	ആയൂഷ്മായി ചേർന്ന് നടത്തുന്ന പരിശീലനത്തിൽ സെഷൻ 1 ന് 400 രൂപ ക്രമത്തിൽ പ്രതിമാസം 12000 രൂപ
7.8.2(2)	ഹോം കെയർ ടീമിന് ഭക്ഷണചിലവ്	പ്രതിദിനം 250 രൂപ വരെ
7.8.2(4)	പാലിയേറ്റീവ് നഴ്സ് ഹോണറേറിയം	പ്രതിമാസം 15000 രൂപ
7.8.2(5)	ശയ്യാവലംബികളായ രോഗികൾക്ക് ഡോക്ടർ നിർദ്ദേശിക്കുന്ന തരത്തിലുള്ള കട്ടിൽ	പ്രൊജക്ട് നടപ്പാക്കേൺത് ബ്ലോക്ക്/നഗരസഭ
8.10	ഹോണറേറിയം അനുമതി	പകൽവീട്, വൃദ്ധസദനം, കെയർഗിവർ

വയോജനസൗഹൃദ പ്രാദേശികഭരണം പ്രവർത്തിപദത്തിലേക്ക്

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വയോസൗഹൃദ ഭരണം പ്രവർത്തി പദത്തിലേക്ക് എത്തിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ

- വയോസൗഹൃദ തദ്ദേശഭരണം പ്രവർത്തി പദത്തിലേക്ക് എത്തിക്കുന്നതിനായി ഒരു നയമായി ഭരണസമിതി അംഗീകരിക്കുക

- വയോജനങ്ങളെ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുക
- തദ്ദേശസർക്കാർതലത്തിൽ പ്രത്യേക വയോജനഗ്രാമസഭ വിളിച്ചു ചേർക്കേണ്ടതാണ്.
- മുതിർന്ന പൗരന്മാർക്കായുള്ള അയൽകൂട്ടങ്ങൾ / ക്ലബ്ബുകൾ എന്നിവ രൂപീകരിക്കുവാൻ നേതൃത്വം നൽകുക
- വയോസൗഹൃദഭരണം സ്ഥാപിക്കുന്നതിന് തദ്ദേശതല സഹായസമിതിക്ക് രൂപം നൽകുക
- അവസ്ഥ വിശകലനത്തിന്റേയും, ഗ്രാമസഭ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ പ്രശ്ന പരിഹാര പരിപാടികൾ തയ്യാറാക്കണം.വയോജനസൗഹൃദ ലക്ഷ്യരൂപീകരണം
- വയോജന കർമ്മപദ്ധതി
- വയോസൗഹൃദ ഭരണ പ്രാരംഭ വിളംബരം
- ബഡ്ജറ്റ് വകയിരുത്തലും വിവിധ സേവനമേഖലകളുടെ സംയോജിത പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ
- ദൃശ്യയിലെത്തുന്ന പ്രോജക്ടുകൾ - അയൽകൂട്ടങ്ങൾ, പകൽവീടുകൾ, വയോസൗഹൃദപൊതു ഇടങ്ങൾ, സംയോജിത സേവന പ്രോജക്ടുകൾ - ജീവിതശൈലീരോഗപ്രതിരോധം - പങ്കാളിത്തവേദികൾ, യോഗ പരിശീലനങ്ങൾ തുടങ്ങിയവ
- വയോജനങ്ങൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പ്
- പ്രവർത്തനക്ഷമമായ മോണിട്ടറിംഗ് - വിലയിരുത്തൽ - വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ

തദ്ദേശഭരണസ്ഥാപനങ്ങൾ രൂപപ്പെടുത്തുന്ന വിനോദ വിശ്രമകേന്ദ്രം

പകൽ വീട് (വിശ്രമവിനോദ കേന്ദ്രം)

ലക്ഷ്യം

ഒരു പ്രദേശത്തെ വയോജനങ്ങൾക്ക് സ്വതന്ത്രമായി ഒത്തുചേരുന്നതിനും, വിശ്രമിക്കുന്നതിനും, വിനോദങ്ങളിൽ ഏർപ്പെടുന്നതിനും സാധ്യമായ മറ്റു പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും കഴിയും വിധം തദ്ദേശഭരണ സ്ഥാപനം നടപ്പാക്കുന്ന സാമൂഹ്യ കേന്ദ്രമാണ് പകൽ വീട്. ഒരു തദ്ദേശസ്ഥാപനത്തിൽ ഒന്നോ അതിലധികമോ സ്ഥാപനങ്ങൾ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിക്കുകയാണ് ലക്ഷ്യം.

പകൽ വീട് സാമൂഹ്യാധിഷ്ഠിതമായ വയോജന സേവനകേന്ദ്രമാണ്. പകൽ വീടുകൾ ഒരു കുടുംബം പോലെ സ്വാതന്ത്ര്യവും അംഗീകാരവും ആനന്ദവും പകരാൻ കഴിയും വിധം പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തണമെന്നാണ് പ്രതീക്ഷിക്കുന്നത്. (Home)

താഴെ പറയുന്ന മാനദണ്ഡങ്ങളാണ് ഇക്കാര്യത്തിൽ നിർദ്ദേശിക്കുന്നത്.

1. ഭൂ വിസ്തൃതി – കുറഞ്ഞത് 5 സെന്റ് (മുതിർന്ന പൗരന്മാർക്ക് സുരക്ഷിതമായി എത്തിചേരാൻ കഴിയുന്ന സ്ഥലത്തു മാത്രമേ ആരംഭിക്കാവൂ)

2. കെട്ടിടത്തിന് കുറഞ്ഞത് 600 ച അടി വിസ്തീർണ്ണം

3. കുറഞ്ഞത് രണ്ട് ടോയലറ്റുകൾ

4. കെട്ടിടം തടസ്സ വിമുക്തവും ആവശ്യമായ കൈവരികൾ ഉള്ളതും ആയിരിക്കണം

5. കാറ്റും വെളിച്ചവും കടക്കുന്ന വിധത്തിൽ നിർമ്മിച്ചതും, വൈദ്യുതീകരിച്ചതും ജലലഭ്യത ഉറപ്പാക്കുന്നതുമായിരിക്കണം

6. ഫ്ളോറിംഗ് ഗ്രിപ്പുള്ളതും വൃത്തിയുള്ളതും ആയിരിക്കണം

7. മുറ്റം നിരപ്പായതും, പുന്തോട്ടം നിർമ്മിക്കാൻ സാധ്യമായതും ആയിരിക്കണം

8. വയോജനങ്ങൾക്ക് വിശ്രമിക്കാൻ കഴിയും വിധം ഇരിപ്പിടങ്ങളും, ഫർണിച്ചറും (മേശ കസാര അലമാര)

9. വിനോദോപാധികൾ – ടി വി, കാരംസ്, ചെസ്സ് തുടങ്ങിയവ (പത്രം, മാഗസിൻ, പുസ്തകങ്ങൾ മുതലായവ)

10. ഫസ്റ്റ് എയിഡ് ബോക്സ്

11. പ്രവേശന രജിസ്റ്റർ, ഫോറങ്ങൾ, മറ്റു സ്റ്റേഷനറികൾ

12. വൈറ്റ് ബോർഡ്, മാർക്കർ

സ്റ്റാഫ് – വയോസമിതികളിൽ നിന്നും കാര്യശേഷിയുള്ള സന്നദ്ധപ്രവർത്തകരെ പകൽ വീടിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ചുമതല ഏൽപ്പിക്കാം, സത്രീകളും സമിതി നേതൃത്വത്തിൽ ഉണ്ടായിരിക്കണം – സ്ഥാപനം സ്ഥിതി ചെയ്യുന്ന വാർഡ്/ഡിവിഷൻ പ്രതിനിധി സമിതിയുടെ അദ്ധ്യക്ഷനായിരിക്കണം. റസിഡന്റ് അസോസ്സിയേഷൻ, അയൽകൂട്ടങ്ങൾ, മർച്ചന്റ് അസോസ്സിയേഷൻ തുടങ്ങിയവക്ക് പ്രാതിനിധ്യം നൽകാവുന്നതാണ്.

പകൽ വീട് ഒരു റിസോഴ്സ് സെന്റർ

പകൽവീടുകൾ തുടങ്ങിയ വയോജനപങ്കാളിത്ത സംവിധാനങ്ങളെ മറ്റുള്ളവർക്ക് സഹായകമായ നിർദേശങ്ങൾ ഇടപെടലുകൾ സഹായങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള കേന്ദ്രങ്ങളായി നടത്താവുന്നതാണ്. താഴെ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഇതിനാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുവാൻ പ്രാപ്തമാണ്.

- വയോജന അയൽകൂട്ട സമിതി ഓഫീസ് (ക്ലബ്ബ്)
- പാലിയേറ്റീവ് കെയർ സഹായ നിർദ്ദേശങ്ങൾ
- ക്ഷേമ പെൻഷനുകൾ ചികിത്സ പരിപാടികൾ, നിയമ സഹായം എന്നിവക്കുള്ള നിർദ്ദേശം
- പ്രത്യേക മേഖലകളിൽ വൈദഗ്ദ്യമുള്ള മുതിർന്ന പൗരന്മാരുടെ സേവനങ്ങൾ
- പ്രതിമാസ മെഡിക്കൽ ക്യാമ്പുകൾ - റഫറൽ സേവനങ്ങൾ
- കലാകായിക പ്രവർത്തനങ്ങൾ, യോഗ തുടങ്ങിയ പരിശീലനങ്ങൾ
- വയോജന വിവരരേഖകൾ - സാമൂഹ്യ സഹായം
- സാധ്യതകൾക്കനുസരിച്ച് തദ്ദേശസ്ഥാപനത്തിന് ബാധ്യത വരാത്ത തർക്കങ്ങൾ ഉൺാകാത്ത മറ്റു കാര്യങ്ങളും ഏറ്റെടുക്കാം - തദ്ദേശസ്ഥാപനത്തിന്റെ അറിവും സമ്മതവും പ്രവർത്തനങ്ങൾക്ക് ഉറപ്പു വരുത്തണം

പകൽവീട് ഒരു റിസോഴ്സ് സെന്റർ ആയി മാറാൻ ബഹുജനപങ്കാളിത്തം കൂടിയേ തീരു

■■

4



ഭിന്നശേഷി സൗഹൃദ പ്രാദേശിക ഭരണം

മനുഷ്യവംശത്തിന്റെ പ്രാരംഭം മുതൽ അവരെ ക്ലേശിപ്പിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നാണ് വൈകല്യം അഥവ ഭിന്നശേഷി. പ്രാചീന കുടുംബ വ്യവസ്ഥയിലും കാർഷീക സമ്പത്ത് വ്യവസ്ഥയിലും ഭിന്നശേഷിയുള്ളവർക്ക് കുടുംബ സംരക്ഷണം പ്രയാസമുള്ള കാര്യമായിരുന്നില്ല. എന്നാൽ വ്യവസായിക വിപ്ലവത്തിനുശേഷം സാമൂഹ്യ സുരക്ഷക്കപ്പുറം വ്യക്തിഗതമായ പുരോഗതി ലക്ഷ്യമായി മാറിയതോടെ ഭിന്നശേഷിയുള്ള വ്യക്തികൾ സാമൂഹ്യസുരക്ഷാവലയത്തിൽ നിന്നും പുറത്താകുന്നതിന് ആക്കം കൂടി. ഇത് വലിയ മാനുഷീക പ്രശ്നമായി അനുഭവപ്പെടാൻ തുടങ്ങിയതിനെ തുടർന്ന് സാമൂഹ്യ നിന്ദ ഏറെ അനുഭവിക്കേണ്ടിവന്ന മനോരോഗികൾക്കും ബുദ്ധിമാന്ദ്യമുള്ള വ്യക്തികൾക്കും ശാരീരിക വൈകല്യമുള്ളവർക്കും സുരക്ഷാസ്ഥാപനങ്ങൾ സ്ഥാപിക്കപ്പെടാൻ ആരംഭിച്ചു. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും ഭിന്നശേഷിക്കാരുടെ ക്ഷേമ സേവനങ്ങൾ ശ്രദ്ധിക്കപ്പെടുവാൻ തുടങ്ങി. കേരളത്തിൽ പഞ്ചായത്ത് രാജ്/മുനിസിപ്പൽ നിയമങ്ങളിൽ ഇവർക്കായുള്ള സേവനങ്ങൾ പ്രത്യേകം പരിരക്ഷിക്കപ്പെടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്താണ് ഭിന്നശേഷി ?

"ഭിന്നശേഷി എന്നത് കേവലം നിർവചിക്കാൻ കഴിയുന്ന ഒന്നല്ലെന്നും അത് സർവ്വസ്പർശിയായ (അമ്പ്രലാ ടേം) മാനുഷീക മനോഭാവങ്ങളും പാരസ്തിതിക തടസ്സങ്ങളും, വ്യക്തിയിൽ സംജാതമാകുന്ന അംഗഭംഗങ്ങളുമായി ബന്ധപ്പെട്ട് പ്രസ്തുത വ്യക്തികൾക്ക് സമൂഹത്തിൽ മറ്റുള്ളവർക്ക് സമമായി, ഫലപ്രദമായി ഇടപ്പെടുന്നതിനോ പങ്കാളിത്തത്തിനോ സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുന്ന ഒരവസ്ഥയാണ്." എന്ന് ഭിന്നശേഷിക്കാർക്കായുള്ള അന്താരാഷ്ട്ര അവകാശ പ്രഖ്യാപന രേഖ (യു എൻ സി ആർ പി ഡി) പ്രഖ്യാപിച്ചിട്ടുണ്ട്.

ഭിന്നശേഷി – ദേശീയ കാഴ്ചപ്പാട്

തുല്യത, സ്വാതന്ത്ര്യം, നീതി, അന്തസ്സ് എന്നിവ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് ഉൾപ്പടെ മുഴുവൻ പൗരർക്കും ഉറപ്പാക്കുക എന്നത് ഇന്ത്യൻ ഭരണഘടനയുടെ താത്വീക നിലപാടാണ്.

ഭിന്നശേഷിക്കാരായ ഭൂരിപക്ഷം വ്യക്തികൾക്കും തുല്യഅവസരങ്ങളും നല്ല ജീവിത സാഹചര്യങ്ങളും പ്രദാനം ചെയ്താൽ ഏവരേയും പോലെ ഇവർക്കും ഉയർന്ന നിലയിൽ എത്തുവാൻ കഴിയും എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. നിലവിൽ ഉണ്ടായിരുന്ന വൈദ്യശാസ്ത്രപരമായ പുനരധിവാസത്തിനു പകരം സാമൂഹ്യ പുനരധിവാസത്തിന് ഈ നയം ഊന്നൽ നൽകുന്നു. 1995 ലെ ദേശീയ വികലാംഗ നിയമം 1999 ലെ നേഷ്ണൽ ട്രസ്റ്റ് നിയമം 1992 ലെ റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ നിയമം എന്നിവ ഇവരുടെ ജീവിതം വിജയകരമാക്കുന്നതിന് സഹായകരമാകുന്ന ഇടപെടലുകളാണ്. ഇതോടൊപ്പം വിവിധ തരത്തിൽപ്പെട്ട ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും പരിശീലനത്തിനുമായി 7 ദേശീയ സ്ഥാപനങ്ങളും ഭാരത സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

ഭിന്നശേഷി ഉള്ളവർക്കായുള്ള നിയമങ്ങൾ, നയങ്ങൾ

1. ഭിന്നശേഷിയുള്ള വ്യക്തികൾക്കായുള്ള ദേശീയ അവകാശ നിയമം 2016 (The Right of Persons with Disabilities Act 2016)

ഇന്ത്യൻ ഭരണഘടനയുടെ നിയാമക തത്വങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റേയും 2006 ലെ ഭിന്നശേഷിക്കാർക്കായുള്ള അന്താരാഷ്ട്ര അവകാശ ഉടമ്പടിയുടേയും അടിസ്ഥാനത്തിൽ 1995ലെ പേഴ്സൺ വിത്ത് ഡിസബിലിറ്റി ആക്ട് (Person with Disabilities (Equal Opportunities, Protection of Rights and Full Participation) Act 1995)സമുചിതമായ ഭേതഗതികളോടെ 2016 ൽ പുനപ്രഖ്യാപനം ചെയ്തു. ഇപ്രകാരം 2016 ഡിസംബർ 27 ന് പ്രഖ്യാപിച്ച ഭിന്നശേഷി അവകാശ നിയമത്തിൽ 17 അദ്ധ്യായങ്ങളിലായി 102 അനുഛേദങ്ങളും സുവ്യക്തമായ വൈകല്യങ്ങൾ (Specific Disability) സംബന്ധിച്ച ഒരു ഷെഡ്യൂളും നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് നിയമപ്രകാരം ലഭിക്കേണ്ട വിദ്യാഭ്യാസം, ആനുകൂല്യങ്ങൾ, ജോലിസംവരണം, നിയമസംരക്ഷണം തുടങ്ങിയവ നഷ്ടപ്പെടാതിരിക്കാൻ ഫലപ്രദമായ നിയമ നടപടികളും നിയമം തെറ്റിക്കുന്നവർക്കെതിരെ കനത്ത ശിക്ഷാനടപടികളും ആർ പി ഡി ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1995 ലെ ദേശീയ വികലാംഗജന നിയമത്തിലാണ് ഇന്ത്യയിൽ ഭിന്നശേഷി സൗഹൃദസേവനങ്ങൾ അവകാശനിയമമായി പ്രഖ്യാപിക്കപ്പെടുന്നത്. അന്താരാഷ്ട്രതലത്തിൽ 2006 ലാണ് ആദ്യമായി ഭിന്നശേഷിയുള്ള വ്യക്തികൾക്കായുള്ള അന്താരാഷ്ട്ര അവകാശ പ്രഖ്യാപന രേഖ (യുഎൻസി ആർപിഡി) അംഗീകരിക്കപ്പെട്ടത്. ഈ രേഖയിലും ഇന്ത്യ അംഗീകരിച്ച് ഒപ്പുവെക്കുകയും തുടർന്ന് 1995 ലെ PWD ആക്ട് Rights of persons with disabilities act 2016 എന്ന് പുനർ നാമകരണം ചെയ്യപ്പെടുകയും ചെയ്യപ്പെട്ടു.

ഭിന്നശേഷി പട്ടിക (RPWD act -2016)

ഭിന്നശേഷി പ്രധാന വിഭാഗങ്ങൾ	ഭിന്നശേഷി ഉപവിഭാഗങ്ങൾ	ഭിന്നശേഷി വ്യത്യസ്ത തരം
I. ശാരീരിക വൈകല്യങ്ങൾ.	എ. ചലനവൈകല്യങ്ങൾ	1. കുഷ്ഠരോഗവിമുക്തർ
		2. സെറിബ്രൽ പാൾസി
		3. ഡ്വാർഫിസം
		4. മസ്ക്കുലർ ഡിസ്ട്രോഫ്പി
		5. ആസിഡ് അറ്റാക്ക് വിക്ടിം
		6. ചലനവൈകല്യം
	ബി. ദൃശ്യ വൈകല്യങ്ങൾ	1. അന്ധത
		2. ലോവിഷൻ
	സി. ശ്രവണവൈകല്യം	1. ബധിരത
		2. ഹാർഡ് ഓഫ് ഹിയറിംഗ്
		3. ഭാഷണ-ഭാഷാ വൈകല്യം
II. ബൗദ്ധീക വൈകല്യങ്ങൾ	എ. ഭൗതീക വെല്ലുവിളികൾ	1. സുവ്യക്ത പഠന വൈകല്യങ്ങൾ
		2. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ
		3. ഭൗതീക വെല്ലുവിളികൾ
III.വിഭ്രാന്തി (Mental Behavier)	എ. മനോവ്യവഹാര വൈകല്യങ്ങൾ	1. മനോരോഗം
IV.വ്യത്യസ്ത കാരണങ്ങളാലുള്ള വൈകല്യങ്ങൾ	എ. നാഡീസംബന്ധമായ അവസ്ഥ	1. മൾട്ടിപ്പിൾ സ്ലീറോസിസ്
		2. പാർക്കിൻസൺ ഡിസീസ്
	ബി. രക്തവുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ	1. ഹീമോഫീലിയ
		2. തലാസീമീയ
		3. സിക്കിൾസെൽ അനീമിയ
V. മൾട്ടിപ്പിൾ ഡിസബിലിറ്റീസ്	ബഹുമുഖ വൈകല്യങ്ങൾ	1. ഡഫ് - ബ്ലൈന്റ്

വൈകല്യങ്ങളുടെ കാഠിന്യമനുസരിച്ചുള്ള (നിലവാരം) തരംതിരിവുകൾ

- ഹൈസപ്പോർട്ട് അഥവ നിരന്തരം സഹായം ആവശ്യമായ ഗ്രൂപ്പ് -80 ശതമാനത്തിലധികം അംഗപരിമിതി ഉള്ളവർ
- ബഞ്ച് മാർക്ക് അംഗപരിമിതി - 40 ശതമാനത്തിൽ കുറയാതെ നിശ്ചിത മാനദണ്ഡപ്രകാരം അംഗപരിമിധി ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള വ്യക്തി

മെന്റൽഹെൽത്ത് ആക്ട്, 1987

മാനസിക അസുഖമുള്ളവരുടെ (മെന്റലി ഇൽ) അവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള നിയമമാണിത്. അവരുടെ ചികിത്സയും പരിചരണവും ഉറപ്പു വരുത്തുക, സ്വത്തിന് സംരക്ഷണം നൽകുക തുടങ്ങിയ കാര്യങ്ങളുമായി ഈ നിയമം ബന്ധപ്പെടുന്നു.

റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട്, 1993

വികലാംഗ പുനരധിവാസരംഗത്തുള്ള സ്ഥാപനങ്ങൾ, വിദഗ്ദ്ധർ, പരിശീലനങ്ങൾ, വ്യക്തികൾ തുടങ്ങിയ വിഷയങ്ങൾ ഇതിന്റെ പരിധിയിൽ വരുന്നു.

കേരളസംസ്ഥാന ഭിന്നശേഷി നയം

ദേശീയ ഭിന്നശേഷി നയത്തിന് സമാനമായി കേരള സംസ്ഥാനവും തനതായ ഭിന്നശേഷി സൗഹൃദനയം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നയം അവരുടെ മുഖ്യ പ്രശ്നങ്ങളെ താഴെ പറയും പ്രകാരം കണ്ടെത്തിയിട്ടുണ്ട്.

ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ

- അവഗണന
- ആരോഗ്യപ്രശ്നങ്ങൾ
- വിദ്യാഭ്യാസ പ്രശ്നങ്ങൾ
- വരുമാനപ്രശ്നങ്ങൾ
- ചലനശേഷി, ബുദ്ധിവികാസം, അന്ധത, ബധിരത
- തൊഴിൽ പരിശീലനം
- ചൂഷണം
- വൈകല്യം തിരിച്ചറിയലും മെഡിക്കൽ സർട്ടിഫിക്കറ്റും
- പ്രാപ്തി വളർത്തിയെടുക്കുന്നതിനുള്ള സൗകര്യമില്ലായ്മ

പ്രാദേശിക സർക്കാരിന്റെ ഭിന്നശേഷിയുമായി ബന്ധപ്പെട്ട ഇടപെടൽ സാധ്യതകൾ

നമ്മുടെ രാജ്യത്തെ 50% വൈകല്യങ്ങളും തടയാൻ കഴിയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ശുദ്ധജലം നല്ല വായു പൂർണ്ണമായ പ്രതിരോധചികിത്സ, പോഷകാഹാരം ഗർഭകാല പരിരക്ഷണം എന്നിവ ശരിയാം വണ്ണം ഉറപ്പാക്കുകയാണ് ഇതിനുള്ള മാർഗ്ഗം അപകടങ്ങൾ അത്യാഹിതങ്ങൾ ഒഴിവാക്കുക തൈറോയിഡ് രോഗങ്ങൾ പകർച്ചവ്യാധികൾ എന്നിവയും വൈകല്യബാധക്ക് കാരണമാണ്. ഈ രംഗത്ത് ലഭ്യമായ പദ്ധതികളും പരിപാടികളും വിജയിപ്പിക്കുന്നതിനും സേവനവിടവുകൾ ഇല്ലാതാക്കുന്നതിനുമുള്ള ശ്രമമാണ് വൈകല്യബാധ പ്രതിരോധത്തിനായി പ്രാദേശിക സർക്കാരുകൾക്ക് നിർവ്വഹിക്കാൻ കഴിയുന്ന ചുമതല.

തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള പദ്ധതി പൊതുസമീപനം, മുൻഗണന

- പാർശ്വവൽക്കരിക്കപ്പെട്ടവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ മുഴുവൻ വിഭാഗങ്ങൾക്കും സവിശേഷ പരിഗണന നൽകുക
- ഭിന്നശേഷി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവരുടെ വികസന പ്രശ്നങ്ങൾക്ക് പ്രൊജക്ട് നിർദ്ദേശങ്ങൾ രൂപപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തുതലത്തിൽ പ്രത്യേക യോഗം ചേരുക
- പ്രത്യേക പദ്ധതികൾ പട്ടികജാതി ഉപപദ്ധതി പട്ടിക വർഗ്ഗ ഉപപദ്ധതി, വനിത ഘടകപദ്ധതി സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്നിവക്കായി പ്രത്യേക ഭാഗങ്ങൾ പദ്ധതി

രേഖയിൽ ഉണ്ടായിരിക്കണം.

- ⇨ അഞ്ചു ശതമാനം തുക കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗ വിഭാഗം എന്നിവരുടെ വികസനത്തിന് നിർബന്ധമായും വകയിരുത്തണം.

- ⇨ ബഡ്സ് സ്കൂളുകളും ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ഇവ ആരംഭിക്കാവുന്നതാണ്. പുതുതായി ആരംഭിക്കുന്ന ബഡ്സ് സ്കൂളുകളിൽ സർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പാലിച്ചു വേണം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത്. ഇതിനായി ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.

- ⇨ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവർക്ക് ഏറ്റെടുക്കാവുന്ന മുഴുവൻ പദ്ധതികളും നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

- ⇨ ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നൽകുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കണം- ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് ഈ പ്രോജക്ടുകൾക്കായി വിഹിതം നൽകാവുന്നതാണ്. ഒരു പ്രാവശ്യം ഉപകരണം നൽകിയവർക്ക് ആ ഉപകരണത്തിന്റെ ഉപയോഗ കാലാവധി തീരുന്നതിനുമുമ്പ് വീണ്ടും ഉപകരണം നൽകാൻ പാടില്ല. സർക്കാർ സർവീസിലുള്ള ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ആയിരിക്കണം ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്തേണ്ടത്.

- ⇨ ഭിന്നശേഷിയുള്ളവർക്കുവേണ്ടി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

- ⇨ ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്ക്കോളർഷിപ്പും ബത്തയും നൽകുന്ന പ്രോജക്ട് കുട്ടികൾക്കായുള്ള പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്താൻ പാടില്ല.

ദുരന്ത നിവാരണവും ഭിന്നശേഷിയും

പ്രകൃതിദത്തമായോ മനുഷ്യജന്യമായോ പല സാഹചര്യങ്ങളിലും മനുഷ്യർ ദുരന്തങ്ങൾ നേരിടുന്നുണ്ട്. പേമാരിയും കൊടുംങ്കാറ്റും സുനാമിയും ഉരുൾപൊട്ടലും പോലുള്ള പ്രകൃതി പ്രതിഭാസങ്ങൾ, തീപിടുത്തം വാഹനാപകടം പോലുള്ള സർവ്വ സാധാരണമായ ദുരന്തങ്ങളും മനുഷ്യരെ ബാധിക്കുന്നു. സാധാരണയിൽ നിന്നും വ്യത്യസ്തമായി ഭിന്നശേഷിക്കാരും കുട്ടികളും ദുരന്തങ്ങളാൽ ഏറെ ക്ലേശിക്കേണ്ടി വരുന്നുണ്ട്. അതുകൊണ്ട് തന്നെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് പെരുമാറ്റചട്ടം (പ്രോട്ടോകോൾ) രൂപപെടുത്തുമ്പോൾ കുട്ടികളുടേയും ഭിന്നശേഷിക്കാരുടേയും വയോജനങ്ങളുടേയും പ്രത്യേകതകൾ പരിഗണിച്ചുള്ള രക്ഷാപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതാണ്. ഇതോടൊപ്പം ഇവരെ സ്വയം രക്ഷപെടുന്നതിനുള്ള ബോധന പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

- ☐ കുട്ടികളേയും ഭിന്നശേഷിക്കാരേയും രക്ഷാപ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും പുനരധിവാസവും സംബന്ധിച്ച കാര്യങ്ങളിൽ പങ്കാളികളാക്കുക

- ☐ അവരുടെ സംരക്ഷണം ഭക്ഷണം ആരോഗ്യം സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുക

- ☐ ഭിന്നശേഷിക്കാരുടെ പങ്കാളിത്ത വേദികളെ ഈകാര്യത്തിൽ പ്രാപ്തരാക്കുക - സ്വയം പഠനരീതി നടപ്പാക്കുക

- ☐ തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ വിഭാഗങ്ങൾക്കായി അനുവദിക്കാവുന്ന സാമ്പത്തിക ആനുകൂല്യങ്ങളും അനുബന്ധ സാമഗ്രികളും സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ നൽകുന്നു

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സമഗ്ര പദ്ധതി

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കൃത്യമായ സ്ഥിതി വിവരകണക്കുക ളുടെ അടിസ്ഥാനത്തിൽ ഓരോരുത്തരും നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് തിരി ച്ചറിഞ്ഞ ശേഷം അതിന് ഹ്രസ്വകാല-ദീർഘകാല അടിസ്ഥാനത്തിൽ പരിഹാരം കാണും വിധം ഒരു പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതും അത് പദ്ധതി രേഖയിലെ ഭാഗമാക്കേണ്ടതുമാണ്. സംയുക്ത പ്രൊജക്ടുകൾക്കായി പ്രതീക്ഷിക്കുന്ന ഫണ്ട് വിഹിതം ബ്ലോക്ക് ജില്ല പഞ്ചായത്തു കളെ അറിയിക്കുന്നതിന് ആവശ്യമായ പട്ടികയും പ്രത്യേകം ഉൾപ്പെടുത്തണം.

പദ്ധതി തയ്യാറാക്കുമ്പോൾ വിവിധ സ്ഥാപനങ്ങൾ (ഉദാ: അങ്കണവാടി, സ്കൂൾ, ആശുപത്രി മുതലായവയും) സാമൂഹ്യനീതി കെ എസ് എസ് എം തുടങ്ങിയവ നൽകിവരുന്ന വിവിധ സേവ നങ്ങളും ഏകോപിപ്പിക്കേണ്ടതുണ്ട്. മാത്രമല്ല സബ്സിഡി-ധനസഹായ നിബന്ധനങ്ങൾ പരിഗ ണിക്കുമ്പോൾ പൊതുപണം വിനിയോഗിച്ച് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾക്കായി വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ ഉദാരമതികളായ വ്യക്തികൾ എന്നിവരുടെ സഹായം തേടേണ്ട തായും വരും. ഇവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ളതായിരിക്കണം പദ്ധതികൾ.

ഭിന്നശേഷി അവകാശാധിഷ്ഠിത വികസന ഇടപെടലുകൾ

- ഭിന്നശേഷി വിവരശേഖരണം
- വൈകല്യമുള്ളവരെ കണ്ടെത്തി ആരോഗ്യ-സാമൂഹ്യനീതിവകുപ്പുകളുടെ സഹായത്തോടെ ഇവരുടെ വൈകല്യം തിട്ടപ്പെടുത്തുക(Early detection program).
- വിദ്യാഭ്യാസം സമ്പൂർണ്ണമാക്കുന്നതിന് ഭിന്നശേഷി സ്കോളർഷിപ്പ് ,സ്റ്റൈപ്പന്റ്, പഠനോ പകരണങ്ങൾ എന്നിവ ഉറപ്പാക്കുക
- ചലനം, പഠന- ശ്രവണ സൗകര്യങ്ങൾക്കുള്ള ഉപകരണങ്ങൾ നൽകുക (ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ).
- തടസ്സ വിമുക്ത പശ്ചാത്തല വികസനം പൊതുസ്ഥാപനങ്ങളിലും പൊതുഇടങ്ങളിലും ഏർപ്പെടുത്തുക
- ബഡ്സ് സംവിധാനങ്ങൾ നിർമ്മിക്കുക ഏർപ്പെടുത്തുക
- പ്രത്യേക ചികിത്സ, മെഡിക്കൽ ക്യാമ്പ്, ഉപകരണ നിർണ്ണയ ക്യാമ്പ് ഏർപ്പെടുത്തുക
- വിവിധ നിയമങ്ങളെ സംബന്ധിച്ച് ബോധവൽകരണം - ഗാർഡിയൻഷിപ്പ് ഉറപ്പാക്കൽ
- മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ് എന്നിവ ഉറപ്പാക്കുക
- വിവിധ വകുപ്പുകളിൽ നിന്നുള്ള ധനസഹായങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക.
- ശക്തമായ മോണിറ്ററിംങ്ങ് സംവിധാനം ഏർപ്പെടുത്തുക
- സ്വയംതൊഴിലിന് പരിശീലനങ്ങൾ നൽകുക
- തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക (പഞ്ചായത്തുകളുടെ നേതൃത്വത്തിൽ)

ബഡ്സ് സ്കൂൾ

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസം, പകൽസമയ പരിചരണം, തൊഴിൽ പരിശീലനം എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ബഡ്സ് സ്കൂൾ തുടങ്ങാവുന്നതാണ്.

ജി ഒ എം എസ് നമ്പർ 144/2013എൽഎസ് ജിഡി തിയതി 6/4/2013 ഉത്തരവിലെ നിബന്ധന കൾ പാലിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റ റുകൾ ആരംഭിക്കാവുന്നതാണ്.

സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ - ഈ സ്ഥാപനങ്ങളിൽ ചികിത്സ തേടു ന്നവർക്ക് വകുപ്പ് തലത്തിൽ മരുന്ന് ലഭ്യമല്ലെങ്കിൽ ജില്ല പഞ്ചായത്തിന് സാമൂഹ്യ നീതി മുഖേന മരുന്നിനുള്ള തുക നൽകാവുന്നതാണ്. ഇതോടൊപ്പം താഴെ പറയുന്ന സ്ഥാപനങ്ങൾ കൂടി ആരംഭിക്കുന്നതിന് നിർദ്ദേശം ഉണ്ട്

- ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ
- ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ
- ഭിന്നശേഷിക്കാരായ കുട്ടികളുടെ തദ്ദേശസ്ഥാപന കലാകായിക മത്സരങ്ങൾ
- ഭിന്നശേഷി വിഭാഗക്കാർക്കായി പ്രത്യേക ഗ്രാമസഭ
- ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കികൊണ്ട് അവർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തലാണ് ഈ ഗ്രാമസഭകൊണ്ട് ഉദ്ദേശിക്കു ന്നത്.
- ഭിന്നശേഷിക്കാരുടെ ദീർഘകാലവികസനത്തിനും പുനരധിവാസത്തിനും സമഗ്രപദ്ധ തിക്കും രൂപം നൽകുക
- ഭിന്നശേഷിക്കാരുടെ വ്യവസ്ഥാപിതമായ അവകാശങ്ങൾ സംരക്ഷിക്കുക

1. **പങ്കാളികൾ** - ഭിന്നശേഷിക്കാരായ എല്ലാ അംഗങ്ങളും
2. **ക്ഷണിതാക്കൾ**
   - വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രതിനിധികൾ
   - സംഘടനാപ്രതിനിധികൾ
   - ആശാവർക്കർ, അങ്കണവാടി പ്രവർത്തകർ, പാലിയേറ്റീവ് നഴ്സ്, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ
3. **സംഘാടനം** - പഞ്ചായത്ത് ഭരണസമിതി, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി
4. **വിളിച്ചുകൂട്ടുന്നത്** - ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ,

5. **അദ്ധ്യക്ഷൻ** – പ്രസിഡന്റ്

6. **യോഗം** – വർഷത്തിൽ ഒരിക്കൽ

പ്രസ്തുതഗ്രാമസഭയുടെ തീരുമാനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം.

സംസ്ഥാന സർക്കാർ പദ്ധതികൾ

1. **കേരള സാമൂഹ്യ സുരക്ഷാമിഷൻ**

   ⇨ വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാംമ്പ്

   ⇨ ശ്രുതിതരംഗം – കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി

2. **കേരള സാമൂഹ്യ നീതി വകുപ്പ്**

   ⇨ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ആരും പരിപോഷിപ്പിക്കുവാൻ ഇല്ലാത്ത കുട്ടികൾക്കായി സ്ഥാപനങ്ങൾ നടത്തി വരുന്നു. കുട്ടികൾക്കായുള്ള വികലാംഗസദനം, ഹോം ഫോർ ദി മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ, പ്രതീക്ഷാഭവൻ, പ്രത്യാശാഭവൻ തുടങ്ങിയ സ്ഥാപനങ്ങൾ പല ജില്ലയിലും പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്കും പ്രവേശനത്തിനും സാമൂഹ്യനീതി ജീല്ലാ ഓഫീസറെ ബന്ധപ്പെടേണ്ടതാണ്.

   ⇨ ഭിന്നശേഷി തിരിച്ചറിയൽ കാർഡ്

   ⇨ ഭിന്നശേഷി ദിനാചരണം

   ⇨ പ്രാഗ്ത്ഭ്യമുള്ള ഭിന്നശേഷി ജീവനക്കാർക്ക് അവാർഡ്

3. **കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ**

   ⇨ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിന് വളരെ കുറഞ്ഞ പലിശ നിരക്കിൽ ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ധനസഹായം നൽകുന്നുണ്ട്.

4. **കേരള ആരോഗ്യ വകുപ്പ്**

   ⇨ ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്റർ – ജില്ലാ ആശുപത്രികളോടനുബന്ധിച്ച് ഇളം പ്രായക്കാരായ കുട്ടികളുടെ വികസന വ്യതിയാനങ്ങൾ തിട്ടപ്പെടുത്തി, വൈകല്യ നിർണ്ണയം നടത്തി ആവശ്യമായ ന്യൂനതാ പരിഹാര ഇടപെടലുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ നൽകുന്നതിനുള്ള സംവിധാനം

5. **കുടുംബശ്രീ മിഷൻ**

   ⇨ ബഡ്സ് സ്കൂൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായവും

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ

ജി ഒ എസ് നമ്പർ. 11/2018 തസ്വഭവ തിയതി 29/1/18 (പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ)

അനുഛേദം	ഏറ്റെടുക്കാവുന്ന അനുവദിക്കപ്പെട്ട പരിപാടി
6.4(1)	ക്ഷേമത്തിനും വികസനത്തിനും വേണ്ടി സമഗ്രപദ്ധതി
6.4.(3)	എല്ലാ സർക്കാർ സ്ക്കൂളുകളിലും ആനുപാതിക ടോയലെറ്റ്
6.4.(4)	കുട്ടികളിലെ വൈകല്യങ്ങൾ കാലേക്കൂട്ടി കണ്ടെത്തൽ ഡി ഇ ഐ സി
6.4.(8)	സ്ക്കോളർഷിപ്പ് ബത്ത എന്നിവ 5% നിർബന്ധ ഫണ്ടിൽ ഉൾപ്പെടുത്താൻ പാടില്ല
6.4.(9)	ഭിന്നശേഷിയുള്ളവർക്കുവേണ്ടി ക്ഷേമ പുനരധിവാസ ക്ഷേമ പരിപാടികൾ ഏറ്റെടുക്കാവുന്നതാണ്.
6.4.(10)	ഒരു പ്രാവശ്യം ഉപകരണം ലഭിച്ചവർക്ക് കാലാവധി കഴിയും മുമ്പ് വീണ്ടും ഉപകരണം നല്കാൻ പാടില്ല
6.4.(11)	സർക്കാർ സർവീസിലുള്ള ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറായിരിക്കണം ആവശ്യകതാ നിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തേണ്ടത്
6.4.(12)	ഭിന്നശേഷിയുള്ളവർക്ക് തൊഴിൽ പരിശീലനം
6.5.(9)	ശാരീരിക പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് അനുയോജ്യ ഉപകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.
7.8.1(2)	ബഡ്സ് സ്ക്കൂളുകൾ /ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കാം
7.8.1(2)	ബഡ്സ് സ്കൂളുകൾ പുനരധിവാസ കേന്ദ്രങ്ങൾ എന്നിവ നിർക്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ച് സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.
7.8.1.2(2)	അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന ഗ്രാമ പഞ്ചായത്തിന്റെ സമ്മതത്തോടെ ബ്ലോക്ക് ജില്ല പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം
7.8.1.(3)	ബഡ്സ് കേന്ദ്രത്തിലെ അവകാശികൾക്ക് അവകാശപ്പെട്ട സ്വത്തുക്കൾ സംരക്ഷണം ഏറ്റെടുക്കുന്ന സ്ഥാപനങ്ങൾ കൈമാറാം
7.8.3(5)	ബഡ്സ്/ബിആർസി അന്തേവാസികൾക്കും പോഷകാഹാരവും ഉച്ചഭക്ഷണവും കുടുംബശ്രീ മുഖേന പാചകം ചെയ്ത് നല്കാവുന്നതാണ്.
5.2.3	പട്ടിക വർഗ്ഗ ഉപപദ്ധതി പ്രകാരം ഭിന്നശേഷിക്കാർ അംഗങ്ങളായ കുടുബങ്ങൾക്ക് പ്രത്യേക പരിഗണന നൽകാവുന്നതാണ്

സബ്സിഡിമാർഗ്ഗരേഖനിർദ്ദേശങ്ങൾ

സ.ഉ(കൈ)നം.22/2018/തസ്വഭവ 14.02.2018

7.1.1.(1)	ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് എ പി എൽ, ബി പി എൽ വേർതിരിവില്ലാതെ 100% ആനുകൂല്യങ്ങൾ
7.1.2	സഹായ ഉപകരണങ്ങൾ നൽകൽ
7.1.3	ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കൽ- ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് റിഫ്രഷ്മെന്റ് ചാർജ്ജുകളും 250 രൂപ വരെ യാത്രാബത്തയും

7.1.3(5)	മുമ്പ് നൽകിയിട്ടുള്ള ഉപകരണങ്ങൾ ഇതര ഏജൻസികൾ നൽകുന്ന ഉപകരണങ്ങൾ ഇവ തിട്ടപ്പെടുത്തി ഇരട്ടിപ്പ് ഒഴിവാക്കി ഉപകരണ വിതരണം നടത്തേണ്ടതാണ്
7.1.4	ഉപകരണങ്ങൾ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് വാങ്ങി നൽകാവുന്നതാണ്. (3) ടെണ്ടർ കൂടാതെ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നവ വാങ്ങാവുന്നതാണ്.
7.1.4.4	മെഡിക്കൽ ഓഫീസർ ഉപയോഗക്ഷമത സാക്ഷ്യപ്പടുത്തി ഉപകരണങ്ങൾ വാങ്ങുന്ന പ്രോജക്ടുകൾ ഐ സി ഡി എ സ് സൂപ്പർവൈസർ, സി ഡി പി ഒ, സാമൂഹ്യനീതി ഓഫീസർ എന്നിവർ നിർമ്മാണ ഉദ്യോഗസ്ഥരായിരിക്കണം
7.1.6	ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
7.1.6.ബി	മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
7.1.6.സി	ഡെകെയർ സെന്ററുകളിൽ പോകുന്ന മാനസികവെല്ലുവിളികൾ നേരിടുന്നവർ
7.1.6.ഡി	മാനസീക വെല്ലുവിളികൾ നേരിടുന്നവർ വിദ്യാലയങ്ങളിലോ ഡെകെയർ സെന്ററുകളിലോ പോകാൻ സാധിക്കാത്ത 18 ൽ താഴെയുള്ളവർ
7.1.8	ബഡ്സ് സ്കൂൾ ഹോണറേറിയം
7.1.14	ഭിന്നശേഷിക്കാരായ കുട്ടികളുടെ കായികകലാ മത്സരങ്ങൾ

■■

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുഭവ പാഠങ്ങൾ

1. ബാലസൗഹൃദ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുഭവ പാഠങ്ങൾ

ബാലസൗഹൃദ കോട്ടക്കൽ നഗരസഭ

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ ഉൾപ്പെട്ട കോട്ടക്കൽ നഗരസഭ 2010 വരെ ഗ്രാമപഞ്ചായത്തായിരുന്നു. 2010 നവംബർ 1 മുതൽ നഗരസഭ ആയി മാറി. 32 വാർഡുകളും 48342 ജനസംഖ്യയും ഉണ്ട്. 20.43 ച.കി വിസ്തൃതിയാണ് നഗരസഭയ്ക്കുള്ളത്.

കോട്ടക്കൽ നഗരസഭയെ ബാലസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് കിലയിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനത്തോടെയാണ്. കോട്ടക്കൽ നഗരസഭ ബാലസൗഹൃദമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് ഭരണസമിതി യോഗം അംഗീകാരം നൽകി. തുടർന്ന് ഇതൊരു പൊതുജന ക്യാമ്പെയിൻ ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ കിലയുടെ മെന്ററുടെ കൂടി സഹായത്തോടെ ആരംഭിച്ചു. കുട്ടികളുടെ മേഖലയുമായി ബന്ധപ്പെട്ട അവസ്ഥാപഠനം, കുട്ടികളുടെ ഗ്രാമസഭ എന്നിവ പങ്കാളിത്തത്തോടെ നടത്തുകയുണ്ടായി.

ജനസംഖ്യ – 48342

പുരുഷന്മാർ – 24562

സ്ത്രീകൾ – 23780

പട്ടികജാതി ആകെ – 1256

പുരുഷന്മാർ – 609

സ്ത്രീകൾ – 647

ആകെ വീടുകളുടെ എണ്ണം– 8320

കുട്ടികളുടെ എണ്ണം	ആൺ	പെൺ	ആകെ
0 മുതൽ 5 വയസ്സ് വരെ	966	929	1895
5 മുതൽ 10 വരെ	966	892	3858
10 മുതൽ 18 വരെ	7264	5943	13207
ആകെ	**10196**	**8764**	**18960**

ഭിന്നശേഷിക്കാരായ കുട്ടികൾ	ആൺ	പെൺ	ആകെ
0 –18	47	31	78

അങ്കണവാടികൾ

ആകെ – 38

സ്വന്തം കെട്ടിടം – 23

താല്ക്കാലികം – 15

ശൗചാലയങ്ങൾ ഉള്ളത് – 32

ജലലഭ്യത ഉള്ളത് – 26

സ്ക്കൂളുകൾ

ആകെ സ്ക്കൂളുകൾ	- 21
കെട്ടിടം ഉള്ളത്	- 21

ബാലസൗഹൃദ പൊതുവേദികൾ

പൊതുലൈബ്രറി	- 1
കുട്ടികളുടെ ലൈബ്രറി	- 38
പൊതുകളി സ്ഥലം	- 1
കുട്ടികളുടെ പാർക്ക്	- 1
ജാഗ്രതാസമിതി	- 33 (32+1)

അവസ്ഥാ വിശകലനത്തിൽ നിന്നും ബോധ്യപ്പെട്ടത്

- ലിംഗാനുപാതം സംസ്ഥാനശരാശരിയെക്കാൾ വളരെ കുറവായി കാണുന്നു.
- 1000 പുരുഷൻ /972
- 0-6 കുട്ടികളുടെ ലിംഗാനുപാതം 1000 ആൺകുട്ടി/973 പെൺകുട്ടി
- ഭിന്നശേഷിക്കാരായ കുട്ടികൾക്കും പ്രത്യേക പരിരക്ഷ ആവശ്യമാണ്
- അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം ഉണ്ടാവേണ്ടതുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങളും

കുട്ടികളുടെ ഗ്രാമസഭകൾ

കുട്ടികളുടെ ഗ്രാമസഭകൾ 32 വാർഡുകളിലായി നടന്നു. ചിട്ടയായ പ്രചരണം, സംഘാടനം എന്നിവ ഉറപ്പ് വരുത്തി.

ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ

- ചെറിയ കുട്ടികൾക്ക് ആവശ്യമായ കുത്തിവെയ്പ്പുകൾ ആരോഗ്യ കേന്ദ്രങ്ങൾ കൃത്യസമയത്ത് നൽകുക
- അങ്കണവാടികൾ ഹൈടെക് ആക്കൽ
- നഗരസഭയിൽ വലിയ കുളം നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക
- മുലയൂട്ടുന്ന അമ്മമാർക്ക് ആവശ്യമായ പോഷകാഹാരം നൽകുക
- ഹാൻസ്, പാൻപരാഗ്, പുകയില പോലെയുള്ള ലഹരി വസ്തുക്കൾ രഹസ്യമായി വില്പന നടത്തുന്നത് അന്വേഷിച്ച് തടയുക
- ഫുട്ബോൾ, ക്രിക്കറ്റ് കിറ്റുകൾ, കുട്ടികൾക്ക് നൽകുക
- ഭിന്നശേഷിയുള്ള കുട്ടികൾക്കാവശ്യമായ സൗകര്യം ഒരുക്കുക, കുടിവെള്ള ക്ഷാമം ദീർഘവീക്ഷണത്തോടെ പരിഹരിക്കുക
- കുട്ടികൾക്ക് കളിസ്ഥലങ്ങൾ നിർമ്മിക്കുക
- വായനശാലകളും വിശ്രമകേന്ദ്രങ്ങളും സ്ഥാപിക്കുക
- കുട്ടികളിലെ മാനസിക സംഘർഷം കുറയ്ക്കാൻ കൗൺസിലിംഗ് നൽകുക
- കുട്ടികൾക്ക് ജൈവകൃഷിയിൽ പരിശീലനം നൽകുക

- കുട്ടികളിലെ മൊബൈൽ ഫോൺ ദുരുപയോഗം തടയുക
- പ്ലാസ്റ്റിക്ക് ക്യാരിബാഗ് നിരോധിക്കുക
- സ്ക്കൂൾ ബാഗുകളുടെ അമിതഭാരം കുറയ്ക്കുക
- കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുക
- അങ്കണവാടികളിൽ ടി.വി സ്ഥാപിക്കുക
- കുട്ടികളിൽ മതസൗഹാർദ്ദം കാത്തു സൂക്ഷിക്കാനാവശ്യമായ പ്രവർത്തനം നടത്തുക
- ബാലവേല തടയുക
- സംശയകരമായ സ്ഥലങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കുക
- പത്താം ക്ലാസ്സിന് ശേഷം പെൺകുട്ടികളുടെ തുടർപഠനം ഉറപ്പ് വരുത്തുക
- അവധിക്കാലത്ത് ഡാൻസ്, ഡ്രോയിംഗ്, മ്യൂസിക്ക് തുടങ്ങിയവയിൽ പരിശീലനം നല്കുക

കുട്ടികൾക്കായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

- എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തി
- രോഗപ്രതിരോധ പ്രവർത്തനങ്ങൾ 100 % ആക്കുന്നതിനായി സമഗ്ര ആരോഗ്യ പരിപാടി എല്ലാ വാർഡിലും നടപ്പിലാക്കി വരുന്നു.
- കോട്ടക്കൽ ശിശു സൗഹൃദ ആശുപത്രിയിൽ 3.50 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ
- ഇംഗ്ലീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സമഗ്രപദ്ധതി
- 3500 വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഡിക്ഷണറി നല്കി
- പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ, പഠനോപകരണങ്ങൾ വിതരണം ചെയ്തു
- അങ്കണവാടി കെട്ടിടം, അടിസ്ഥാന സൗകര്യ വികസനം
- സ്ക്കൂൾ കെട്ടിടം, അടിസ്ഥാന സൗകര്യ വികസനം
- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
- കൗമാര പ്രായക്കാർക്ക് കൗൺസിലിംഗ്
- ജാഗ്രതാസമിതി ശക്തിപ്പെടുത്തൽ
- ബാലസഭ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ
- എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി
- അങ്കണവാടി ശിശുസൗഹൃദ പെയ്ന്റിംഗ്
- ജെൻഡർ റിസോഴ്സ് സെന്റർ
- പെൺകുട്ടികൾക്ക് സ്വയംരക്ഷാ പരിശീലനം
- എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന മാതൃകാപദ്ധതികൾ

▶ സാർവ്വത്രിക സ്ക്കൂൾ വിദ്യാഭ്യാസ പദ്ധതി (വിദ്യാഭ്യാസ നിലവാരം ഉയർത്തുന്ന പദ്ധതി)

ഭാഷാപഠനം, ശാസ്ത്ര പഠനം, ഗണിതപഠനം, കായികക്ഷമത എന്നിവ മെച്ചപ്പെടുത്തൽ, പഠനോപകരണങ്ങളുടെ വിതരണം. പരിശീലനങ്ങൾ, അടിസ്ഥാന സൗകര്യവികസനം തുടങ്ങിയവ ഉൾപ്പെടുന്നു.

▶ പ്രതീക്ഷ

നഗരസഭയുടെ ഒരു ഫണ്ട് പോലും ചെലവഴിക്കാതെ തികച്ചും ജനകീയമായി 27 -ാം വാർഡ് പാലത്തറയിൽ നടത്തുന്ന പൈലറ്റ് പ്രൊജക്ട്. പാഠപുസ്തകങ്ങൾക്കപ്പുറം പ്രകൃതി പഠനം, പഠനയാത്ര, കാർഷികപഠനം, പരിസ്ഥിതി പഠനം, മതസൗഹാർദ പ്രവർത്തനങ്ങൾ, സാക്ഷരത പ്രവർത്തനങ്ങൾ, IAS, IPS, PSC കോച്ചിംഗ്. പ്രസംഗ പരിശീലനം, വായനാശീലം വർദ്ധിപ്പിക്കൽ, കഥ, കവിത, കലാ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ചേർന്ന സമഗ്ര പ്രൊജക്ടാണിത്.

7,8,9 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവധി ദിവസങ്ങളിൽ ആഴ്ച്ചയിൽ ഒരു ദിവസം പരിശീലനം നല്കുന്നു. പൂർണ്ണമായും ജനപങ്കാളിത്തത്തോടെ ചെയ്യുന്ന ഈ പ്രോജക്ട് മറ്റ് വാർഡുകളിലേക്ക് കൂടി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം.

▶ ഹൈടെക്ക് അങ്കണവാടി

14 അങ്കണവാടികൾ താല്ക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. കോട്ടക്കൽ നഗരസഭയിലെ പാലത്തറയിലെ അങ്കണവാടി പൂർണ്ണമായും ജനങ്ങളുടെ പങ്കാളിത്തത്തോടെ 5,00,000 രൂപ ചെലവിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ അങ്കണവാടിയാക്കി മാറ്റിയിരിക്കുകയാണ്. നഗരസഭ ഒരു രൂപ പോലും ചെലവാക്കാതെയാണ് ഇതിന്റെ നിർമ്മാണം.

അങ്കണവാടിയുടെ അകത്തും പുറത്തും ആകർഷകമായ ചുമർചിത്രങ്ങൾ, പടിവാതിൽ, കുട്ടികൾക്ക് ആവശ്യമായ ആധുനിക സൗകര്യങ്ങൾ, ബേബി ഫ്രണ്ട്ലി ടോയ്ലറ്റ്, ടെലിവിഷൻ, എയർകണ്ടീഷൻ തുടങ്ങിയവ ഒരുക്കിയിട്ടുണ്ട്. പൈലറ്റ് പ്രൊജക്ടായ ഈ ഹൈടെക്ക് അങ്കണവാടിയുടെ മാതൃകയിൽ ഘട്ടം ഘട്ടമായി താല്ക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഉണ്ടാക്കുകയാണ് ലക്ഷ്യം.

നേട്ടങ്ങൾ

- രോഗപ്രതിരോധ കുത്തിവെയ്പ്പ് 94 ശതമാനത്തിലെത്തിക്കാൻ സാധിച്ചു. ജില്ലാ ശരാശരി 80% ത്തെക്കാൾ കൂടുതൽ
- വിദ്യാഭ്യാസ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2,41,70,580 രൂപ ചെലവഴിച്ചു.
- കുട്ടികളുടെ മേഖലയിൽ പദ്ധതി പണം വകയിരുത്തലിൽ വർദ്ധനവ് വന്നു.
- കുട്ടികളുടെ പ്രശ്നങ്ങൾ സാമൂഹ്യപ്രശ്നമായി കണ്ട് പരിഹാരശ്രമങ്ങൾ ഉണ്ടായി വരുന്നു.
- സ്പോൺസർഷിപ്പിലൂടെ ധാരാളം പണം കണ്ടെത്തി വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിച്ചു.
- വർക്കിംഗ് ഗ്രൂപ്പുകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക വഴി പദ്ധതി രൂപീകരണ പ്രക്രിയയിൽ പങ്കാളിത്തം വന്നു.
- കുട്ടികളുടെ ഗ്രാമസഭകൾ സജീവമായതോടെ പ്രാദേശിക ഭരണത്തിൽ കുട്ടികളുടെ പങ്കാളിത്തം വർദ്ധിച്ചു.

പുതുനാമ്പുകൾ
ബാലസൗഹൃദ ശ്രീകൃഷ്ണപുരം

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് 1962 ജനുവരി 1 ന് നിലവിൽ വന്നു. ഇപ്പോൾ 14 വാർഡുകളിലായി 24167 ജനസംഖ്യ ഉണ്ട്. സ്വരാജ് ട്രോഫിയടക്കം ഒട്ടേറെ അവാർഡുകൾ നേടിയിട്ടുണ്ട്.

ബാലസൗഹൃദ തദ്ദേശഭരണത്തിലേക്ക്

- കിലയുമായി ചേർന്ന് ബാലസൗഹൃദ ഭരണത്തിലേക്കുള്ള പ്രവർത്തനം
- കിലയിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം
- ചൈൽഡ് സർവ്വേ
- വിപുലമായ IEC പ്രവർത്തനങ്ങൾ
- വൾനറബിലിറ്റി മാപ്പിംഗ് (Vulnerability Mapping)
- ഭിന്നശേഷിക്കാരുടെ വിവരശേഖരണം, ഡയറക്ടറി
- കുട്ടികൾക്ക് ബാങ്കിംഗ് സാക്ഷരത (കുടുംബശ്രീ)
- കുട്ടികളുടെ ഗ്രാമസഭകൾ
- ഇതരസംസ്ഥാന തൊഴിലാളി വിവരശേഖരണം, ഹെൽത്ത് കാർഡ്

സ്ഥാപനങ്ങൾ/സംവിധാനങ്ങൾ

- ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ-1
- കളി സ്ഥലം-1
- കുട്ടികളുടെ പാർക്ക്-1
- പൊതു ലൈബ്രറികൾ-6
- ബാലസഭ-14
- ജാഗ്രതാസമിതി- വാർഡ്തലം/പഞ്ചായത്ത്തലം

കുട്ടികളുടെ എണ്ണം

വയസ്സ്	ആൺ	പെൺ	ആകെ
ഒരു വയസ്സിൽ താഴെ	131	129	260
ഒന്ന് മുതൽ 3 വയസ്സ് വരെ	379	379	758
3 മുതൽ 5 വയസ്സ് വരെ	342	337	679
5 മുതൽ 6 വയസ്സ് വരെ	145	150	295
0 മുതൽ 6 വയസ്സ് വരെ - ആകെ	997	995	1992
6 മുതൽ 10 വരെ	553	552	1105
10 മുതൽ 19 വരെ	1364	1356	2720
0 മുതൽ 19 ആകെ	2914	2903	5817

തൂക്കക്കുറവുള്ള കുട്ടികൾ

- 3 വയസ്സിന് താഴെ – 199
- 3 –6 വയസ്സ് പ്രായക്കാർ – 130
- കൗമാരക്കാർ 10–18 – 68

അങ്കണവാടികൾ

- എണ്ണം – 20 (സ്വന്തം കെട്ടിടത്തിൽ)
- എ ജി ക്ലബുകൾ – 32

സ്ക്കൂളുകൾ

- എൽ.പി –8
- യു.പി –1
- എച്ച്.എസ് –1
- ക്രഷ് –2
- പ്രൈവറ്റ് പ്രീപ്രൈമറി –3

ശാരീരിക മാനസിക വൈകല്യങ്ങൾ

- കാഴ്ച്ച വൈകല്യം – 18.
- മാനസികം/ബുദ്ധിമാന്ദ്യം – 24
- ചലന വൈകല്യം – 17
- ബധിരത, മൂകത – 4
- ബഹുവൈകല്യം –13

ആകെ –76

പ്രതിരോധ കുത്തിവെയ്പ്പ്

- ഒരു കുട്ടി മാത്രമാണ് പ്രതിരോധ കുത്തിവെയ്പ്പ് എടുക്കാത്തത്

അവസ്ഥാപഠനത്തിൽ നിന്നും കണ്ടെത്തിയത്

- അവസ്ഥാപഠനത്തിന്റെ അഭാവം മുൻകാല പദ്ധതി രൂപീകരണത്തെ ബാധിച്ചിട്ടുണ്ട്
- പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളേക്കാൾ ചെറിയ തോതിൽ കുറഞ്ഞു കാണുന്നു
- തൂക്ക കുറവുള്ള കുട്ടികൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു
- സ്ക്കൂളുകളിലെയും അങ്കണവാടികളിലെയും അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്.

കുട്ടികളുടെ ഗ്രാമസഭ

- 14 വാർഡുകളിലും പഞ്ചായത്ത്തലത്തിലും കുട്ടികളുടെ ഗ്രാമസഭ സംഘടിപ്പിച്ചു.

കുട്ടികൾക്കായി നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ

1. കുട്ടികളുടെ ഗ്രാമസഭ– ശാക്തീകരണം
2. ആയിരശ്രീ– സ്മാർട്ട് ക്ലാസ് റൂം. എല്ലാ ഒന്നാം ക്ലാസ്സുകളിലും സ്മാർട്ട് ക്ലാസ്സ് റൂം ആക്കി സ്പോൺസറിംഗിലൂടെ ഫണ്ട് കണ്ടെത്തി
3. കണ്മണി പ്രൊജക്ട്

4. ഭിന്നശേഷി ഡയറക്ടറി
5. സ്വസ്ഥ: വൾനറബിലിറ്റി മാപ്പിംഗ്(കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് വിവരശേഖരണം
6. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ (സ്പോൺസർഷിപ്പിലൂടെയും ജനകീയ പങ്കാളിത്തത്തോടെയും മെച്ചപ്പെടുത്തുന്നു
7. ചിറകുള്ള ചങ്ങാതിമാർ (ഭിന്നശേഷിക്കാർക്കായുള്ള ആരോഗ്യപരിരക്ഷ, കലോത്സവം തുടങ്ങിയവ
8. ബാലസഭ ശക്തിപ്പെടുത്തൽ
9. ഗോൾ (ഫുട്ബോൾ പരിശീലനം 15 വയസ്സിന് താഴെയുള്ളവർക്കായി)
10. ഇളം തെന്നൽ
11. കാരുണ്യ സ്പർശം-കുട്ടികളുടെ ഹോം കെയർ (ശനിയാഴ്ച്ച മാത്രം)
12. പുഞ്ചിരി കോർണർ
13. വാട്ടർ സ്കോർ കാർഡ്
14. സീറോ സോൺ
15. എഫക്ടീവ് പാരന്റിംഗ്
16. ഒപ്പിത്തിനൊപ്പം (പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേക പരിശീലനം, പിന്തുണ)
17. നാടറിയാൻ നാടിനെയറിയാൻ (പ്രാദേശിക ചരിത്രപഠനം)
18. സ്നേഹ ബക്കറ്റ് (പാലിയേറ്റീവ് പരിചരണം)
19. സുനിദ്ര (അങ്കണവാടികൾക്ക് കിടക്ക)
20. സമ്പൂർണ്ണ ഭിന്നശേഷി സ്കോളർഷിപ്പ്
21. പ്രതിരോധ കുത്തിവെയ്പ്പ്
22. അങ്കണവാടി പോഷകാഹാര നിലവാരം
23. സ്ക്കൂൾ, അങ്കണവാടി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ
24. വിദ്യാർത്ഥികൾക്ക് സൈക്കിളും ഫർണീച്ചറും
25. എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്
26. ഇതര സംസ്ഥാന തൊഴിലാളികളെ കണ്ടെത്തി കുട്ടികൾക്ക് ഹെൽത്ത് കാർഡ്

നേട്ടങ്ങൾ

- ⇨ ബാലസൗഹൃദ അന്തരീക്ഷം രൂപപ്പെട്ടു വരുന്നു
- ⇨ കുട്ടികളുടെ പ്രശ്നങ്ങൾ മുഖ്യ അജണ്ടയിലേക്ക്
- ⇨ അവകാശ സംരക്ഷണത്തിന് ശ്രദ്ധ
- ⇨ സ്ക്കൂൾ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുന്നു. പഠനനിലവാരം ഉയരുന്നു
- ⇨ അങ്കണവാടികൾ ശിശുസൗഹൃദമാവുന്നു.
- ⇨ ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക പരിചരണം ലഭ്യമായി.

ഗ്രാമപഞ്ചായത്തിനെ ബാലസൗഹൃദ പഞ്ചായത്താക്കി മാറ്റുക എന്ന ലക്ഷ്യം വെച്ചു കൊണ്ട് മുന്നോട്ട് പോവുമ്പോൾ ഒട്ടേറെ പ്രതിസന്ധികൾ തരണം ചെയ്യേണ്ടതായി വരും. ജനകീയ കൂട്ടായ്മകൾ രൂപപ്പെടുത്തി ഈ പ്രതിസന്ധികളെയെല്ലാം മറികടക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് തിരിച്ചറിവോടെ ബാലസൗഹൃദ സന്ദേശമായി കൂടുതൽ പ്രവർത്തനങ്ങളിലേക്ക് നീങ്ങാൻ എല്ലാവരുടെയും പങ്കാളിത്തം അനിവാര്യമാണ്.

കതിർമണികൾ

ബാലസൗഹൃദ കോലഴി ഗ്രാമപഞ്ചായത്ത്

തൃശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക് പരിധിയിൽപെടുന്ന കോലഴി ഗ്രാമപഞ്ചായത്തിന് 16.62 കിലോമീറ്റർ വിസ്തീർണ്ണമണ്ടു്. 17 വാർഡുടകളിലായി 7764 കുടുംബങ്ങൾ താമസിക്കുന്നു. ഗ്രാമപഞ്ചായത്തിനെ ബാലസൗഹൃദ പഞ്ചായത്താക്കി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്താൻ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയും പ്രവർത്തനപരിപാടികൾ ചിട്ടപ്പെടുത്തുകയും ചെയ്തു. ഇതിന് നേതൃത്വം വഹിക്കേ പഞ്ചായത്ത്ഭരണസമിതിയിലെ ഭാരവാഹികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ പരിശീലനം ലഭിക്കുകയുായി. തുടർന്ന് കുട്ടികളുടെ ഇന്നത്തെ അവസ്ഥ മനസ്സിലാക്കുന്നതിനായി അവസ്ഥാപഠനവും കുട്ടികളുടെ ഗ്രാമസഭയും നടത്തി. അവസ്ഥാപഠനത്തിൽ നിന്നും ലഭ്യമായ ചില വിവരങ്ങൾ താഴെ ചേർക്കുന്നു.

കുട്ടികളുടെ എണ്ണം

വയസ്സ്	ആൺകുട്ടി	പെൺകുട്ടി	ആകെ
6 വയസ്സിനു താഴെ	932	930	1862
6 നും 10 നും ഇടയിൽ	993	389	1882
10 നും 18 നും ഇടയിൽ	2103	2149	4252
ആകെ	**4028**	**3968**	**7996**
ഭിന്നശേഷിക്കാർ	**25**	**20**	**45**

വിദ്യാലയങ്ങൾ – 2017–18 ലെ കണക്ക്

സ്കൂൾ	ഗവണ്മെന്റ്	എയ്ഡഡ്	ആകെ
എൽ.പി. സ്കൂൾ	1	4	5
യു.പി സ്കൂൾ	–	–	–
ഹൈസ്ക്കൂൾ	1	1	2
ഹയർ സെക്കന്റ റി	1	1	2
നഴ്സറി – പ്രീപ്രൈമറി	1	0	
ആകെ	4	6	10

അങ്കണവാടികൾ – 27 എണ്ണം

സ്വന്തമായി കെട്ടിടമുള്ളത് – 10 എണ്ണം

ബാലസഭകൾ – 49 അംഗങ്ങൾ 977

കുട്ടികളുടെ ഗ്രാമസഭ പങ്കാളിത്തം

2017–18 വർഷത്തിൽ 3 തവണ കുട്ടികളുടെ ഗ്രാമസഭ നടന്നു. 12 വർക്കിംഗ് ഗ്രൂപ്പിലും കുട്ടികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി . വികസന സെമിനാറിൽ പങ്കെടുപ്പിച്ചു

കണ്ടെത്തിയ പ്രശ്നങ്ങൾ/നിർദ്ദേശങ്ങൾ

1) 18 വയസ്സിന് താഴെയുള്ള കുട്ടികളിൽ പെൺകുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.
2) 5 വയസ്സിന് താഴെയുള്ള കുട്ടികളിൽ ന്യൂനപോഷണമുള്ള കുട്ടികൾ ഉണ്ട്.
3) അങ്കണവാടികളിൽ 10 എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു
4) സ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്
5) റോഡിന്റെ ഉയർച്ചയും താഴ്ച്ചയും കാരണം സൈക്കിൾ ഓടിക്കുന്നതിന് സാധിക്കുന്നില്ല
6) നീന്തൽ, യോഗ പരിശീലനം ആവശ്യമുണ്ട്.
7) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നു.
8) കുട്ടികളുടെ ലൈബ്രറി സംവിധാനമുണ്ടാകണം
9) കളിസ്ഥലങ്ങൾ ഉണ്ടാകണം
10) കുട്ടികൾക്ക് വാർഡ്തലത്തിൽ ഒത്തു ചേരുന്നതിന് സ്ഥലവും സംവിധാനവും വേണം
11) ശുദ്ധമായ കുടിവെള്ളം ഉറപ്പ് വരുത്തണം
12) സ്കൂളുകളിൽ പ്രഭാത ഭക്ഷണം ഏർപ്പെടുത്തണം
13) ബാലസഭകൾ ശക്തിപ്പെടുത്തണം
14) മദ്യം, മയക്കു മരുന്ന് എന്നിവക്കെതിരെയുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകണം

ഏറ്റെടുത്ത പ്രവർത്തനങ്ങൾ

- മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവക്കെതിരെ വാർഡ് തലത്തിൽ ക്ലാസ്സുകൾ നടത്തി.
- ബാലകലാമേള, കുട്ടികൾക്കായുള്ള ക്വിസ് മത്സരം, ഓണാഘോഷം, നാട്ട് ചരിത്രം തയ്യാറാക്കൽ, ബാല പാർലമെന്റ് തുടങ്ങിയവ നടത്തി
- അങ്കണവാടിക്ക് ഭൂമി വാങ്ങിക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പ്രൊജക്ടുകൾ
- കുറ്റൂർ ജി.എൽ.പി.എസ് കെട്ടിടം അറ്റകുറ്റപണികൾ നടത്തി
- കുറ്റൂർ സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം
- കുറ്റൂർ ഗവ. ഹൈസ്ക്കൂളിൽ സ്റ്റുഡന്റ് പോലീസ് കാഡറ്റ്
- ന്യൂനപോഷണം കുറയ്ക്കാൻ പോഷണത്തോട്ട നിർമ്മാണം, ഔഷധ സസ്യകൃഷി എന്നിവയിൽ പരിശീലനം നടത്തി

- സ്ക്കൂൾ ഹരിതവല്കരണം
- ഗണിതലാബ്
- ആരോഗ്യഉത്സവം, കേന്ദ്രതൊഴിൽ മന്ത്രാലയത്തിന്റെ സഹകരണത്തോടെ അമ്മമാർക്ക് സമഗ്ര ചികിത്സ, ഔഷധ സസ്യങ്ങൾ, തൊഴിൽ സംരംഭങ്ങൾ തുടങ്ങിയവയിൽ ദ്വിദിന പരിശീലനം
- ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്
- ബാലസഭകൾ ശക്തിപ്പെടുത്തൽ
- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് , പഠനോപകരണങ്ങൾ നൽകൽ.
- ഭിന്നശേഷിക്കാർക്കുള്ള സഹായക ഉപകരണങ്ങൾ
- പെൺകുട്ടികൾക്ക് ആയോധന കലയിൽ പരിശീലനം
- ജെൻഡർ റിസോഴ്സ് സെന്റർ, ജാഗ്രതാ സമിതി
- ക്രൈം മാപ്പിംഗ്
- പ്ലാസ്റ്റിക്ക് മുക്ത ക്യാമ്പസ്
- ജൈവകൃഷി

വൾനറബിലിറ്റി മാപ്പിംഗ്(Vulnerability Mapping)

ഇന്നത്തെ കാലഘട്ടത്തിൽ കുട്ടികൾ അനുഭവിക്കുന്ന ശാരീരിക മാനസിക പീഡനങ്ങൾ വർദ്ധിച്ചു വരികയാണല്ലോ. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ സമൂഹത്തിൽഏതെല്ലാം തരത്തിൽ ഏതെല്ലാം മേഖലയിൽ നടക്കുന്നുവെന്ന് കണ്ടെത്തുന്നതിന് വേണ്ടിയും കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കണ്ടെത്തുന്നതിന് വേണ്ടിയും നടത്തിയ പഠന റിപ്പോർട്ട് ആണ് വൾനറബിലിറ്റി മാപ്പിംഗ്. തൃശ്ശൂർ സെന്റ് മേരീസ് കോളേജിലെ എം.എസ്.ഡബ്ല്യൂ. വിദ്യാർത്ഥികളുടെ സഹായത്തോടെ പഞ്ചായത്തിന്റെ ഫണ്ടില്ലാതെയാണ് ഈ പഠനം നടത്തിയത്. 16 സ്ഥലങ്ങളിലായി നടത്തിയ വൾനറബിലിറ്റി മാപ്പിംഗിലൂടെ കുട്ടികൾ നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങൾ കണ്ടെത്താൻ സാധിച്ചു .കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടക്കുന്ന സ്ഥലങ്ങളും കൃത്യമായി മാർക്ക് ചെയ്യാൻ കഴിഞ്ഞു. എല്ലാ അങ്കണവാടികളിലും സിറ്റിംഗ് നടത്തുകയുണ്ടായി.

- ലഹരി വസ്തുക്കളുടെ ഉപയോഗം
- മോഷണം
- അശ്ലീല ചിത്രങ്ങൾ
- കുടുംബ പ്രശ്നങ്ങൾ

- ആത്മഹത്യാ പ്രവണത
- മാതാപിതാക്കളെ ഉപദ്രവിക്കൽ
- മാനസിക പീഡനം
- ശാരീരിക പീഡനം
- മൊബൈൽ ഫോൺ ദുരുപയോഗം
- യാത്രയിലുള്ള അതിക്രമങ്ങൾ
- ഇരുചക്ര വാഹനങ്ങളുടെ ഉപയോഗം (ലൈസൻസില്ലാതെ)
- രക്ഷിതാക്കളിൽ നിന്നും അദ്ധ്യാപകരിൽനിന്നുമുള്ള ശാരീരിക മാനസിക പീഡനങ്ങൾ
- ക്രൈം മാപ്പിംഗ് റിപ്പോർട്ട് ജില്ലാ പോലീസ് സൂപ്രണ്ടിന് സമർപ്പിക്കുകയും ആയത് വിയ്യൂർ പോലീസിന് കൈമാറുകയും ചെയ്തു.

സാമ്പത്തിക വിശകലനം

വർഷം	ആകെ വിഹിതം	കുട്ടികൾക്കുള്ള വിഹിതം	ശതമാനം
2016-17	15068439	5270351	35%
2017-18	19265784	7288000	38%
2018-19	17252812	7229830	42%

നേട്ടങ്ങൾ

- കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ശ്രദ്ധയിൽ കൊണ്ടു വരാൻ സാധിച്ചു.
- സ്ക്കൂളുകളിലെയും അങ്കണവാടികളിലെയും അടിസ്ഥാനസൗകര്യവും പഠന നിലവാരവും വർദ്ധിച്ചു
- കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും ചർച്ച ചെയ്യാൻ ഗ്രാമസഭകളും വർക്കിംഗ് ഗ്രൂപ്പും വികസന സെമിനാറും ബാലസഭകളും ബാലപാർലമെന്റും ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നു
- പ്രാദേശികഭരണ പ്രക്രിയയിൽ ഇടപെടാനുള്ള അവസരം കുട്ടികൾക്ക് ലഭ്യമായി
- കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യം സംരക്ഷിക്കുന്നത് സംബന്ധിച്ച് രക്ഷിതാക്കൾക്ക് കൂടുതൽ അറിവ് ലഭ്യമാക്കാൻ സാധിച്ചു
- പോലീസ്, എക്സൈസ് വകുപ്പുകളുടെ നീരീക്ഷണം/ഇടപെടലുകൾ സജീവമാകുന്നു.
- കുടുംബശ്രീയും സാമൂഹ്യനീതിവകുപ്പും കുട്ടികളുടെ ക്ഷേമത്തിൽ കൈക്കോർക്കുന്നു.
- തൃശ്ശൂർ സെന്റ് മേരീസ് കോളേജിലെ ബി.എസ്.ഡബ്ല്യൂ വിദ്യാർത്ഥികൾ പഞ്ചായത്ത് ലൈബ്രറി, അങ്കണവാടി എന്നിവ ചിത്രങ്ങൾ വരച്ച് ആകർഷകമാക്കി. ലൈബ്രറിയിൽ ഒരു ചൈൽഡ് കോർണർ സ്ഥാപിച്ചു.
- പ്രായോജകരുടെയും സന്നദ്ധപ്രവർത്തകരുടെയും സജീവ സാന്നിധ്യം
- പ്രവർത്തനങ്ങൾ പഠിക്കുന്നതിന് സംസ്ഥാന ബാലാവകാശ കമ്മീഷന്റെയും ഭരണ പരിഷ്ക്കാര കമ്മീഷന്റെയും സന്ദർശനം.

ബാലസൗഹൃദ പാട്യം ഗ്രാമപഞ്ചായത്ത്

പഠിതാക്കളുടെ നാട് എന്നർത്ഥം വരുന്ന പാട്യം എന്ന വാക്കിൽ നിന്നാണ് പാട്യം ഗ്രാമപഞ്ചായത്ത് എന്ന പേരുണ്ടായത്. ദാർശനികരും ധനികരും കവികളും കലാകാരൻമാരും നിറഞ്ഞ് നിൽക്കുന്ന പാട്യത്തിന് ഉജ്വലമായ ഗതകാല ചരിത്രം ഉണ്ട്. വാഗ്മി, വാക്ഭടാനന്ദ ഗുരു ശ്രീനിവാസൻ, മോഹൻ, വിനീത് ശ്രീനിവാസൻ ഇവരൊക്കെ പാട്യം പഞ്ചായത്തിന്റെ സംഭാവനകളാണ്. 1961 ഡിസംബർ 28 നാണ് പാട്യം പഞ്ചായത്ത് നിലവിൽ വരുന്നത്. അന്ന് തൊട്ട് ഇന്നു വരെ കുട്ടികളുടെ ഉന്നമനത്തിനും പുരോഗതിക്കും ക്രിയാത്മകമായ ശ്രദ്ധ ഭരണസമിതികൾ എടുത്തിട്ടുണ്ട്.

വിസ്തൃതി	27.88 ചതുരശ്ര കി.മീ
വാർഡ്	18
ജനസംഖ്യ	32,052
കുട്ടികളുടെ എണ്ണം	5146
കുട്ടികളുടെ സാക്ഷരത	98.38 %
അന്യ സംസ്ഥാന കുട്ടികൾ	102
1 മുതൽ 6 വരെ	1966
6 മുതൽ 18 വരെ	5146
ഭിന്നശേഷി വിദ്യാത്ഥികളുടെ എണ്ണം	75
എൽ. പി സ്കൂൾ	12
യു. പി സ്കൂൾ	6
ഹൈസ്കൂൾ	2
കേന്ദ്രീയ വിദ്യാലയം	1
അങ്കണവാടി	33
ശിശുമിത്ര	1
സ്വന്തം കെട്ടിടം ഉള്ള അങ്കണവാടികൾ	28
സ്വന്തം കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ	5
ബഡ്സ് സ്കൂൾ	1

പ്രൊജക്ട് ഇടപടൽ മേഖല.

അംഗണവാടി, ബഡ്സ് സ്കൂൾ, എൽ.പി, യു.പി, ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ മുഴുവൻ കുട്ടികൾ, കിടപ്പിലായ കുട്ടികൾ എന്നിവരെ പരിഗണിച്ചാണ് പദ്ധതി നിർവ്വഹണം നടത്താറ്. വർഷാവർഷം 5 % ത്തിൽ കൂടുതൽ തുക കുട്ടികൾക്കായി നീക്കി വക്കാറുണ്ട്.

ആരംഭിക്കാനുണ്ടായ സാഹചര്യം :

- ഹൈസ്ക്കൂളിലെത്തുന്ന കുട്ടികളുടെ അടിസ്ഥാന യോഗ്യതയിലുള്ള കുറവ്.
- എസ്. സി, എസ്.ടി മേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക്
- ശുചീകരണ പ്രവർത്തനത്തിൽ കുട്ടികളെ ഉൾപ്പെടുത്തേണ്ട ആവശ്യകത ബോധ്യമായത് കൊണ്ട്.
- കുട്ടികളെ കൃഷിയുമായി പരിചയപ്പെടുത്തേണ്ട ആവശ്യകത

പ്രൊജക്ട് ലഘു വിവരണം.

(a) ട്രൈബൽ യു.പി സ്ക്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം - 1,33,120 (വകയിരുത്തിയത്) ടി എസ് പി ഫണ്ട്

(b)പട്ടിക ജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കുട, ബേഗ്, നോട്ട്ബുക്ക് മുതലായവ (1,81,600 വകയിരുത്തി)

(c) വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കൽ - 2,00,000 വകയിരുത്തി

(d) ഹൈസ്ക്കൂൾ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് നീന്തൽ പരിശീലനം. തനതു ഫണ്ടിൽ നിന്ന് 30,000 നീക്കിവച്ചു.

(e) എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് പഠനമുറി, ഫർണീച്ചർ, സ്കോളർഷിപ്പ്, ലാപ്ടോപ്പ് എന്നീ പദ്ധതികൾക്കായി 5,50,000 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തി.

(f) ബാലസഭ ശാക്തീകരണത്തിന് വകയിരുത്തിയത് 5,80,000 രൂപ. ഈ തുക കുട്ടികളുടെ ഗ്രാമസഭ നടത്താനും ബാലസഭ രൂപീകരിക്കാനും ഉപയോഗപ്പെടുത്തി.

(g) വിദ്യാർത്ഥികൾക്ക് കളരി, കരാട്ടെ, യോഗ പരിശീലനം. പദ്ധതി വിഹിതം 2,00,000 രൂപ. കുട്ടികളിൽ ഉള്ള രോഗ പ്രതിരോധ ശേഷിയും, കായിക ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയാണ് പദ്ധതി നടപ്പിലാക്കിയത്. ഇത് നല്ലരീതിയിൽ പഞ്ചായത്തിൽ വിജയിക്കുകയും ചെയ്തു. പരിശീലനം നടത്തിയ സ്ക്കൂളുകളും പ്രദേശങ്ങളും പ്രാദേശിക കൂട്ടായ്മയുടെ ഭാഗമായി ഇന്ന് തുടർന്ന് കൊണ്ട് പോകുന്നുണ്ട്.

(h) ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്- 8,00,000 ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും സംയുക്ത പ്രൊജക്ടായിട്ടാണ് ഇത് നടപ്പിലാക്കുന്നത്.

(i) എസ്.എസ്.എ വിഹിതം നൽകൽ - 11,47244

(j) ബഡ്സ് സ്ക്കൂൾ ദൈനംദിന പ്രവർത്തനം- 4,68268 രൂപ തനത് ഫണ്ടിൽ നിന്നാണ് തുക മാറ്റി വച്ചത്. ബഡ്സ് സ്ക്കുൾ പ്രവർത്തനം നടക്കുന്നതിനാൽ ഇത്തരം വിദ്യാർത്ഥികൾ സ്വയം പര്യാപ്തമാകാൻ സഹായകമാവുകയും ഇങ്ങനെ രക്ഷിതാക്കൾക്ക് അവരവരുടെതായ വരുമാന മാർഗ്ഗം കണ്ടെത്താനും കഴിയുന്നുണ്ട്.

(k) അങ്കണവാടികൾക്ക് പോഷകാഹാര വിതരണത്തിന് 26,33,941 രൂപ വകയിരുത്തിയിട്ടുണ്ട്

കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ചാണ് ഇത് നടപ്പിലാക്കുന്നത്.

(l) നൂതന പദ്ധതിയായ അങ്കണവാടികൾക്ക് ബേബി ബെഡ് വകയിരുത്തിയത് 1,67,475 രൂപ. എല്ലാ അങ്കണവാടികളിലും കുട്ടികളെ ആകർഷിക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി ആരംഭിച്ചത്. ഇത് നല്ല രീതിയിൽ വിജയിക്കുകയും കുട്ടികൾക്ക് ഗുണം ചെയ്യുകയും ചെയ്തിട്ടുണ്ട്..

(m) അങ്കണവാടി പൂരകപോഷകാഹാര വിതരണം- ഇതിനായി 2,20,479 വകയിരുത്തി.

11 അങ്കണവാടികളുടെ പുനരുദ്ധാരണത്തിനും എം.ജി.എൻ.ആർ ഇ.ജി.എസ് ഫണ്ടിൽ നിന്നും 3,50,000 രൂപ വകയിരുത്തി. ഇതിലൂടെ അങ്കണവാടികളുടെ അറ്റുകുറ്റ പണികളും അടിസ്ഥാന സൗകര്യവും വർദ്ധിച്ചിട്ടുണ്ട്. അങ്കണവാടി പുനരുദ്ധാരണത്തിന് 9,10,000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും പഞ്ചായത്ത് വകയിരുത്തി. സ്ക്കൂളുകൾക്ക് ഷീ ടോയിലറ്റ് നിർമ്മാണത്തിന് 3,00,000 രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തി. ശിശു മന്ദിര അറ്റകുറ്റ പണി, ബഡ്സ് സ്കൂൾ റീ വയറിംഗ്, അങ്കണവാടികൾക്ക് നെയിം ബോർഡ് തുടങ്ങിയ പദ്ധതികൾക്കായി മേൽ ഫണ്ടിൽ നിന്നും 6,50,000 രൂപ വകയിരുത്തിയുട്ടുണ്ട്.

ലക്ഷ്യങ്ങൾ

a) മുഴുവൻ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം

b) മുഴുവൻ എസ്.സി, എസ്.ടി കുട്ടികളെയും സ്കൂളിൽ എത്തിക്കുക

c) കുട്ടികളുടെ സമഗ്രമായ ശാരീരിക മാനസിക വികസനം നടപ്പിലാക്കുക

d) വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ശാരീരിക മാനസിക പീഡനങ്ങളിൽ നിന്നുള്ള വിമുക്തി.

e) ശുചിത്വം വിദ്യാർത്ഥികളുടെ ശീലമാക്കുക

f) കൃഷിയിൽ വിദ്യാർത്ഥികളുടെ സമഗ്ര ഇടപെടൽ

g) വിദ്യാർത്ഥികളുടെ സമഗ്രമായ കായിക ക്ഷമത വർദ്ധനവ്

നേതൃത്വം നൽകിയവർ

ഭരണസമിതി അംഗങ്ങൾ, ആശാ വർക്കർമാർ , എസ്.സി, എസ്.ടി പ്രമോട്ടർമാർ, ആരോഗ്യ പ്രവർത്തകർ, അങ്കണവാടി ടീച്ചർമാർ, മുഴുവൻ വിദ്യാലയങ്ങളിലെയും അദ്ധ്യാപകർ

പ്രവർത്തനഘട്ടങ്ങൾ

229 കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെയും നേതൃത്വത്തിൽ മുഴുവൻ വാർഡുകളിലും ബാലസഭ രൂപീകരിക്കുകയും ചെലവ് കുടുംബശ്രീകൾ സ്വയം വഹിക്കുകയും ചെയ്തു. പിന്നീട് പഞ്ചായത്തിലെ 18 വാർഡുകളിലും കുട്ടികളുടെ ഗ്രാമസഭ നടത്തി. ഇത് പഞ്ചായത്തിന് വലിയ ഒരു അനുഭവമാകുകയും അവരുടെ ചർച്ചകളിൽ നിന്നും വന്ന ആവശ്യങ്ങൾ പുതിയ പദ്ധതികളായി ആവിഷ്കരിക്കാനും കഴിഞ്ഞു. വികസന സെമിനാറിൽ കുട്ടികളുടെ വലിയൊരു പങ്കാളിത്തം ഉറപ്പ് വരുത്താൻ കഴിഞ്ഞു. ബാലസഭകൾക്ക് തൊഴിലുറപ്പിൽ ഉൾപ്പെടുത്തി കൃഷിയിടം ഒരുക്കി കൊടുക്കുകയും കൃഷിയിൽ കുട്ടികളുടെ താൽപ്പര്യം ഉണ്ടാക്കാൻ കഴിഞ്ഞു. ഇതിലൂടെ ആസൂത്രണ പ്രക്രിയയുടെ നീതിശാസ്ത്രം കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധ്യമായി. കിലയിൽ പരിശീലനത്തിന് പോയവരുടെ ഒത്തുചേരൽ സംഘടിപ്പിക്കുകയും സഹായ സമിതി, ഉപ സമിതി എന്നിവയ്ക്ക് രൂപം നൽകുകയും ചെയ്തു.

പങ്കാളിത്ത സംവിധാനം

കുട്ടികളെ സംഘടിപ്പിക്കുന്നതിന് വേണ്ടി ഭരണ സമിതി അംഗങ്ങൾ പ്രധാന പങ്ക് വഹിക്കുകയും കുടുംബശ്രീ അംഗങ്ങളെ കൊണ്ട് ഏകോപനം നടത്തുകയും ചെയ്തു. കൂടാതെ പഞ്ചായത്തിലെ ഗ്രീൻ വളണ്ടിയേർസിനെ ഉപയോഗിച്ച് കുട്ടികളിലെ ശുചിത്വ ബോധം വർദ്ധിപ്പിച്ച് പങ്കാളിത്വം ഉറപ്പ് വരുത്തിയതോടെ ഒരു വീട്ടിൽ ഒരു ശുചിത്വ വളണ്ടിയർ എന്ന പദ്ധതിയിലേക്ക് പഞ്ചായത്ത് നടന്ന് അടുക്കുകയാണ്.

ഫണ്ട് , ബഡ്ജറ്റ്, വിഭവ സ്രോതസ്സ്

പഞ്ചായത്തിന്റെ ആകെ പദ്ധതികളുടെ വിഹിതത്തിന്റെ 5% ത്തിൽ കൂടുതൽ (4,00,000 രൂപയിൽ കൂടുതൽ) വകയിരുത്തി. തനത് പരിപാടികൾക്കായി വായനശാല, ക്ലബുകൾ, സ്ക്കുളുകൾ എന്നിവയെ ഉപയോഗപ്പെടുത്തി. സ്ക്കുളുകളിൽ പ്രവർത്തിക്കുന്ന പി.ടി.എ, വികസന സമിതി തുടങ്ങിയവ ഇതിനൊപ്പം കൂടി. 2 സ്ക്കൂളുകളിൽ പ്രവർത്തിക്കുന്ന എസ്.പി.സി, എൻ.എസ്.എസ് ഗ്രൂപ്പുകൾ ഞങ്ങളുടെ വലിയ വിഭവ സ്രോതസ്സുകളാണ്.

നേട്ടങ്ങൾ

- മുഴുവൻ സ്ക്കൂളിലും സ്മാർട്ട് ക്ലാസ് റൂം.
- ട്രൈബൽ സ്ക്കൂളുകളിൽ പ്രഭാത ഭക്ഷണത്തിലൂടെ കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയാൻ കഴിഞ്ഞു
- കുട്ടികളുടെ രോഗ പ്രതിരോധ കുത്തി വയ്പ് 98 % മായി ഉയർത്തി.
- രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സഹായത്താൽ ഭൂരിപക്ഷം സ്ക്കുളുകളിലും ക്ലാസ് ലൈബ്രറി എന്ന സ്വപ്ന പദ്ധതി നടപ്പിലാക്കി.
- രണ്ട് യു.പി സ്ക്കൂളുകളിൽ പക്ഷി മൃഗാദികളെ വളർത്താൻ തുടങ്ങി.
- ബഡ്സ് സ്ക്കുളിൽ സ്പീച്ച്, ഫിസിയോ തെറാപ്പി എന്നിവ തുടർച്ചയായി നടത്താൻ കഴിഞ്ഞു.
- വായനശാലകളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്താൽ "കുഞ്ഞു കൈകളിൽ ഒരു മഷി പേനയും തുണി സഞ്ചിയും" പദ്ധതിയും നടപ്പിലാക്കി.
- ചരിത്ര പഠനത്തിന് കുട്ടികളെ പ്രാപ്തരാക്കാൻ "നാടറിയാൻ നാടിനെ അറിയൽ" പദ്ധതിയിലൂടെ പഞ്ചായത്തിന്റെ ചരിത്രം കുട്ടികൾ തന്നെ ചോദിച്ചറിഞ്ഞ്, അവർ തയ്യാറാക്കിയ ചരിത്ര പുസ്തകം പഞ്ചായത്തിൽ പ്രദർശിപ്പിച്ചു.
- വിദ്യാർത്ഥികളെ ശുചിത്വവുമായി ബന്ധിപ്പിക്കാനും പഴമയുടെ ആഹാര രീതി പരിചയപ്പെടുത്താനും "ചക്ക,മാങ്ങ, തേങ്ങ" എന്ന പേരിൽ ക്യാംപ് സംഘടിപ്പിച്ചു. കുട്ടികളും രക്ഷിതാക്കളും ആവേശത്തോടെ ഇതിൽ പങ്കെടുത്തു.
- പഴമയുടെ കളിപ്പാട്ടങ്ങളും ശുചിത്വവും എന്നിവ കോർത്തിണക്കി നാടൻ ഭക്ഷണങ്ങൾ വിളമ്പി "ജാഗ്രതോൽസവം" മുഴുവൻ വാർഡുകളിലും നടത്തി. ഇതിലൂടെ അതത് പ്രദേശത്തുള്ള ശുചിത്വ പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാരം തേടി. പഞ്ചായത്തിന് വിശദമായ കത്തായി സമർപ്പിച്ചു.

- പ്രശസ്തനായ ശില്പി വൽസൻ കൊല്ലേരിയുടെ നേതൃത്വത്തിൽ വച്ച് കുട്ടികൾക്കായി ഒരു ദിവസത്തെ ചിത്രരചന ക്യാംപ് നടത്തി.
- കൃഷിക്കാരുടെ സഹായത്തോടുകൂടി ചിങ്ങ മാസം ഒന്നാം തീയതി കുട്ടി കർഷകനുള്ള അവാർഡ് പഞ്ചായത്ത് നൽകി വരുന്നു
- എസ്.സി, എസ്.ടി മേഖലകളിലുള്ള വിദ്യാർത്ഥികളുടെ പോഷകാഹാര കുറവ് പരിഹരിക്കാൻ പദ്ധതി നടപ്പിലാക്കി
- ഹൈസ്ക്കുളുകൾ കേന്ദ്രീകരിച്ച് "ലഹരി വിരുദ്ധ ക്യാപെയ്നുകൾ" എക്സൈസ് വകുപ്പിനെ ഉപയോഗപ്പെടുത്തി നടപ്പിലാക്കി
- കൂത്തുപറമ്പ് താലൂക്ക് ഹോസ്പിറ്റലിലെ "സഖി" എന്ന കേന്ദ്രവുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ കുട്ടികൾക്ക് ഉണ്ടാകുന്ന മാനസീക പ്രശ്നങ്ങൾക്ക് നല്ല രീതിയിൽ കൗൺസിലിംഗ് നൽകാൻ കഴിഞ്ഞിട്ടുണ്ട്.
- ലീഗൽ സർവീസ് അതോറിറ്റിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥിക ളെയും ഉൾപ്പെടുത്തി ക്രൈം മാപ്പിംങ്ങ് നടത്തി.

നേരിട്ട തടസ്സങ്ങൾ, പരിഹാര ശ്രമങ്ങൾ

എസ്.സി, എസ്.ടി മേഖലകളിലെ വിദ്യാർത്ഥികളുടെ ഏകോപനം എന്നത് ശ്രമകരമായ ജോലി ആയിരുന്നു. ഇത്തരം മേഖലകളിലെ വിദ്യാർത്ഥികൾ ഹൈസ്ക്കുൾ തലത്തിൽ എത്തുമ്പോഴു ണ്ടാകുന്ന യാത്രാ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമകരമായ പ്രവർത്തനത്തിന് സന്നദ്ദ സംഘടന കളെ ലഭിച്ചത് പ്രശ്നത്തിന്റെ തീവ്രത ലഘൂകരിച്ചു

ന്യൂനപക്ഷ മേഖലയിലുള്ള രക്ഷിതാക്കൾ സമൂഹ മാധ്യമങ്ങളെ അനുകരിച്ച് പ്രതിരോധ കുത്തിവയ്പുമായി സഹകരിക്കാത്ത അവസ്ഥ വരികയും ഇതിന് പരിഹാരമായി ഐ.എം.എ യുമായി ബന്ധപ്പെട്ട് ഡോക്ടർമാരെയും നേഴ്സ്മാരെയും ഇത്തരം മേഖലകളിൽ ബോധവൽക്കരണത്തിനായി നിയോഗിക്കാൻ കഴിയുകയും ചെയ്തു. പൊതു വിദ്യാലയത്തിലേക്ക് കടന്നു വരുന്ന എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികളുടെ ഗുണനിലവാരം ഉയർത്തൽ വെല്ലുവിളിയായി നിലനിൽക്കുന്നു

പരിപാടി സുസ്ഥിരമാക്കുന്നത് സംബന്ധിച്ച അഭിപ്രായം

ഇതിലൂടെ ബാലസൗഹൃദ പഞ്ചായത്തായി ഉയർത്താൻ കഴിഞ്ഞു

സഫലമീ ബാല്യം
രാമപുരം ബാലസൗഹൃദപഞ്ചായത്ത്

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ ഉഴവൂർ ബ്ലോക്ക് പരിധിയിൽ സ്ഥിതി ചെയ്യുന്ന പ്രകൃതിരമണീയമായ പഞ്ചായത്താണ് രാമപുരം.54.54 ച.മീ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിൽ 18 വാർഡുകളിലായി 32838 ആളുകൾ താമസിക്കുന്നു. ഇതിൽ 16138 പുരുഷന്മാരും 16700 സ്ത്രീകളും ഉൾപ്പെടുന്നു.

കിലയിൽ വെച്ച് 18.01.2017 മുതൽ 20.1.2017 വരെ ദിവസങ്ങളിൽ നടന്ന ത്രിദിന പരിശീലനത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തു. ഈ പരിശീലനത്തോടെ ബാലസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് പഞ്ചായത്ത് ആവിഷ്ക്കരിക്കേണ്ട പ്രവർത്തന പദ്ധതിയെക്കുറിച്ച് വ്യക്തമായ ദിശാബോധം ലഭിച്ചു. തുടർന്ന് പഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് ബാല സൗഹൃദപഞ്ചായത്താക്കി മാറ്റുന്നതിനുള്ള തീരുമാനം (26/7/2017) എടുത്തു.ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ഉപസമിതികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

എല്ലാ ഗ്രാമസഭകളിലും ബാലസൗഹൃദ പഞ്ചായത്ത് സന്ദേശം എത്തിക്കുകയും നിശ്ചിത സമയം ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുകയും ചെയ്തു. നവംബർ 14 ന് സ്ക്കൂൾ കുട്ടികൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ആവേശോജ്ജ്വലമായ വിളംബരം നടത്തി.

പഞ്ചായത്തിലെ കുട്ടികളുടെ അവസ്ഥയും പ്രശ്നങ്ങളും മനസ്സിലാക്കുന്നതിന് അവസ്ഥാ പഠനം നടത്തി. കുട്ടികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ ദ്വിതീയ വിവരങ്ങൾ ശേഖരിച്ചു, വിശകലനം നടത്തി.

കുട്ടികളുടെ എണ്ണം

ക്രമ നമ്പർ	വിഷയങ്ങൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	മൊത്തം
1.	1 വയസസ്സിന് താഴെയുള്ള കുട്ടികൾ	102	142	244
2.	1-3 വയസ്സിന് ഇടയിലുള്ള കുട്ടികൾ	268	248	516
3.	3-5 വയസ്സിന് ഇടയിലുള്ള കുട്ടികൾ	263	238	501
4.	5-6 വയസ്സിന് ഇടയിലുള്ള കുട്ടികൾ	165	144	309
5.	6-10 വയസ്സിന് ഇടയിലുള്ള കുട്ടികൾ	588	550	1138
6.	10-18 വയസ്സിന് ഇടയിലുള്ള കുട്ടികൾ	1298	1303	2601
	ആകെ	**2684**	**2625**	**5309**

അങ്കണവാടികൾ	31
സ്വന്തം കെട്ടിടമുള്ളവ	18
വാടകകെട്ടിടം	13
5 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ	339
ആൺ	174
പെൺ	165

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

സ്ക്കൂൾ	സർക്കാർ / എയ്ഡഡ്	അൺഎയഡഡ്	ആകെ
പ്രീ-പ്രൈമറി / നേഴ്സറി	13	1	14
ലോവർ പ്രൈമറി	13	1	14
അപ്പർ പ്രൈമറി	6	1	7
ഹൈസ്ക്കൂൾ	3	1	4
സെക്കണ്ടറി	2	1	3
ഉന്നതവിദ്യാഭ്യാസം		1	1

അവസ്ഥാ വിശകലനത്തിൽ നിന്നും ബോദ്ധ്യപ്പെട്ട പ്രശ്നങ്ങൾ

വിവിധ സ്രോതസ്സുകളിൽ നിന്നു ശേഖരിക്കപ്പെട്ട കുട്ടികളുടെ സ്ഥിതിവിവരക്കണക്കുകൾ സമഗ്രമായി വിലയിരുത്തപ്പെട്ടപ്പോൾ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളിൽ പഞ്ചായത്തിന്റെ അടിയന്തിര ഇടപെടലുകൾ ആവശ്യമുള്ളതായി കണ്ടെത്തുകയുണ്ടായി.

- ആരോഗ്യകരവും പരിസ്ഥിതിസൗഹാർദ്ദപരവുമായ ചുറ്റുപാട്
- ശുദ്ധമായ കുടിവെള്ള ലഭ്യത
- വിദ്യാഭ്യാസ അവകാശസംരക്ഷണത്തിനുതകുന്ന തരത്തിലുള്ള പശ്ചാത്തല സൗകര്യം
- വിനോദത്തിനും മാനസിക വികസനത്തിനുമാവശ്യമായ സൗകര്യങ്ങളൊരുക്കൽ
- അങ്കണവാടികളിൽ 13 എണ്ണത്തിന് സ്വന്തം കെട്ടിടം ആവശ്യമുണ്ട്
- 18 വയസ്സു വരെയുള്ള കുട്ടികളിൽ പെൺകുട്ടികളുടെ എണ്ണം കുറവാണ്. 0-6 ആവുമ്പോഴേക്കും ഒന്നു കുറച്ചുകൂടി കുറവ് വരുന്നു.

കുട്ടികളുടെ ഗ്രാമസഭ

എല്ലാ വാർഡുകളിലും പ്രത്യേകബാലസഭകൾ വിളിച്ചു ചേർത്തു. വിപുലമായ പ്രചരണം നടത്തിയാണ് ഗ്രാമസഭകൾ സംഘടിപ്പിച്ചത്. ഗ്രാമസഭ സംഘാടനം സംബന്ധിച്ച് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഫെസിലിറ്റേറ്റർമാർ, എന്നിവർക്ക് പരിശീലനം നൽകിയിരുന്നു. ഓരോ വാർഡിൽ നിന്നും ഒരാൺകുട്ടിയെയും പെൺകുട്ടിയെയും പഞ്ചായത്ത്തല സമിതിയിലേക്ക് തിരഞ്ഞെടുത്തു. പഞ്ചായത്ത് തല വികസന സമിതിയോഗം ചേർന്ന് ഭാരവാഹികളെ തിരഞ്ഞെടുത്തു.

കുട്ടികളുടെ ഗ്രാമസഭകളിലുയർന്നുവന്ന നിർദ്ദേശങ്ങൾ

1. പ്രധാന അങ്കണവാടി കേന്ദ്രീകരിച്ച് കുട്ടിക്കൂട്ടായ്മക്കൊത്തുചേരുവാനുള്ള പഞ്ചായത്തുതല സൗകര്യങ്ങൾ ഒരുക്കുക - ഇരിപ്പിടങ്ങൾ - ചിൽഡ്രസൻസ് പാർക്ക് - കളി ഉപകരണങ്ങൾ - വൈഫൈ - LCD പ്രൊജക്ടറുകൾ - പുസ്തകങ്ങൾ.
2. പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ നീന്തൽ കുളങ്ങൾ
3. സ്പോർട്സ് ഗ്രൗണ്ട്, സ്റ്റേഡിയം
4. കുട്ടികളുടെ വായനശാല

5. കുട്ടികളുടെ പാർക്ക്
6. മിനി ഡിജിറ്റൽ തീയേറ്റർ (കമ്മ്യൂണിറ്റി ഹാളിനെ സൗണ്ട് പ്രൂഫാക്കി ഡിജിറ്റൽ തീയേറ്ററാക്കി മാറ്റുക.)
7. കലാകായിക പരിശീലനങ്ങൾക്കവസരം നല്കുക.
8. സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനുതകുന്ന തരത്തിൽ ബാലസംഗമങ്ങൾ സംഘടിപ്പിക്കുക.
9. കുട്ടികളുടെ രചനകൾ അച്ചടിച്ചു പ്രസിദ്ധീകരിക്കുക.
10. ഭിന്നശേഷിക്കാരായ കുട്ടികൾക്കായി റിഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുക.

കുട്ടികളുടെ വികസന സെമിനാർ

കുട്ടികളുടെ ഗ്രാമസഭകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്തിൽ വികസനസെമിനാർ സംഘടിപ്പിച്ചു. ഗ്രാമസഭ നിർദ്ദേശങ്ങൾ സെമിനാറിൽ വിശദമായി ചർച്ച ചെയ്തു.ഗ്രാമസഭ നിർദ്ദേശങ്ങളുടെയും അവസ്ഥാവിശകലനത്തിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പ്രൊജക്ടുകൾ താഴെ ചേർക്കുന്നു.

ഫണ്ടു വിനിയോഗിക്കാതെ കുട്ടികൾക്കു വേണ്ടി നടത്തിയ ഇടപെടലുകൾ

- ചൈൽഡ് ഹെൽപ് ലൈൻ - പഞ്ചായത്തിൽ പ്രത്യേക ചുമതലക്കാരനെ ഏർപ്പെടുത്തി.
- വിവിധ മേഖലകളിൽ നിന്നു വിരമിച്ചവരുടെ കൂട്ടായ്മയായ സഫലം 55 പ്ലസ്സ് എന്ന പരിചയസമ്പന്നരുടെ സംഘടനയെ ഉപയോഗിച്ച് വിദ്യാലയങ്ങളിൽ ബോധവല്ക്കരണങ്ങളും ദിനാചരണങ്ങളും നടത്തി.
- വ്യത്യസ്ത സന്ദർഭങ്ങളിൽ ആശയപ്രചരണ പോസ്റ്ററും ലഘുലേഖാവിതരണവും നടത്തുന്നതിന് സഫലം 55+ന്റെ സഹായത്തോടെ സംവിധാനമുണ്ടാക്കി.
- ലഹരിവിരുദ്ധ, പ്ലാസ്റ്റിക് വിമുക്ത, യുദ്ധവിരുദ്ധ റാലികൾ സംഘടിപ്പിച്ചു.
- വിദ്യാലയങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദപരമായ ജൈവകൃഷിയേക്കുറിച്ചുള്ള ബോധവൽക്കരണം നടത്തി
- വിദ്യാലയങ്ങളിൽ അടുക്കളത്തോട്ടങ്ങൾ പ്രോത്സാഹിപ്പിച്ചു.

ഫണ്ടുപയോഗിച്ചുള്ള പ്രധാന പ്രോജക്റ്റുകൾ

1. എല്ലാ സർക്കാർ എൽ.പി. സ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ്റൂമുകൾ - മുറി ഫർണിഷിംഗ് - എൽ.സി.ഡി. പ്രൊജക്റ്ററുകൾ അനുബന്ധോപകരണങ്ങൾ , ലാപ്പ്ടോപ്.
2. എല്ലാ വിദ്യാലയങ്ങളിലും ക്ലാസ്സ് വായനശാലയിൽ പുസ്തകങ്ങൾ വെയ്ക്കന്നതിനായി റാക്കുകൾ.
3. എല്ലാ വിദ്യാലയങ്ങളിലും റേഡിയോ.
4. നവോത്ഥാനനായകന്മാർ, സാഹിത്യകാരന്മാർ, സ്വാതന്ത്ര്യസമരസേനാനികൾ തുടങ്ങിയവരുടെ ചിത്രങ്ങൾ - എല്ലാ വിദ്യാലയങ്ങൾക്കും .
5. വിദ്യാലയങ്ങളിൽ ഡൈനിംഗ് ഹാൾ നിർമ്മിക്കൽ, ഡൈനിംഗ് ടേബിൾ ചെയർ.
6. എല്ലാ വിദ്യാലയങ്ങളിലും അങ്കണവാടികളിലും വാട്ടർ പ്യൂരിഫയർ.

7. പ്രഭാതഭക്ഷണത്തിന് ധനസഹായം.
8. ബഡ്സ് സ്കൂൾ.
9. പഞ്ചായത്തിലെ മികച്ച കുട്ടി കർഷകന് കന്നുകുട്ടി
10. LP, UP കുട്ടികൾക്ക് ആട്ടിൻകുട്ടികളെ നല്കൽ
11. പഞ്ചായത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞിന്റെകയും പേരിൽ സഹകരണബാങ്കുമായി ചേർന്ന് 18 വയസ്സിൽ നിശ്ചിത തുക ലഭിക്കത്തക്കവിധത്തിൽ 'ബാലനിധി' പദ്ധതി ആവിഷ്കരിക്കൽ.
12. സ്ക്കൂളുകളിൽ ഷീപാഡ്, ഇൻസിനറേറ്റർ
13. പഞ്ചായത്ത്തല ത്രിദിന ശില്പശാല(സഫലമീബാല്യം)
14. പെൺകുട്ടികൾക്കായി കൗമാര ബോധവൽക്കരണ ക്ലാസ്സുകൾ

കുട്ടികൾക്കായുള്ള ഫണ്ട് വകയിരുത്തൽ

2016-17 - 3612000

2017-18 - 6766000

2018-19 - 5986000

സൃഷ്ടിച്ച മാറ്റങ്ങൾ/നേട്ടങ്ങൾ

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയും ബാലസഭ ആശയം സ്വാംശീകരിച്ചു. കുട്ടികളുടെ പദ്ധതികളുടെ നിർവ്വഹണവും മോണിറ്ററിംഗും സ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായി ചെയ്യുന്നു.

- കുട്ടികളിൽ കൂട്ടായ്മയുടെയും പങ്കുവെക്കലിന്റെയും പ്രാധാന്യം വ്യക്തമാക്കിക്കൊടുക്കുവാൻ ബാലസഭകളിലൂടെ കഴിഞ്ഞു.
- ശാസ്ത്രാവബോധം സൃഷ്ടിക്കുവാനും അന്ധവിശ്വാസങ്ങളെ തിരിച്ചറിഞ്ഞു തിരുത്താനുമുള്ള മനോഭാവം സൃഷ്ടിക്കുവാനായി.
- കുട്ടികൾക്ക് ജനാധിപത്യ പ്രക്രിയകളിൽ പങ്കെടുക്കുവാനുള്ള അവസരമുണ്ടാക്കി.
- നേതൃത്വപാടവം വളർത്താൻ സാധിച്ചു.
- വ്യക്തിത്വ വികസന സന്ദേശങ്ങൾ കുട്ടികൾക്ക് നൽകാൻ സാധിച്ചു
- പരിസ്ഥിതി സൗഹാർദ്ദപരമായ കൃഷിയെക്കുറിച്ചും വികസനസങ്കല്പങ്ങളെക്കുറിച്ചുമുള്ള നൂതനാശയങ്ങൾ പങ്കുവെക്കപ്പെട്ടു.
- ജാതിമതചിന്തകൾക്കതീതമായി സാഹോദര്യത്തിന്റെയും മാനവികതയുടെയും സന്ദേശങ്ങൾ കുട്ടികളിലെത്തിക്കാൻ സാധിച്ചു
- വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ കുട്ടികൾക്ക് ലഭ്യമാക്കാൻ സാധിച്ചു
- ഓരോ വാർഡിലും സൗകര്യപ്രദമായ ഒരു അങ്കണവാടി തെരഞ്ഞെടുത്ത് കുട്ടികൾക്ക് ഒത്തു ചേരാനുള്ള വേദിയാക്കി. അറിയാം! നിറയാം! കൂട്ടുകൂടാം! ഇരുട്ടകറ്റാം എന്ന പേരിൽ ആരംഭിച്ച പദ്ധതിപ്രകാരം എല്ലാ ശനിയാഴ്ച്ചകളിലും കുട്ടികൾ ഒത്തു ചേർന്ന് ആശയങ്ങൾ കൈമാറുകയും വിനോദ പരിപാടികളിൽ ഏർപ്പെടുകയും ചെയ്യുന്നു
- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കാൻ സാധിച്ചു.

വിദ്യാഭ്യാസ വിപ്ലവത്തിലൂടെ ബാലസൗഹൃദത്തിലേക്ക്... മറ്റത്തൂർ ഗ്രാമപഞ്ചായത്ത്

തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിലെ ഒരു മലയോര പഞ്ചായത്താണ് മറ്റത്തൂർ. സാക്ഷരതാ, ജനകീയാസൂത്രണം, പൊതുവിദ്യാഭ്യാസ സംരക്ഷണം തുടങ്ങിയ മേഖലകളിൽ മുമ്പേ നടന്ന ചരിത്രം മറ്റത്തൂരിനുണ്ട്. കേരളത്തിലെ മാതൃകാ വിദ്യാലയമായ കോടാലി സ്ക്കൂൾ ജനകീയ പങ്കാളിത്തത്തോടെ രൂപപ്പെടുത്തിയെടുത്തതാണ്.2016 നവംബർ മാസത്തിലാണ് കിലയുടെ സഹായത്തോടെ മറ്റത്തൂർ പഞ്ചായത്തിൽ ബാലസൗഹൃദ പ്ര വർത്തനങ്ങൾ ആരംഭിക്കുന്നത്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി

- ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ പരിശീലനം
- ബാലസൗഹൃദം നയം-സമീപനം ഭരണസമിതി അംഗീകരിച്ചു.
- ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും പ്രത്യേകയോഗം വിളിച്ചു.
- സംയുക്ത സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങൾ (ക്ഷേമകാര്യം, ആരോഗ്യം,വിദ്യാഭ്യാസം)
- വിവരശേഖരണം
- വർക്കിംഗ് ഗ്രൂപ്പിൽ കുട്ടികൾക്ക് അംഗത്വം
- ഗ്രാമസഭ ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം
- കുട്ടികളുടെ ഗ്രാമസഭകൾ എല്ലാ വാർഡിലും

അവസ്ഥാപഠനം

പഞ്ചായത്തിലെ കുട്ടികളുടെ നിലവിലുള്ള അവസ്ഥയും പ്രശ്നങ്ങളും കണ്ടെത്തുന്നതി നായി വിവിധ സ്ഥാപനങ്ങളിൽ നിന്നും ദ്വിതീയ വിവരശേഖരണം വഴി വിവരങ്ങൾ ശേഖരിച്ചു വിശകലനം നടത്തി.

ജനസംഖ്യ..... 47875
പട്ടികജാതി വിഭാഗം..... 5144
പട്ടികവർഗ്ഗ വിഭാഗം..... 482
അംഗനവാടികളുടെ എണ്ണം..... 48
വിസ്തീർണ്ണം..... 10 km2
വാർഡുകൾ..... 23

കുട്ടികളുടെ എണ്ണം

വയസ്സ്	പുരു	സ്ത്രീ	ആകെ
0-1 വയസ്സ്	306	288)	594
13 വയസ്സ്	607	567	474
3-5 വയസ്സ	631	580	1211
5-6 വയസ്സ്	273	230	503
6-10 വയസ്സ്	195	212	407
10-19 വയസ്സ്	2965	3024	5989
	4977	4901	9878

ഭിന്നശേഷിക്കാരായ കുട്ടികൾ..... 98

അങ്കണവാടികളുടെ എണ്ണം..... 48

സ്വന്തം കെട്ടിടം ഇല്ലാത്തത്..... 6

അവസ്ഥാ വിശകലനത്തിൽ നിന്നും ബോധ്യപ്പെട്ടത്

- 0-18 വയസ് വരെയുള്ള കുട്ടികളിൽ ആൺപെൺ അനുപാതത്തിന്റെ കുറവ്
- കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ
- സ്ക്കൂളുകളിലെയും അങ്കണവാടികളിലെയും അടിസ്ഥാന സൌകര്യങ്ങൾ കുറവ്
- ഭിന്നശേഷിക്കാരായ കുട്ടികൾ 98 പേരുണ്ട് പ്രത്യേക പരിചരണം ആവശ്യമാണ്.

കുട്ടികളുടെ ഗ്രാമസഭകൾ

മുൻകാലങ്ങളിൽ കുട്ടികൾക്ക് പദ്ധതി ഉണ്ടാക്കുമ്പോൾ കുട്ടികളുടെ അഭിപ്രായമോ താല്പ ര്യമോ അന്വേഷിച്ചിരുന്നില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 23 വാർഡിലും കുട്ടികളുടെ ഗ്രാമസഭകൾ നടത്തി.

കുട്ടികളുടെ ഗ്രാമസഭ നിർദ്ദേശങ്ങൾ

- വീട്, സ്കൂൾ, സമൂഹം എന്നിവടങ്ങളിൽ നിന്ന് കരുതലും സംരക്ഷണവും വേണം.
- ലൈബ്രറി നവീകരണം
- ക്ലാസ്റൂം നവീകരണം
- ശുദ്ധമായ കുടിവെള്ളം
- കളിസ്ഥലം ഉണ്ടാവണം
- കിഡ്സ് പാർക്ക് സ്ഥാപിക്കണം
- കലാകായിക പരിശീലനം
- നീന്തൽ പരിശീലനം
- സ്കൂളിൽ പ്രഭാത ഭക്ഷണം
- ശുചിത്വപൂർണ്ണമായ ശൗചാലയങ്ങൾ (കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി)
- ലഹരി വിമുക്ത സ്കൂൾ പരിസരം
- മികച്ച ഗതാഗത സൗകര്യം
- സ്കൂൾ ബസ്
- നല്ല മേശയും കസേരയും
- സ്കൂളിന്റെ മുമ്പിൽ ബസ് സ്റ്റോപ്പ്

കുട്ടികളുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും ചർച്ച ചെയ്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചു. എല്ലാ വാർഡിൽ നിന്നും ഒരു ആൺകുട്ടിയെയും, ഒരു പെൺകുട്ടിയെയും പഞ്ചായത്ത് തല സമിതിയിലേക്ക് തിരഞ്ഞെടുത്തു.

കുട്ടികളുടെ പ്രൊജക്ടുകൾക്ക് നീക്കി വെച്ച വിഹിതം

2016-17 - 2595000

2017-18 - 16977000

2018-19 - 15086000

2017–18 ൽ പദ്ധതി പ്രവർത്തനങ്ങളിൽ 31 പ്രോജക്ടുകളിലായി 16977000 രൂപയാണ് കുട്ടികൾക്ക് വേണ്ടി വകയിരുത്തിയത്. ഇതിൽ 30 പ്രോജക്ടുകളും സമയബന്ധിതമായി തന്നെ പൂർത്തി കരിക്കാൻ കഴിഞ്ഞു. പഞ്ചായത്തിന്റെ പ്രോജക്ടുകളിൽ ഏറ്റവും ആദ്യം പൂർത്തീകരിച്ചത് കുട്ടികൾക്ക് വേണ്ടിയുള്ളതാണ്.

പ്രധാന പ്രൊജക്ടുകൾ

- അംഗനവാടികളുടെ നവീകരണം
- സ്കൂൾ അടുക്കള നവീകരണം
- സ്കൂളുകളുടെ നവീകരണം
- കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം
- ലൈബ്രറികൾ, റീഡിംഗ് റൂം നിർമ്മാണം
- അംഗനവാടി കിണർ
- ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്
- ജാഗ്രത സമിതി ശാക്തീകരണം
- എൽ.പി, യു.പി സ്കൂൾ കുക്കിംഗ് ഗ്യാസ്
- ബാലസൗഹൃദ ഫർണീച്ചർ
- സ്പോർട്ട്സ് അക്കാദമി
- സ്പോർട്ട്സ് കിറ്റ്
- ക്ലാസ് റൂം കിറ്റ്-സർക്കാർ സ്കൂളിൽ
- ജൈവ വൈവിധ്യ പഠനമുറി
- നീന്തൽ പരിശീലനം
- അംഗപരിമിതർക്ക് വികസന കേന്ദ്രം
- സ്കൂൾ കെട്ടിടനിർമ്മാണം
- എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ
- കുട, ബാഗ്, പാത്രം പട്ടിക വർഗ്ഗ കുട്ടികൾക്ക്
- ഗുണപ്രദമായ വൈദഗ്ദ്ധ്യ വികസനകേന്ദ്രം
- അംഗനവാടി പോഷകാഹാരം
- ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുമായി ചേർന്ന് ബാലസഭ കുട്ടികൾക്ക് ചെണ്ടുമല്ലി പൂ കൃഷി നടത്തി.

സൃഷ്ടിച്ച മാറ്റങ്ങൾ-നേട്ടങ്ങൾ

- ബാലസൗഹൃദ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുത്തതോടെ കുട്ടികൾ കുറേകൂടി ദൃശ്യതയിലേക്ക് വരാൻ തുടങ്ങി.
- കുട്ടികളുടെ അവകാശങ്ങളെകുറിച്ചുള്ള അറിവ് പൊതുസമൂഹത്തിൽ വർദ്ധിച്ചു.
- ബാലസഭ, കുമാരി ക്ലബ്, സ്കൂൾ വികസന സമിതി കുറേകൂടി ശക്തമായി.
- പഞ്ചായത്തിന്റെ മനോഭാവത്തിൽ കാര്യമായ മാറ്റം ഉണ്ടായി. കുട്ടികൾ പഞ്ചായത്തിലേക്ക് വരാൻ തുടങ്ങി.
- സ്കൂൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ പ്രവർത്തനങ്ങൾ പി.ടി.എ കൾ ദൃഢമാക്കാനും ഇടപെടൽ ശക്തമാക്കാനും സാധിച്ചു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏറ്റവും

നല്ല പി.ടി.എ. ആയി കോടാലി സ്കൂൾ പി.ടി.എ യെ തെരഞ്ഞെടുത്തു.

- ⇨ സ്കൂൾ ഹരിതം പദ്ധതിയുടെ ഭാഗമായി ആരോഗ്യ ശുചിത്വ വിദ്യാലയം സാധ്യമായി.
- ⇨ സ്ത്രീ പുരുഷ സമത്വ പൂർണ്ണമായ ഇടപെടലിലൂടെ സ്കൂളിൽ ആരോഗ്യകരമായ അന്തരീക്ഷം ഉണ്ടായി.
- ⇨ കുട്ടികൾ ആസൂത്രണ പ്രവർത്തനങ്ങളിൽ ഇടപെടാൻ തുടങ്ങിയപ്പോൾ പഞ്ചായത്തിന് കുട്ടികൾക്ക് വേണ്ടിയുള്ള പരിപാടികളിൽ കൂടുതൽ വ്യക്തത കൈവന്നു. കൂടുതൽ ഫണ്ട് മാറ്റിവെക്കാൻ സാധിച്ചു.
- ⇨ എം.പി, എം.എൽ.എ, എൻ.ജി.ഒ ഫണ്ടുകൾ കൂടി സമന്വയിപ്പിച്ച് സ്കൂൾ, അങ്കണവാടി, ലൈബ്രറികൾ എന്നിവയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചു.
- ⇨ കുട്ടികൾക്ക് ജാതി, മത, രാഷ്ട്രീയ വ്യത്യാസമില്ലാതെ കൂട്ടമായി വരാനും പ്രവർത്തിക്കാനും കഴിഞ്ഞു.

മോണിറ്ററിംഗ്

ബാലസൗഹൃദ തദ്ദേശഭരണ പ്രവർത്തനങ്ങൾ, പ്രൊജക്ടുകളുടെ നടത്തിപ്പ് തുടങ്ങിയവയെല്ലാം ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും സംയുക്തമായി മോണിറ്റർ ചെയ്യുന്നു. കുട്ടികളുടെ പഞ്ചായത്ത്തല സമിതിയും മോണിറ്റർ ചെയ്യപ്പെടുന്നുണ്ട്.

കുട്ടികളോടൊപ്പം
ബാലസൗഹൃദ കാട്ടാക്കട ഗ്രാമപഞ്ചായത്ത്

ആമുഖം

തിരുവനന്തപുരം ജില്ലയിൽ വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്താണ് കാട്ടാക്കട. 21 വാർഡുകളിൽ 10952 വീടുകളിലായി 43218 ആളുകൾ താമസിക്കുന്നു. ബാലസൗഹൃദ പഞ്ചായത്താക്കി മാറ്റുന്നതിനായി കിലയിൽ പരിശീലനം ലഭിച്ചു. കിലയിൽ നിന്നും ലഭിച്ച പരിശീലനം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പ്രചോദനമായി. തുടർന്ന് പഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് ബാലസൗഹൃദപഞ്ചായത്താക്കി മാറ്റാനുള്ള കർമ്മപരിപാടികൾ തീരുമാനിച്ചു. ആരോഗ്യം, വിദ്യാഭ്യാസം, അങ്കണവാടി, ബാലസഭ എന്നീ നാല് മേഖലകളിൽ ഉപസമിതികൾ രൂപീകരിച്ചു. കില മെന്ററുടെ സഹായത്തോടെ തുടർന്ന് നിരവധി യോഗങ്ങളും കൂടിയാലോചനകളും നടത്തുകയുണ്ടായി. 17.10.17 ന് പ്രാരംഭ പ്രഖ്യാപന വിളംബരം പൊതുജന പങ്കാളിത്തത്തോടെ നടത്തി. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ബാലസൗഹൃദ സന്ദേശബോർഡുകളും സ്ഥാപിച്ചു. കുട്ടികളുടെ അവസ്ഥാവിശകലനവും കുട്ടികളുടെ ഗ്രാമസഭയും നടത്തി. നിലവിലുള്ള അവസ്ഥ, പ്രശ്നങ്ങൾ എന്നിവ കണ്ടെത്തി.

കുട്ടികളുടെ എണ്ണം

Sl.No	വയസ്സ്	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ
1	0 – 1 വയസ്സ്	201	198	399
2	1 – 3 വയസ്സ്	345	354	699
3	3 – 5 വയസ്സ്	389	370	759
4	5 – 6	307	298	605
	ആകെ 0– 6 വയസ്സ്	**1242**	**1220**	**2462**
5	6 – 10	1377	1304	2681
6	10– 19	2844	2654	5498
	ആകെ	**5463**	**5178**	**10641**

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ

- സെറിബ്രൽ പാൾസി..... 2
- ഓട്ടിസം ബാധിച്ചവർ..... 6
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ..... 33
- കാഴ്ച ശക്തി ഇല്ലാത്തവർ..... 18
- കേൾവി/സംസാരശേഷി ഇല്ലാത്തവർ..... 15
- ബഹുവൈകല്യം നേരിടുന്നവർ..... 10

അങ്കണവാടികൾ

- ആകെ എണ്ണം..... 38
- കെട്ടിടം ഉള്ളത്..... 34
- കുടിവെള്ള ലഭ്യത..... 32
- ശിശു സൗഹൃദ ഫർണിച്ചർ 31
- കളി ഉപകരണങ്ങൾ 38

സ്ക്കൂളുകൾ

	ഗവ	പ്രൈവറ്റ്	ആകെ
എൽ.പി	5	4	9
യു.പി		4	4
എച്ച്.എസ്	1	3	4
എച്ച്.എസ്.എസ്	1	3	4
പ്രീ.സ്ക്കൂൾ		6	6

അവസ്ഥാ പഠനത്തിൽ നിന്നും ബോധ്യപ്പെട്ടത്

- വിവരശേഖരണത്തിന്റെ കുറവ്
- അങ്കണവാടികൾ, സ്കൂളുകൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യകുറവ്
- 0-6, 0-18 എന്നീ വിഭാഗങ്ങളിൽ പെൺകുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു
- ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ ശ്രദ്ധിക്കപ്പെടുന്നില്ല
- ഭിന്നശേഷിക്കാരുടെ പ്രത്യേക ഗ്രാമസഭയുടെ അഭാവം
- ജാഗ്രതാസമിതി നിർജ്ജീവം

കുട്ടികളുടെ ഗ്രാമസഭ

പങ്കാളിത്തം

പ്രാദേശികഭരണത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി കുട്ടികളുടെ ഗ്രാമസഭകൾ പഞ്ചായത്ത്തലത്തിലും വാർഡ്തലത്തിലും നടത്തി.ഭിന്നശേഷി കുട്ടികളുടെ പ്രത്യേക ഗ്രാമസഭയും നടത്തുകയുണ്ടായി.

കുട്ടികളുടെ ഗ്രാമസഭയിൽ നിന്നും കണ്ടെത്തിയ പ്രശ്നങ്ങൾ/നിർദ്ദേശങ്ങൾ

- വികസനപ്രക്രിയയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഇല്ലായ്മ
- പ്രാദേശിക ഭരണത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉണ്ടാവണം
- കളിസ്ഥലത്തിന്റെ അഭാവം

- സുരക്ഷിതമായ പൊതുയിടങ്ങളുടെ അഭാവം
- ഭിന്നശേഷിക്കാർക്ക് വീട്ടിലും പൊതുഇടങ്ങളിലും റാമ്പ് പൂർണ്ണമല്ല
- മദ്യം, മയക്ക് മരുന്ന് എന്നിവക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകളുടെ അഭാവം
- പ്ലാസ്റ്റിക്ക് , ജലസംരക്ഷണം, ജെൻഡർ, മാലിന്യസംസ്ക്കരണം തുടങ്ങിയവയെക്കുറിച്ച് അവബോധം ഉണ്ടാക്കണം
- കൗൺസിലിംഗ് സെന്ററുകൾ
- ലൈബ്രറികൾ കാര്യക്ഷമമാക്കണം
- വിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ, പഠനനിലവാരം വർദ്ധിപ്പിക്കണം

ബാലസൗഹൃദ സമീപനം

ഉപസമിതികളിൽ നിന്നും ബാലസഭകളിൽ നിന്നും കുട്ടികളുടെ ഗ്രാമസഭകളിൽ നിന്നും കിട്ടിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് വാർഷിക പദ്ധതികൾ രൂപപ്പെടുത്തുന്നത്. കൂടാതെ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും കുട്ടികളുടെ പങ്കാളിത്തം ഉണ്ട്.

കുട്ടികൾക്കായുള്ള സുപ്രധാന പ്രോജക്റ്റുകൾ

- പ്രീ പ്രൈമറി കുട്ടികൾക്ക് പോഷകാഹാരം
- ശിശുസൗഹൃദ ഫർണീച്ചറുകൾ
- അങ്കണവാടി കുട്ടികൾക്ക് പോഷകാഹാരം
- ആരോഗ്യപരിശോധനയും പ്രതിരോധ കുത്തിവയ്പ്പും
- സ്കൂളുകളിൽ പാർക്ക്
- എസ്.സി/ എസ്.ടി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ
- ബാലസഭാക്യാമ്പും പഠനയാത്രയും
- ഹൈടെക് ക്ലാസ്സ് റൂം
- ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്
- ജാഗ്രതാസമിതി ശക്തിപ്പെടുത്തൽ
- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്
- പാലിയേറ്റിവ് കെയർ പരിചരണം

മാതൃക പ്രൊജക്ടുകൾ

- ആമച്ചൽ PHC യിൽ ബാലസൗഹൃദ പാർക്ക്
- SC വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷ പരിശീലനം
- അങ്കണവാടികൾ ബാലസൗഹൃദമാക്കൽ

- കായിക പരിശീലനം
- ഭിന്നശേഷി കുട്ടികളുടെ കലോത്സവം

വ്യത്യസ്ത ഇടപെടലുകൾ

- നെൽകൃഷി
- ജലസംരക്ഷണ പ്രവർത്തനങ്ങൾ
- വൃദ്ധസദനം ശുചീകരണം
- സ്കൂളുകളിൽ പൂന്തോട്ട പരിചരണം
- അങ്കണവാടി പൂർവവിദ്യാർത്ഥി സംഗമം
- ലൈബ്രറി- ബാലവേദി
- സ്കൂളുകൾ പ്ലാസ്റ്റിക് രഹിതമാക്കൽ
- ഫുട്ബോൾ പ്രചരണം
- ബാലാവകാശ വാരാചരണം
- ഗ്രാമവികസനം നേർകാഴ്ചയിൽ
- ബോധവല്ക്കരണ ക്ലാസുകൾ
- SPC യിലൂടെ വിവിധ പ്രവർത്തനങ്ങൾ

സൃഷ്ടിച്ച മാറ്റങ്ങൾ

- SPC യിലൂടെ അച്ചടക്കം, ഉയർന്ന വിദ്യാഭ്യാസ നിലവാരം, ആരോഗ്യസംരക്ഷണം, ലഹരി -കുറ്റവാസന കുറയ്ക്കൽ, നേതൃത്വഗുണം, ആത്മവിശ്വാസം എന്നിവ നേടിയെടുക്കാൻ സാധിച്ചു.
- ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങിയവരുടെ മനോഭാവത്തിൽ മാറ്റം വന്നു തുടങ്ങി.
- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് കൂടുതൽ പരിഗണന ലഭ്യമായി
- പ്രാദേശിക ഭരണത്തിലും വികസന പ്രക്രിയയിലും കുട്ടികളുടെകൂടി പങ്കാളിത്തം കൊണ്ട് വരാൻ സാധിച്ചു.
- അങ്കണവാടികൾ, സ്ക്കൂളുകൾ തുടങ്ങിയവയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സാധിച്ചു.
- കുട്ടികളുടെ ആരോഗ്യകാര്യത്തിൽ കൂടുതൽ ശ്രദ്ധ കൊണ്ട് വരാൻ സാധിച്ചു.

കുട്ടികൾ നാടിന്റെ സമ്പത്ത്
ബാലസൗഹൃദ ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ബ്ലോക്കിൽ പെട്ട ഗ്രാമപഞ്ചായത്താണ് ഉണ്ണികുളം. ഉണ്ണികുളം, ശിവപുരം എന്നീ രണ്ടു വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന പഞ്ചായത്തിന് 38.26 ച. കി. മീ വിസ്തൃതിയുണ്ട്. 23 വാർഡുകളിൽ 11731 കുടുംബങ്ങളിലായി 49348 ജനസംഖ്യയും. ഉണ്ണികുളം ഗ്രാമപഞ്ചായത്തിനെ ബാലസൗഹൃദപഞ്ചായത്താക്കി മാറ്റുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് കിലയിൽ നിന്നും ലഭിച്ച പരിശീലനത്തോടെയാണ്. പരിശീലനത്തോടെ ഈ മേഖലയിൽ സമഗ്രമായി ഇടപെടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടു. തുടർന്ന് ഭരണസമിതി തീരുമാനമെടുക്കുകയും ആവശ്യമായ സബ്കമ്മറ്റികൾ രൂപീകരിക്കുകയും ചെയ്തു. ബാലസൗഹൃദ തദ്ദേശ ഭരണം എന്ന ആശയം പൊതുജനങ്ങളിലെത്തിക്കുന്നതിനായി വിവിധ തരത്തിലുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂടിയിരിപ്പുകൾ, നിർവ്വഹണ ഉദ്യോഗസ്ഥരുടെ മീറ്റിംഗ്, വിവിധ വിഭാഗം ആളുകളുമായുള്ള ചർച്ച, വിളംബര ജാഥ, സ്ക്കൂൾ അസംബ്ലികളിൽ അവതരണം. ബാലസഭ, കുടുംബശ്രീ പ്രവർത്തകർക്കുള്ള ക്ലാസ്സുകൾ, ബോർഡുകൾ, നോട്ടീസുകൾ എന്നിവയിലൂടെ വിപുലമായ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

അവസ്ഥാ വിശകലനം

പഞ്ചായത്തിലെ കുട്ടികളുടെ നിലവിലുള്ള അവസ്ഥ, പ്രശ്നങ്ങൾ, എന്നിവ കണ്ടെത്തുന്നതിനായി ദ്വിതീയ വിവരങ്ങൾ ശേഖരിച്ച് അവസ്ഥാ പഠനം നടത്തി. കുട്ടികളുടെ സ്ഥിതി വിവരകണക്കുകൾ, കുട്ടികൾ ബന്ധപ്പെടുന്ന സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ, നിലവാരം, നേരിടുന്ന പ്രശ്നങ്ങൾ എന്നിവയെല്ലാം ശേഖരിച്ചു. സ്ക്കൂളുകൾ, അങ്കണവാടികൾ, പ്രൈമറി ഹെൽത്ത് സെന്റർ, കുടുംബശ്രീ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശേഖരിച്ചു. അവസ്ഥാപഠനം പരമാവധി പങ്കാളിത്ത രൂപത്തിൽ ചെയ്യാൻ ശ്രമിച്ചു.

ജനസംഖ്യ (2011 സെൻസസ്)

സ്ത്രീകൾ.....5910

പുരുഷന്മാർ 23438

ആകെ.....49348

പട്ടികജാതി ആകെ.....7067

ആൺ.....3245

പെൺ 3822

പട്ടികവർഗം ആകെ 272

പുരുഷന്മാർ 135

സ്ത്രീകൾ.....137

അങ്കണവാടികൾ 47

കെട്ടിടം ഉള്ളത്.....46

	സ്ക്കുളുകൾ	Govt	Aided
LPS	12	7	5
UPS	7	2	5
HS with HSS	2		
Total	**21**		

ആരോഗ്യം

PHC.....1

ആയുർവേദ ഡിസ്പെൻസറി.....1

ഹോമിയോ.....1

യുനാനി.....1

സബ് സെന്ററുകൾ.....7

അവസ്ഥാ വിശകലനം കണ്ടെത്തിയ പ്രശ്നങ്ങൾ

- കുട്ടികളുടെ വിവരശേഖരണത്തിന്റെ അഭാവം.
- ലഭ്യമായ വിവരങ്ങളുടെ കൃത്യത കുറവ്.
- 0-6, 0-18 വിഭാഗങ്ങളിൽ പെൺകുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു.
- അങ്കണവാടികളിൽ ശിശു സൗഹൃദ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്.
- സ്ക്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്.
- കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ടോയ്ലറ്റുകൾ ഇല്ലാത്ത പ്രശ്നമുണ്ട്.
- അങ്കണവാടികളിൽ കുട്ടികളുടെ എണ്ണം കുറവാണ്.
- ചില പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്.
- കുട്ടികളുടെ ഇടയിലുള്ള പോഷകാഹാര കുറവ്.
- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ.
- ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ സൗകര്യങ്ങളുടെ കുറവ്.
- ബാലസഭ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള മന്ദത.

കുട്ടികളുടെ ഗ്രാമസഭകൾ

പഞ്ചായത്തിലെ 23 വാർഡുകളിലും വിപുലമായ മുന്നൊരുക്കത്തോടെ കുട്ടികളുടെ ഗ്രാമസഭകൾ നടന്നു. ഒരോ വാർഡിലും സ്വാഗത സംഘം രൂപീകരിച്ച് പ്രചരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ബോർഡുകൾ, നോട്ടീസുകൾ, വിളംബര ജാഥകൾ, സ്ക്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കൽ, രക്ഷിതാക്കളുടെ യോഗങ്ങൾ എന്നിവയിലൂടെ പ്രചരണ പ്രവർത്തനം ഊർജ്ജിതമായി. ഓരോ കുട്ടികൾക്കും അഡ്രസ്സെഴുതിയ ക്ഷണക്കത്ത് നേരിട്ട് വീട്ടിൽപോയി കൊടുത്ത് ക്ഷണിച്ചത് കുട്ടികളിൽ ആവേശം ജനിപ്പിച്ചു.

ഗ്രാമസഭ ഫലപ്രദമാക്കുന്നതിനായി ഗ്രാമസഭ ഫെസിലിറ്റേറ്റർമാർക്കും (കുട്ടികൾ) ഗ്രാമസഭ കോർഡിനേറ്റർമാർക്കും (അങ്കണവാടി വർക്കർ) പരിശീലനം നൽകിയിരുന്നു. ഗ്രാമസഭയിൽ പങ്കെടുത്തവർക്കുള്ള ലഘുഭക്ഷണം, അലങ്കാരങ്ങൾ തുടങ്ങിയവയെല്ലാം സ്വാഗതസംഘം സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുകയുണ്ടായി. ശരാശരി പങ്കാളിത്തം 90%ന് മുകളിലാണ്. കുട്ടികൾ നിശ്ചിത സമയത്തിന് മുമ്പ് തന്നെ ഹാളിൽ എത്തിച്ചേരുകയും എല്ലാ നടപടി ക്രമങ്ങളും കഴിഞ്ഞു പോയതിന് ശേഷം മാത്രം പിരിഞ്ഞു പോവുകയും ചെയ്തത് ശ്രദ്ധേയമായി.

ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾ/നിർദ്ദേശങ്ങൾ

1. വീട് സൗഹൃദപരമല്ല്.
2. വീടുകളിൽ കുട്ടികൾ ശാരീരിക മാനസിക പീഡനങ്ങൾ അനുഭവിക്കുന്നു. ആയതിനാൽ രക്ഷിതാക്കൾക്ക് കുട്ടികളുടെ പരിപാലനം സംബന്ധിച്ച് പരിശീലനം നൽകണം.
3. രക്ഷിതാക്കളിലെ മദ്യപാനം, കുടുംബ സംഘർഷങ്ങൾ, വിവാഹമോചനം തുടങ്ങിയവ കുട്ടികൾക്ക് പ്രയാസമുണ്ടാക്കുന്നു.
4. കുട്ടികളിലെ മാനസിക ആരോഗ്യ കുറവ്.
5. മൊബൈൽ, ഇന്റർനെറ്റ് ദുരുപയോഗം
6. ആത്മഹത്യാ പ്രവണത
7. യാത്രാ പ്രശ്നം
8. സ്ക്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്
9. പഠന നിലവാരക്കുറവ്
10. ഭാഷാ പഠനം കാര്യക്ഷമമല്ല
11. അദ്ധ്യാപകരുടെ ഭാഗത്ത് നിന്നുള്ള ശാരീരിക ശിക്ഷകൾ, മാനസിക പീഡനങ്ങൾ.
12. കായിക ക്ഷമതയില്ലായ്മ
13. കളിസ്ഥലങ്ങളുടെ അഭാവം
14. ലൈംഗിക അതിക്രമങ്ങൾ
15. കുട്ടികളുടെ അഭിപ്രായങ്ങൾ മുഖവിലക്കെടുക്കുന്നില്ല.
16. പെൺകുട്ടികളിലെ നേരത്തെയുള്ള വിവാഹം പഠനത്തെ ബാധിക്കുന്നു.
17. സ്ക്കൂൾ ലൈബ്രറികളുടെയും ലാബോറട്ടറികളുടെയും പോരായ്മകൾ.
18. സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ടോയ്ലറ്റുകൾ ഇല്ല. ഉള്ളവയിൽ ആവശ്യത്തിന് വെള്ളമില്ലാത്ത അവസ്ഥയുമുണ്ട്.
19. കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങൾ വേണ്ടത്ര ഗൗരവത്തിൽ പരിഗണിക്കപ്പെടുന്നില്ല.
20. സുരക്ഷിതമല്ലാത്ത റോഡുകൾ, ട്രാഫിക് നിയമ ലംഘനങ്ങൾ എന്നിവ കാരണം അപകടങ്ങൾ ഉണ്ടാവുന്നു.

21. ലഹരി വസ്തുക്കളുടെ വില്പന സ്കൂളുകൾക്ക് അടുത്ത് വ്യാപകമാവുന്നു.

22. സാമ്പത്തിക പ്രയാസം അനുഭവപ്പെടുന്ന കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ.

23. കുട്ടികളെ പൗരന്മാരായി കണക്കാക്കുന്നില്ല.

24. കുടുംബത്തിൽ കുട്ടികൾ അനുഭവിക്കുന്ന അവഗണനയും പീഡനവും.

25. പ്രതിരോധ കുത്തിവെപ്പുകൾ കൃത്യമായി എടുക്കാത്ത കുട്ടികളുണ്ട്.

26. സ്ക്കൂളുകളിൽ ഭക്ഷണം കഴിക്കുന്നതിനുള്ള ഡൈനിംഗ്ഹാളും വൃത്തിയായ പാചക പുരയും ഉണ്ടാക്കണം.

27. കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിൽ കുട്ടികളെ കൂടി ഉൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കണം.

ബാലസൗഹൃദ സമീപനത്തിലേക്ക്

അവസ്ഥാ പഠനത്തിന്റെയും കുട്ടികളുടെ ഗ്രാമസഭ നിർദ്ദേശങ്ങളുടെയും വിവിധ വിഭാഗം ആളുകളുമായിട്ടുള്ള ചർച്ചകളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതിയും സ്റ്റാൻഡിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ചർച്ച ചെയ്ത ബാലസൗഹൃദ നയത്തിന്റെ കരട്രേഖ തയ്യാറാക്കി. ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുത്ത കുട്ടിയെയും ഉൾപ്പെടുത്തി (ആകെ 46 പേർ) പഞ്ചായത്ത് തല വികസന സമിതിയും അതിന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയും രൂപീകരിച്ചു. കുട്ടികൾക്കായി മാത്രം പുതിയ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചു. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും രണ്ടു വീതം കുട്ടികളെ ഉൾപ്പെടുത്തുകയും ചെയ്തു.

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പ്രോജക്ടുകൾ

1. എഫക്ടീവ് പാരന്റിംഗ്

കുട്ടികളുടെ സംരക്ഷണം സംബന്ധിച്ച് രക്ഷിതാക്കൾക്ക് പരിശീലനം നൽകി തുടങ്ങി. ആദ്യഘട്ടത്തിൽ മുഴുവൻ സ്ക്കൂളുകളിലെയും PTA ജനറൽ ബോഡി അംഗങ്ങൾക്കായി ക്ലാസുകൾ നടത്തി. രക്ഷിതാക്കളുടെ കുട്ടികളോടുള്ള പെരുമാറ്റത്തിലെ പോരായ്മകൾ, അപകടങ്ങൾ സ്വയം തിരിച്ചറിയാൻ ഈ പരിശീലനം സഹായിച്ചു.

2. ഒന്നാം ക്ലാസ് ഒന്നാംതരമാക്കൽ

പഞ്ചായത്തിലെ മുഴുവൻ ഒന്നാം ക്ലാസും ഒന്നാംതരമാക്കുന്നതിനായി ക്ലാസ് മുറികൾ മനോഹരവും ഹെടെക്കും ആക്കി. ആൻഡ്രോയ്ഡ് ടി.വി, ശിശു സൗഹൃദ ഫർണിച്ചറുകൾ. വൈറ്റ് ബോർഡ്, സൈഡ് റാക്ക്, ചപ്പൽ റാക്ക്, വാഷ് ബേസിൻ, പുസ്തകങ്ങൾ എന്നിവയെല്ലാം സെറ്റ് ചെയ്തു.

3. അങ്കണവാടികൾ ശിശു സൗഹൃദമാക്കൽ.

4. രണ്ടാം ക്ലാസ് സ്മാർട്ട് ക്ലാസ് റൂം ആക്കൽ (ഒന്നാം ക്ലാസ് ഒന്നാംതരമാക്കിയ പോലെ).

5. ഹരിത വിദ്യാലയം

കൃഷി, ജലസംരക്ഷണം, മാലിന്യ സംസ്ക്കരണം എന്നിവ കുട്ടികളുടെ ജീവിത രീതിയിൽ കൊണ്ടു വരുന്നതിനായുള്ള നിരവധി പ്രവർത്തനങ്ങൾ. റിംഗ് കമ്പോസ്റ്റുകൾ, ബിന്നുകൾ എന്നിവ സ്ഥാപിച്ചു.

6. ആരോഗ്യ ബാലസേന

തെരഞ്ഞെടുത്ത കുട്ടികളെ ഉപയോഗിച്ച് രൂപീകരിച്ച ബാലസേന കുട്ടികൾക്കും മുതിർന്നവർക്കുമിടയിൽ ആരോഗ്യ ശുചിത്വ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ശുചിത്വ പോലീസായും പ്രവർത്തിക്കുന്ന ഇവർക്ക് പ്രത്യേക യൂണിഫോമും Identity Card ഉം നൽകിയിട്ടുണ്ട്.

7. കൃഷിപാഠം

കുട്ടികളെ കൃഷിയിൽ താൽപര്യമുള്ളവരാക്കി മാറ്റുന്നതിനായുള്ള ജൈവ കൃഷി, വിവിധ കൃഷി രീതികൾ, ജൈവ കീടനാശിനി നിർമ്മാണം, മണ്ണ് പരിശോധന തുടങ്ങിയവയെക്കുറിച്ചെല്ലാം പ്രായോഗിക അറിവ് നൽകുന്നു. നാട്ടറിവുകളും വിദഗ്ധരുമായുള്ള ചർച്ചയുമെല്ലാം ഇതിന്റെ ഭാഗം. വിളവെടുപ്പ് ഉത്സവങ്ങൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്ക് 6500 പാക്കറ്റ് വിത്ത് സൗജന്യമായി വിതരണം ചെയ്തു.

8. ഭാഷാ ക്ലബ്ബുകൾ

ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നതിന് വേണ്ടി ഭാഷാക്ലിനിക്കുകൾ, സ്ക്കൂളുകളിൽ പ്രവർത്തിച്ചു വരുന്നു. ഇവർക്കാവശ്യമായ പരിശീലനങ്ങൾ, പുസ്തകങ്ങൾ എന്നിവയെല്ലാം നൽകുന്നു.

9. സയൻസ് ഫെസ്റ്റ്

യു.പി സ്ക്കൂൾ വിദ്യാർത്ഥികളെ ശാസ്ത്രാവബോധമുള്ളവരാക്കാൻ സയൻസ് ഫെസ്റ്റ്. കുട്ടികൾ പ്രോജക്ടുകൾ തയ്യാറാക്കി തുടർപ്രവർത്തനം നടത്തിവരുന്നു.

10. ഇംഗ്ലീഷ് തിയറ്റർ ക്ലബ്ബ്

ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനും ഭാഷ സംസാരിക്കുന്നതിനുള്ള കഴിവുണ്ടാക്കുന്നതിനും വേണ്ടിയുള്ള പ്രോജക്ട്. ഇംഗ്ലീഷ് സ്ക്രിപ്റ്റുകൾ തയ്യാറാക്കി നാടകങ്ങൾ അവതരിപ്പിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ.

11. ഗണിത ലാബ്

ഗണിതം രസകരമായി പഠിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ, ടീച്ചിംഗ് എയ്ഡ് നിർമ്മാണം, രീതി ശാസ്ത്രം എന്നിവയെല്ലാ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രോജക്ട്.

12. നീന്തൽ പരിശീലനം

പത്താംതരം വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലിപ്പിച്ച് സർട്ടിഫിക്കറ്റ് നൽകുന്നു. കൂടാതെ മറ്റു കുട്ടികളെയും പഠിപ്പിക്കുന്നു.

13. യോഗ പരിശീലനം

14. കൗൺസലിംഗ്

ബാലസൗഹൃദ പോരൂർ

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ വണ്ടൂർ ബ്ലോക്ക് പരിധിയിൽ വരുന്ന പഞ്ചായത്താണ് പോരൂർ. 6773 കുടുംബങ്ങളിലായി 3200 ജനസംഖ്യയുണ്ട്. 17 വാർഡുകളാണുള്ളത്.

ബാലസൗഹൃദ സമീപനം സുസ്ഥിരമായി പഞ്ചായത്തിൽ നിലനിർത്താൻ വേണ്ട പ്രവർത്തനങ്ങൾ നടത്താൻ ഭരണസമിതി തീരുമാനിക്കുകയും ജനപ്രതിനിധികളും ഉദ്യോഗസ്ഥർക്കും കിലയിൽ പരിശീലനം ലഭ്യമാക്കുകയും ചെയ്തു. കുട്ടികളുടെ അവസ്ഥാപഠനം വിശദമായി നടത്തുകയുണ്ടായി. ക്ഷേമകാര്യ സ്റ്റാന്റിങ്ങ്. കമ്മറ്റിയുടെയും ആരോഗ്യവും വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും സംയുക്ത യോഗങ്ങൾ ചേർന്ന് പ്രവർത്തന പരിപാടികൾ ഏകോപ്പിച്ചു.

കുട്ടികളുടെ ഗ്രാമസഭകൾ

2016-17, 2017-18 വർഷങ്ങളിൽ കുട്ടികളുടെ ഗ്രാമസഭകൾ ഓരോ വാർഡിലും വിപുലമായി സംഘടിപ്പിച്ചു. എല്ലാ വാർഡിലും നല്ല പങ്കാളിത്തമുണ്ടായി. ഗൗരവമായ ചർച്ചകളും നടന്നു.

പങ്കാളിത്തം

ആൺകുട്ടികൾ - 569

പെൺകുട്ടികൾ - 856

ആകെ കുട്ടികൾ - 1425

ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ

1. അങ്കണവാടിയിലും, സ്ക്കൂളിലും, വിനോദത്തിനുള്ള Toys, Computer എന്നിവ വേണം.
2. ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾക്ക് മുൻഗണന.
3. പോഷകാഹാര വിതരണം കാര്യക്ഷമമാക്കണം.
4. കളിസ്ഥലങ്ങൾ നിർമ്മിക്കണം.
5. കൗൺസലിംഗ് നടത്തണം.
6. ആശുപത്രികളിൽ കുട്ടികൾക്ക് പ്രത്യേക ഇരിപ്പിടം.
7. കുട്ടികളോടുള്ള അദ്ധ്യാപകരുടെ പെരുമാറ്റത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്.
8. ശുചിത്വ ബോധവൽക്കരണം വാർഡ് തലത്തിൽ നടക്കണം.
9. വായനശാലകൾ കുട്ടികൾക്ക് ഉപയോഗിക്കുന്ന തരത്തിൽ ആരംഭിക്കണം.
10. ബാലസഭകൾ സജീവമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.
11. പെൺകുട്ടികൾക്ക് സ്വയംരക്ഷാ ശാക്തീകരണ ക്ലാസ്സുകൾ നൽകണം.
12. മദ്രസ്സാ അദ്ധ്യാപകർക്ക് പരിശീലനം നൽകണം.

13. ഭാഷാ പഠനം കാര്യക്ഷമമാക്കണം.

14. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തണം.

15. കൗമാര വിദ്യാഭ്യാസ പരിപാടി, കൗൺസലിംഗ്.

16. പെൺകുട്ടികൾക്ക് സുരക്ഷിതത്വം ഉറപ്പു വരുത്തണം.

17. വാട്ടർപ്യൂരിഫയർ അടക്കം ഉപയോഗിച്ച് സ്ക്കൂളുകളിലും അങ്കണവാടികളിലും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കണം.

18. സ്ക്കൂളിനടുത്തുള്ള കള്ള്ഷാപ്പ് ഉടനെ മാറ്റണം.

19. സ്ക്കൂളുകൾ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം.

    സൗജന്യ കമ്പ്യൂട്ടർ പരിശീലനം നൽകണം.

20. വാർഡുകളിൽ കുട്ടികളുടെ പാർക്ക് സ്ഥാപിക്കണം.

21. ജാഗ്രത സമിതി ശക്തിപ്പെടുത്തണം.

22. കുട്ടികൾക്ക് കൂടുതൽ പങ്കാളിത്ത വേദികൾ ഉണ്ടാവണം.

23. രക്ഷിതാക്കളുടെ കുട്ടികളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തണം

പഞ്ചായത്ത് തല വികസന സമിതി രൂപീകരിച്ചു. സ്ഥിതി വിവര കണക്കുകളുടെയും ഗ്രാമസഭ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ കുട്ടികളുടെ അവകാശ മേഖലകളിലെ ഉയർന്നു വന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സംയോജിത ഇടപെടലിലൂടെ പ്രവർത്തന പരിപാടികൾ രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിനായി ഭൗതിക, സംഘടനാപരമായ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തു. പ്രവൃത്തികളുടെ നടത്തിപ്പിനും മോണ്ിറിംഗിനുമെല്ലാമുള്ള കേന്ദ്രങ്ങളായി അങ്കണവാടികളെ തീരുമാനിച്ചു. സമൂഹത്തിന്റെ മനോഭാവം മാറ്റിയെടുക്കുന്നതിനുള്ള ശ്രമം നടത്താൻ തീരുമാനിച്ചു.

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ

1. ശിശു സൗഹൃദ അങ്കണവാടികൾ (അടിസ്ഥാന സൗകര്യങ്ങൾ, ചുമർചിത്രങ്ങൾ, പരിശീലനങ്ങൾ, കളിക്കോപ്പുകൾ തുടങ്ങിയവ)

2. ശിശു സൗഹൃദ ലൈബ്രറി (33 അങ്കണവാടികളിലും പുസ്തകം നൽകി കുട്ടികൾക്കുള്ള ലൈബ്രറി പ്രവർത്തനമാരംഭിച്ചു). ബാലസൗഹൃദ പ്രവർത്തന ഫണ്ടായി 2000/ രൂപ വീതം നൽകുകയും ചെയ്തു.

3. കൗമാര ക്ലബ്ബ് : 33 കേന്ദ്രങ്ങളിലും കൗമാര ക്ലബ്ബ്. ഇതിനായി 6 അംഗ ഭരണ സമിതി (3 ആൺ, 3 പെൺ), കൃത്യമായ പ്രവർത്തന കലണ്ടർ തയ്യാറാക്കി.

4. ബാലസൗഹൃദ പ്രവർത്തനങ്ങളുടെ സംഘാടനത്തിന്റെ അടിസ്ഥാന ഘടകം കൗമാര ക്ലബ്ബുകൾ (ഗ്രാമസഭ സംഘാടനം അടക്കം)

5. വിദ്യാലയങ്ങളിൽ ടോയ്ലറ്റ്, വാട്ടർ ട്രീറ്റ്മെന്റ് സംവിധാനം. കൃഷി, മൃഗസംരക്ഷണ സംവിധാനങ്ങൾ, ചുമർ ചിത്രങ്ങൾ, നീന്തൽ പരിശീലനം മുതലായ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.

നേരിട്ട തടസ്സങ്ങൾ

- □ മനോഭാവത്തിലെ തടസ്സങ്ങൾ
- □ രക്ഷിതാക്കൾ കുട്ടികളെ പഠനത്തിൽ മാത്രം കേന്ദ്രീകരിപ്പിക്കുന്നു.
- □ കൗമാര ക്ലബ്ബുകൾ കൃത്യമായി നടത്തി കൊണ്ടു പോവാൻ യോഗങ്ങൾ ചേരുന്നതിന് പ്രയാസം നേരിടുന്നു (അങ്കണവാടികളിൽ സൗകര്യക്കുറവ്).

പരിഹാര ശ്രമങ്ങൾ

- ⇨ ബോധവൽക്കരണം.
- ⇨ മികവുകൾ ബോധ്യപ്പെടുത്തൽ
- ⇨ അയൽപക്ക കൗമാര കൂട്ടായ്മകൾ.
- ⇨ സംഘടന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ.
- ⇨ ആഴ്ചയിൽ ഒരു യോഗം - വിദ്യാലയങ്ങൾ വേദിയാകുന്നു.
- ⇨ വിദ്യാലയ പ്രാദേശിക കൂട്ടായ്മകൾ.

നേട്ടങ്ങൾ

- ⇨ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച അവബോധം രൂപപ്പെട്ടുവരുന്നു.
- ⇨ പൊതു സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുന്നു.
- ⇨ കുട്ടികൾ വികസന പ്രക്രിയയിലും പ്രാദേശിക ഭരണ സംവിധാനത്തിലും പഠന പ്രവർത്തനങ്ങളിലും സജീവമായി ഇടപെടാൻ തുടങ്ങി.
- ⇨ കൗമാര ക്ലബ്ബുകൾ, ബാലസഭകൾ, കുട്ടികളുടെ ഗ്രാമസഭ മുതലായവ സജീവമായി.

■■

2. വയോജനസൗഹൃദ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുഭവ പാഠങ്ങൾ

പകൽവീട്
പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

ആമുഖം

പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 60,000 ജനസംഖ്യയിൽ ഏകദേശം 13 ശതമാനത്തോളം വയോജനങ്ങൾ ഉണ്ട്. 5700 സ്ത്രീകളും 3800 പുരുഷന്മാരും. 60 മുതൽ 70 വയസ്സ് വരെ 4000 സ്ത്രീകളും 2650 പുരുഷന്മാരും , 70 മുതൽ 80 വരെ 1100 സ്ത്രീകളും 800 പുരുഷന്മാരും 80 മുതൽ 90 വരെ പ്രായമുള്ളവരിൽ 600 സ്ത്രീകളും 350 പുരുഷന്മാരും . പകൽവീട്, പെൻഷൻ, മുതിർന്ന പൗരന്മാർക്കുള്ള ക്യാമ്പുകൾ, ആരോഗ്യക്യാമ്പുകൾ, വയോജനകൂട്ടായ്മ, സൗഹൃദ സദസ്സുകൾ, പഠനയാത്ര, ലൈബ്രറി, വായനസദസ്സ് എന്നിവ വയോജനങ്ങൾക്കായി ലക്ഷ്യമിടുന്നു. ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ, ഉദ്യോഗസ്ഥർ, കർഷകർ, വ്യവസായികൾ, ഉദാരമനസ്കർ, കുടുംബശ്രീ പ്രവർത്തകർ, അദ്ധ്യാപകർ എന്നിവരുടെയൊക്കെ കൂട്ടായ്മയിലൂടെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ലക്ഷ്യമിടുന്നു. പഞ്ചായത്തിലെ മുഴുവൻ വയോജനങ്ങൾക്കും പ്രയോജനപ്പെടുന്ന തരത്തിലുള്ള പദ്ധതികളായിരിക്കും നടപ്പിലാക്കുക, വയോജനങ്ങളുടെ വികാരം തൊട്ടറിഞ്ഞു ആവശ്യമായ നിർദ്ദേശങ്ങളിലൂടെ പദ്ധതികൾ ആവിഷ്ക്കരിക്കും. എസ്.സി വിഭാഗത്തിനും അംഗവൈകല്യമുള്ളവർക്കും മുന്തിയ പരിഗണന നൽകും. വയോജനങ്ങൾക്കായി കട്ടിൽ നൽകി വരുന്നു. കൂടുതൽ പേർക്ക് നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

പ്രവർത്തനങ്ങൾ

വാർഡ്തലത്തിൽ വയോജനങ്ങളുടെ സർവ്വെ നടത്തി കൃത്യത വരുത്തും- സ്ത്രീകൾ, പുരുഷന്മാർ, രോഗികൾ, അംഗവൈകല്യം ഉള്ളവർ എന്നിവരുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കും. അർഹിക്കുന്ന പരിഗണന ലഭിക്കുന്നതിന് വാർഡ്തലത്തിൽ ക്യാമ്പയിൻ, മുതിർന്ന പൗരന്മാരുടെ അവകാശങ്ങളെ കുറിച്ച് ബോധവൽക്കരണം, പ്രത്യേക ഗ്രാമസഭ എന്നിവ സംഘടിപ്പിക്കും. ഗ്രാമസഭയിൽ ഉയർന്ന് വരുന്ന നിർദ്ദേശങ്ങൾക്ക് മുഖ്യപരിഗണന നൽകും.

പകൽവീട്, സീനിയർ സിറ്റിസൺ ക്യാമ്പുകൾ, ആരോഗ്യക്യാമ്പുകൾ, അതിനോട് ബന്ധപ്പെട്ട കിറ്റുകൾ നൽകൽ, ബോധവൽക്കരണം, സൗഹൃദവേദി, വനോദയാത്ര, പഴയകാല വിനോദങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

പ്രൊജക്ട് ഇടപെടൽമേഖല- വയോജനങ്ങൾക്കായി പകൽ വീടും അനുബന്ധ സൗകര്യങ്ങളും

ആരംഭിക്കാനുണ്ടായ സാഹചര്യം- വാർദ്ധക്യത്തിൽ ഒറ്റപ്പെടലുകൾ, കൂടുതൽ പരിഗണന കിട്ടേണ്ട സമയം എന്നിവയെക്കുറിച്ച് ഗ്രാമപഞ്ചായത്തിനുണ്ടായ ബോദ്ധ്യപ്പെടൽ

പ്രൊജക്ട് വിപുലീകരണം- പകൽവീട് കൊണ്ട് ഒറ്റപ്പെടൽ ആശങ്കയിൽ നിന്നും മോചനം. വിവിധ തരം ക്യാമ്പുകളിലൂടെ അവരുടെ ശുഭ വിശ്വാസം വീണ്ടെടുക്കാൻ കഴിയുന്നു, സൗഹൃദവേദി, വിനോദയാത്ര, പഴയകാല വിനോദം എന്നിവയിലൂടെ അവരുടെ മാനസിക സംഘർഷം മാറ്റിയെടുക്കാൻ സാധിക്കുന്നു. അവരുടെ കുടുംബവുമായും സമൂഹവുമായും ഇഴുകി ചേർന്ന് പഴയകാല പ്രതാപം വീണ്ടെടുക്കാൻ ഒരു പരിധി വരെ കഴിയുന്നു. അവർക്ക് ആശ്വാസവും സമാധാനവും സാധ്യമാവുന്നു.

ലക്ഷ്യങ്ങൾ

വയോജനങ്ങളുടെ ഒറ്റപ്പെടൽ ആശങ്കയിൽ നിന്നും മോചനം സാധ്യമാക്കുക, പഞ്ചായത്ത് അവർക്ക് തുണയായിട്ടുണ്ടാകും എന്ന് ബോദ്ധ്യപ്പെടുത്തുക, വയോജനങ്ങൾക്ക് ലഭിക്കേണ്ട അർഹമായ പരിഗണ ലഭ്യമാക്കുക; സമൂഹത്തിൽ ഒറ്റപ്പെടാതെ അവരെ പ്രവൃത്തിയിലേക്ക് കൊണ്ട് വരിക, വിവിധ മിഷനുകളുടെ ഭാഗമായി നടപ്പിലാക്കുന്ന പരിപാടികളിലും പദ്ധതികളിലും അവരെ പങ്കെടുപ്പിക്കുക, അവരുടെ അനുഭവങ്ങളും കഴിവുകളും പഞ്ചായത്ത്തലത്തിൽ ക്രോഡീകരിക്കുക, കാർഷിക മേഖലയുമായി അവരെ ബന്ധപ്പെടുത്തുക, കുടുംബത്തിൽ നിന്നും അവർക്ക് കിട്ടേണ്ട മാന്യമായ പരിഗണന ഉറപ്പ് വരുത്തുക, വയോജനങ്ങൾക്ക് സന്തോഷവും സമാധാനവും നൽകുന്ന അന്തരീക്ഷം ഒരുക്കുക.

നേതൃത്വം

ഗ്രാമപഞ്ചായത്ത്, വിവിധ വകുപ്പുകൾ

പ്രവർത്തനഘടകം

ആദ്യഘട്ടത്തിൽ നാലോ അഞ്ചോ വാർഡുകൾക്കായി ഒരു പകൽവീട്, സൗഹൃദക്യാമ്പ്, ആരോഗ്യക്യാമ്പ്, ബോധവൽക്കരണം, രണ്ടാംഘട്ടത്തിൽ മറ്റ് വാർഡുകളിലും ആവശ്യമായ മാറ്റങ്ങളോടെ നടപ്പാക്കുക.

പങ്കാളിത്ത സംവിധാനം

ജനപ്രതിനിധികൾ, ഗ്രാമസഭ, സന്നദ്ധ സാംസ്ക്കാരിക പ്രവർത്തകർ, വ്യവസായികൾ, ആരോഗ്യപ്രവർത്തകർ, കുടുംബശ്രീ, അങ്കണവാടികൾ, അദ്ധ്യാപകർ, കർഷകർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, കുടുംബങ്ങൾ എന്നിവർ.

ഫണ്ട്/വിഭവ സ്രോതസ്സ്

വികസനഫണ്ട്, തനത് ഫണ്ട്, സന്നദ്ധപ്രവർത്തകരുടെയും ഉദാരമനസ്ക്കരുടെയും സഹായം, വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന സഹായങ്ങൾ, സ്പോൺസർഷിപ്പ് തുടങ്ങിയവ

നേട്ടങ്ങൾ

ഒറ്റപ്പെടലിൽ നിന്ന് മോചനം, പഞ്ചായത്തും സമൂഹവും കൂടെയുണ്ടെന്ന ഉറച്ച വിശ്വാസം, സമൂഹത്തിനോടൊത്ത് പ്രവർത്തിക്കാനും പ്രായാധിക്യത്താൽ അനുഭവപ്പെടുന്ന വിരസത ഒഴിവാക്കാനും, തങ്ങളുടെ അവകാശങ്ങൾ ബോധ്യമാകുന്നതിലൂടെ മാനസിക സംതൃപ്തിയും അർഹിക്കുന്ന പരിഗണനയും ഉണ്ടാക്കിയെടുക്കുവാനും സാധിക്കുന്നു.

നേരിടുന്ന പ്രശ്നങ്ങൾ, പരിഹാരങ്ങൾ

കുടുംബത്തിൽ നിന്നുള്ള ഒറ്റപ്പെടൽ വഴി മാനസിക പ്രയാസങ്ങൾ, സമൂഹത്തിൽ ശ്രദ്ധിക്കപ്പെടാൻ ആളില്ല എന്ന തോന്നൽ എന്നിവ പ്രശ്നങ്ങളായി നിൽക്കുന്നു.

വയോജനങ്ങൾക്കായി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ അവർക്ക് പ്രയോജനകരമാണ് എന്ന് ബോദ്ധ്യപ്പെടുത്തലിലൂടെ അതിന് പരിഹാരം ഉണ്ടാക്കാൻ കഴിയുന്നു.

1. നിലവിലെ അവസ്ഥ

ഗ്രാമപഞ്ചായത്തിൽ വയോജനങ്ങൾക്കായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നു. കഴിഞ്ഞ് 3 വർഷങ്ങളിലായി 15 ലക്ഷത്തോളം രൂപ ചിലവഴിച്ചു. വയോജനങ്ങൾക്കായി കട്ടിൽ പദ്ധതി നടപ്പിലാക്കി. അപേക്ഷ നൽകിയ മുഴുവൻ എസ്.സി വയോജനങ്ങൾക്കും കട്ടിൽ ന ൽകുക. വരും കാലങ്ങളിൽ ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കും കട്ടിൽ നൽകാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു. വയോജനഗ്രാമസഭ സംഘടിപ്പിച്ചു. കൂടാതെ വാർഡ്തലത്തിൽ സൗഹൃദ കൂട്ടായ്മ, വിനോദയാത്ര, മെഡിക്കൽക്യാമ്പ്, അതിനോടനുബന്ധിച്ച് കിറ്റുകൾ വിതരണം, ജനറൽ കിറ്റുകൾ, കോപ്ലിമെന്റ്, ആദരിക്കൽ തുടങ്ങിയവ നടത്തി വരുന്നു. പഞ്ചായത്ത് അവരോടൊപ്പമുണ്ടെന്ന ബോധ്യം അവരിൽ വളർത്തി, ജനങ്ങളുടെ കൂട്ടായ്മയും ഉണ്ടാക്കിയെടുത്തു.

2. പരിപാടി സുസ്ഥിരമാക്കാൻ

ഗ്രാമപഞ്ചായത്തിന് ലഭ്യമായ അഞ്ച് സെന്റ് സ്ഥലത്ത് സ്വന്തമായി കെട്ടിടം നിർമ്മിച്ച് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തും.വാഹന സൗകര്യങ്ങൾ അവർക്കായി പ്രത്യേകം ഒരുക്കും. കൂടുതൽ ഫണ്ട് വകയിരുത്തും.

പകൽവീട് ഒരു റിസോഴ്സ് സെന്റർ

മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്

പത്തനംതിട്ട ജില്ലാ ആസ്ഥാനത്ത് നിന്നും ഏഴ് കിലോമീറ്റർ കിഴക്ക് മാറി മലനിരകളാൽ ചുറ്റപ്പെട്ട അതിമനോഹര ഗ്രാമമാണ് മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്. ആയിരത്തിലധികം വർഷങ്ങൾ പഴക്കമുള്ള ആലും ജലസമൃദ്ധിയോട് കൂടി നിറഞ്ഞൊഴുകുന്ന രണ്ട് പുഴകളും മലനിരകളാൽ ചുറ്റപ്പെട്ട പ്രദേശമായത് കൊണ്ടാകാം ഈ ഗ്രാമത്തിന് മലയാലപ്പുഴ എന്ന നാമകരണം ലഭിച്ചത്. 14 വാർഡുകൾ ഉൾപ്പെട്ട ഈ ഗ്രാമപഞ്ചായത്തിൽ 5733 കുടുംബങ്ങളിലായി 17033 ജനങ്ങൾ അധിവസിക്കുന്നു. അതിൽ 7982 പുരുഷന്മാരും 9051 സ്ത്രീകളുമാണ്. പട്ടികജാതി ജനസംഖ്യ 2128. സാക്ഷരത 93.94 ശതമാനമാണ്.

ആകെ ജനസംഖ്യയിൽ വയോജനങ്ങളുടെ എണ്ണം 2180 ആണ്. വയോജനങ്ങൾക്ക് ആവശ്യമായ ആരോഗ്യപരിചരണം, സഹായ ഉപകരണ വിതരണം എന്നിവയിൽ മാത്രമായിരുന്നു ഏറ്റെടുത്ത പ്രവൃത്തനങ്ങൾ. വിഭവപരിമിതിയാൽ അധിക പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയില്ലായിരുന്നു. ഈ സാഹചര്യത്തിൽ ഗ്രാമസഭാ യോഗങ്ങളിലും സീനിയർ സിറ്റിസൺ ഫോറം വേദികളിൽ നിന്നും റസിഡന്റ് അസോസിയേഷൻ യൂണിറ്റുകളിൽ നിന്നും വയോജനക്ഷേമ പ്രവർത്തനങ്ങളിൽ കൂടുതൽ ഇടപെടൽ ഉണ്ടാകണം എന്ന നിർദ്ദേശം ഉയർന്ന് വന്നു. ഈ നിർദ്ദേശങ്ങൾ ഗൗരവമായി സ്വീകരിച്ച് കൂടുതൽ വയോജന ഇടപെടലുകൾക്ക് ഗ്രാമപഞ്ചായത്ത് തുടക്കം കുറിച്ചു.

കോന്നി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രവർത്തനങ്ങൾക്ക് വേണ്ടി ഗ്രാമപഞ്ചായത്തിന് അനുവദിച്ച 12 ലക്ഷം രൂപ ഉപയോഗിച്ച് പഞ്ചായത്ത് ഓഫിസിന് സമീപം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 4 സെന്റ് സ്ഥലത്ത് പകൽവീടിനായി സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ തീരുമാനമെടുത്തു. റോഡ് ഫ്രണ്ടേജോടുകൂടിയ കെട്ടിടത്തിൽ വിശ്രമമുറി, കിടപ്പ് മുറി, ശുചിമുറി, വിശാലമായ വരാന്ത, ടൈല്സ് പാകിയ മുറ്റം, ഗേറ്റ്, ചുറ്റുമതിൽ എന്നിവയും വൈദ്യുതി, കുടിവെള്ളം മുതലായ അനുബന്ധസൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

വെല്ലുവിളികൾ

2013 ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും പല കാരണങ്ങളാലും പകൽവീട് തുറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞില്ല. 2015-16 ൽ അധികാരത്തിൽ വന്ന പഞ്ചായത്ത് ഭരണസമിതി പകൽവീട്ടിലേക്ക് ആവശ്യമായ ഫർണ്ണീച്ചർ, ടി,വി, പത്രം, ലൈബ്രറി സൗകര്യം എന്നിവ ഒരുക്കി പകൽവീട് തുറന്ന് കൊടുത്തു.

2017-18 ൽ 190000 രൂപയും 2018-19 ൽ 130000 രൂപയും പകൽവീട്ടിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി വാർഷിക പദ്ധതികളിൽ തുക വകയിരുത്തി. എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു പകൽ പരിപാലന കേന്ദ്രമാക്കി മാറ്റുന്നതിനും, കേവലം ഒരു പകൽവീട് എന്ന നിലയിൽ നിന്നും ഒരു റിസോഴ്സ് സെന്റർ എന്ന നിലയിലേക്ക് മാറ്റുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

പകൽവീട് മുഖേന ഇപ്പോൾ ലഭ്യമാക്കി കൊണ്ടിരിക്കുന്ന സേവനങ്ങൾ

- വിശ്രമ കേന്ദ്രം
- പത്രം, ടി.വി, ലൈബ്രറി സൗകര്യം
- വിനോദ ഉപാധികൾ-ചെസ്സ്, ക്യാരംസ്
- പാലിയേറ്റീവ് നേഴ്സിന്റെ സേവനം
- മെഡിക്കൽ ഓഫീസറുടെ സേവനം (അലോപ്പതി, ആയുർവേദം)
- ആയയുടെ സേവനം (ആയക്ക് സർക്കാർ നിർദ്ദേശപ്രകാരം പ്രതിമാസം 7000 രൂപ ഹോണറേറിയം നല്കുന്നു

സേവനകേന്ദ്രം

പകൽവീടിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഗ്രാമ, ബ്ലോക്ക് പഞ്ചായത്തു കളുടെയും സന്നദ്ധസംഘടനകളുടെയും പൂർണ്ണപിന്തുണ ലഭിച്ചു വരുന്നു. ലഘുഭക്ഷണം തയ്യാറാക്കുന്നതിനുള്ള അനുബന്ധ സൗകര്യങ്ങളും ഇവിടെ ഒരുക്കിയിരിക്കുന്നത് സന്നദ്ധസംഘടന യുടെ സംഭാവന വഴിയാണ്.

പകൽസമയങ്ങളിൽ വീടുകളിൽ ഒറ്റപ്പെട്ടു കഴിയേണ്ടി വരുന്ന മുതിർന്ന പൗരന്മാർക്ക് ഒരു അഭയകേന്ദ്രമായി പ്രവർത്തിക്കുന്നതാണ് ഇതിന്റെ ഏറ്റവും വലിയ നേട്ടം. പഞ്ചായത്ത് വികസനത്തിന് ആശയസമാഹരണത്തിന് പകൽവീട്ടിലെ മുതിർന്ന പൗരരുടെ കൂടിയിരുപ്പ് ഏറെ പ്രയോജനം ചെയ്യുന്നു. ഒരു റിസോഴ്സ് സെന്റർ ആയും പ്രവർത്തിക്കാൻ കഴിയുന്നത് ഇതിന്റെ പ്രവർത്തനനേട്ടങ്ങളിൽ ഒന്നാണ്.

നേരിട്ട പ്രതിസന്ധികൾ

- കെട്ടിടനിർമ്മാണത്തിലെ കാലതാമസം
- ഫണ്ട് വിനിയോഗത്തിലെ സുതാര്യതകുറവ്
- ഉദ്ഘാടനത്തിനുണ്ടായ കാലതാമസം
- വയോജന വിവരശേഖരണത്തിന്റെ അഭാവം

മേൽ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് നിലവിലെ ഭരണസമിതി എടുത്ത പ്രത്യേക താല്പ്പര്യം ശ്രദ്ധേയമാണ്. ഏത് പ്രവർത്തനത്തിനും ഇച്ഛാശക്തിയുള്ള ഒരു ഭരണസമിതിയുടെ ശ്രദ്ധാപൂർവ്വമായ ഇടപെടൽ അനിവാര്യമാണ്.

സുസ്ഥിരമാക്കുന്നതിനുള്ളപരിപാടികൾ

ഉച്ചഭക്ഷണ വിതരണം (ഓരോ ഐ.ഡി.എസ്സിൽ നിന്നും ശേഖരിക്കുന്നു)

- റിസോഴ്സ് സെന്റർ പ്രവർത്തനം വ്യാപിപ്പിക്കൽ
- വാഹനസൗകര്യം ഒരുക്കൽ

- നാനോഷോപ്പ് ആരംഭിക്കൽ പകൽവീടിനോട് ചേർന്ന് കുടുംബശ്രീയുടെ നേതൃത്വത്തിൽ 5 വനിതകൾ ചേർന്ന് നാനോഷോപ്പ് ആരംഭിക്കുന്നു. ലഘുഭക്ഷണശാല, ഫോട്ടോസ്റ്റാറ്റ്, ഇന്റർനെറ്റ് സംവിധാനം, ഡി.ടി.പി സൗകര്യം, ഓൺലൈൻ പേമെന്റ് സൗകര്യം എന്നിവ സജ്ജമാക്കുക. പകൽവീട്ടിൽ എത്തുന്നവർക്കും അല്ലാതെയുള്ളവർക്കും അവരുടെ ഫോൺ, വൈദ്യുതി,വെള്ളക്കരം എന്നിവയുടെ ബില്ലുകൾ ഈ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ അടക്കാൻ കഴിയും.
- കൂടുതൽ ഫണ്ട് വകയിരുത്തൽ
- വ്യാപക പ്രചാരണ പരിപാടികൾ
- സ്വയം തൊഴിൽ സംരംഭം/പരിശീലനങ്ങൾ
- പ്രാദേശിക ഇടപെടലുകൾ
- ആദരിക്കൽ, വിനോദയാത്ര മുതലായവ
- എന്റെ മുത്തശ്ശനും മുത്തശ്ശിയും - കുടുംബശ്രീ ബാലസഭ കുട്ടികൾക്ക് മുതിർന്ന പൗരന്മാരുമായി ആശയവിനിമയം നടത്തുന്നതിനും നാട്ടറിവുകൾ പുതുതലമുറയിലേക്ക് പകർന്ന് നല്കുന്നതിനുമുള്ള ബോധപൂർവ്വമായ ഇടപെടൽ.

ഉപസംഹാരം

പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിലെ ഏറെ ശ്രദ്ധേയമായ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഒന്നാണ് വയോജനക്ഷേമപരിപാടി. പൂർണ്ണ തോതിൽ പ്രവർത്തനം സജ്ജമാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഏറ്റെടുത്ത് പൂർത്തീകരിച്ചവയിൽ ശ്രദ്ധേയമാണ്. ഏറെ ഇടപെടലുകൾ ഇനിയും അനിവാര്യം. മേൽ സൂചിപ്പിക്കപ്പെട്ട ഭാവി പ്രവർത്തനങ്ങൾ ഒന്നൊന്നായി പൂർത്തീകരിക്കുമ്പോൾ ജില്ലയിലെ തന്നെ മികച്ച പകൽ പരിപാലന കേന്ദ്രമാകും എന്നതിൽ സംശയമില്ല.

പകൽവീട്
തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

ആകെ ജനസംഖ്യ 27439

ആകെ പുരുഷൻ.....13275

സ്ത്രീകൾ.....14164

പട്ടികജാതിക്കാർ 7853

പുരുഷൻ.....3832

സ്ത്രീ.....4021

ആകെ വയോജനങ്ങൾ 3850

പുരുഷൻ.....11750

സ്ത്രീ.....2100

വിധവകൾ 1178

അങ്കണവാടികൾ 25

ആശാവർക്കർമാർ 22

പാലിയേറ്റീവ് കെയർ.....1

പകൽവീട് 1

പ്രാഥമികാരോഗ്യ കേന്ദ്രം.....1

ആയുർവേദ ആശുപത്രി 1

ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളിലെ 6 വാർഡുകൾ കേന്ദ്രീകരിച്ചാണ് ഇതിന്റെ പ്രവർത്തനം.

60 വയസ്സിന് മുകളിലുള്ള വയോജനങ്ങൾക്ക് അവരുടെ വീടുകളിൽ അനുഭവപ്പെടുന്ന മാനസിക, ശാരീരിക വിഷമതകൾ, ഉദാഹരണം അവരോടൊത്ത് സംസാരിച്ചിരിക്കാനോ പകൽ മുഴുവൻ അവരെ പരിചരിക്കാനോ ആഹാരം പോലും എടുത്ത് കൊടുക്കുവാനോ ആരും ഇല്ലാത്ത സാഹചര്യം നിലനില്ക്കുന്നു. ഇതിൽ നിന്നും ഒരു മാറ്റം ഉണ്ടാക്കുക എന്നതാണ് പകൽ വീട് തുടങ്ങുന്നതിനുണ്ടായ സാഹചര്യം

തുടക്കത്തിൽ പി.എച്ച്.സി ക്ക് അടുത്തുള്ള പഴയ കെട്ടിടം പുതുക്കി പണിയുന്നതിന് വേണ്ടി 2017-18 ലെ പ്ലാൻ ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ വകയിരുത്തി. കെട്ടിടം പണി പൂർത്തീകരിച്ചു. നിലം, മുറ്റം എന്നിവ ടൈൽ വിരിച്ചു. ബാത്ത് റൂം, വെള്ളം, ഇലക്ട്രിസിറ്റി കണക്ഷൻ എന്നിവ ഒരുക്കുകയും ചെയ്തു. രണ്ടാം ഘട്ടമായി പ്ലാൻ ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ വകയിരുത്തി കുഷ്യൻ ചെയർ, ടി.വി, കേബിൾ കണക്ഷൻ, കട്ടിൽ, കിടക്ക അടക്കമുള്ള സാധനങ്ങൾ, കുക്കർ, കറണ്ട് അടുപ്പ്, ഗ്യാസ് അടുപ്പ് അതിന്റെ കണക്ഷൻ എന്നിവ വാങ്ങി.

മൂന്നാം ഘട്ടമായി 2018-19 സാമ്പത്തികവർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും റൂം ഡൈനിംഗ് റും എന്നിവയുടെ പണി നടന്നു വരുന്നുണ്ട്. ഇവിടെ വരുന്നവരെ പരിചരിക്കുന്നതിന് വേണ്ടി ആരംഭത്തിൽ താല്ക്കാലികമായി ഒരാളെ നിയോഗിക്കുകയും പിന്നീട് അവർക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് ഓണറേറിയം കൊടുക്കുവാനും ഭരണസമിതി തീരുമാനിക്കുകയും ചെയ്തു.

വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്ന വയോജനങ്ങൾക്കുള്ള മാനസിക പിരിമുറുക്കം ഇല്ലാതാക്കുകയും വീടുകളിൽ കിട്ടാത്ത സന്തോഷവും പരിചരണവും മറ്റും ഇവിടെ കിട്ടുന്നു. അവരെ എല്ലാ വിധത്തിലും സംരക്ഷിക്കാൻ സമൂഹം കൂടെ ഉണ്ട് എന്നുള്ള ബോധം, അതിൻമേൽ അവർക്കുണ്ടാവുന്ന സന്തോഷം വർദ്ധിപ്പിച്ചു. അവരെ സംതൃപ്തരാക്കി മാറ്റുക എന്നതാണ് ലക്ഷ്യം.

ഗ്രാമപഞ്ചായത്ത് സന്നദ്ധസംഘടനകൾ, ആശാവർക്കർമാർ, ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി, ICDS, പൊതുപ്രവർത്തകർ, അങ്കണവാടി ടീച്ചർമാർ, കുടുംബശ്രീ എന്നിവരുടെ നേതൃത്വത്തിലാണ് ഈ പകൽവീട് പ്രവർത്തിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ ഭരണസമിതി അംഗങ്ങൾ, പകൽവീട് പരിസരത്തുള്ള സന്നദ്ധപ്രവർത്തകർ എന്നിവരാണ് സംരക്ഷണസമിതിയിലുള്ളത്.

ഇപ്പോൾ അവർക്ക് വായിക്കുവാൻ വേണ്ടി പത്രം, മാസികകൾ എന്നിവയും ഇടുന്നുണ്ട്.

കാലത്തെ 10 മണി മുതൽ 4 മണി വരെയാണ് സമയം. 11 മണിക്ക് ചായയും കടിയും ഉച്ചയ്ക്ക് 1 മണിക്ക് ഭക്ഷണം, 4 മണിക്ക് ചായയും ബിസ്ക്കറ്റും എന്നിവ നല്കുന്നു. ഇതിന്റെ ചുമതല പകൽവീട് സംരക്ഷണ സമിതിക്കാണ്. സമിതി എല്ലാ മാസം തോറും 5-ാം തീയതി യോഗം ചേരുന്നു. എന്നിട്ട് ഇതിനായി സ്പോൺസർമാരെ കണ്ടെത്തുന്നു.

പ്രവർത്തനങ്ങൾക്ക് ഇപ്പോൾ 20 പേർ ഉണ്ട്. രണ്ട് മാസം കൂടുമ്പോൾ ഒരു മെഡിക്കൽ ക്യാമ്പ് നടത്തണമെന്നുണ്ട്. എല്ലാ ആഴ്ച്ചയിലും പാലിയേറ്റീവ് കെയറുകാർ സന്ദർശനം നടത്തുന്നു. ആഴ്ച്ചയിൽ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കുന്നു.

എല്ലാ മാസവും 5-ാം തീയതി ഉച്ചയ്ക്ക് രണ്ട് മണിക്ക് പകൽവീട് പരിചരിക്കുന്ന ആളും കൂടെ സൂപ്പർവൈസറും സംരക്ഷണസമിതിയും യോഗം കൂടുന്നു. അവിടെ വെച്ച് മാസം തോറുമുള്ള കണക്ക് അവതരിപ്പിക്കുന്നു. രജിസ്റ്റർ ബുക്ക്, ഹാജർ ബുക്ക്, വിസിറ്റർ ബുക്ക്, സ്പോൺസർ ചെയ്തവയുടെ കണക്കുകൾ പരിശോധിക്കുന്നു.

കടങ്കഥകൾ, നാടൻ പാട്ടുകൾ , നാട്ടറിവ് എന്നിവ മറ്റുള്ളവരുമായി പങ്ക് വെയ്ക്കും. അവരിൽ ചെറിയ ചെറിയ തൊഴിലുകൾ അറിയുന്നവരുണ്ട്. തടുക്ക്, കുറുവട്ടി, ഓലപായ, ചൂൽ എന്നിവ നിർമ്മിക്കാനറിയുന്നവർ. അത് ചോദിച്ച് മനസ്സിലാക്കി, ചെറിയ വരുമാനം ഉണ്ടാക്കുന്നതിന്റെ കാര്യം ആലോചനയിലാണ്. ആരുടെ കൈയ്യിൽ നിന്നും പണമായി ഒന്നും സ്വീകരിക്കുന്നതല്ല. ധാന്യങ്ങളും മറ്റും സ്വീകരിക്കുന്നു. വയോജനഅയൽക്കൂട്ടം 5 എണ്ണം രൂപീകരിച്ചിട്ടുണ്ട്. കല്യാണത്തിന് പ്രസിഡന്റിനെ ക്ഷണിക്കാൻ വരുമ്പോൾ പകൽവീട്ടിൽ കൂടെ ഒരു പത്രിക കൊടുക്കാൻ പറയാറുണ്ട്. കല്യാണം, പിറന്നാൾ മറ്റ് ചടങ്ങുകൾ എന്നിവ നടത്തുമ്പോൾ ചിലർ കാലത്ത് തന്നെ പകൽവീട്ടിലേക്ക് ഭക്ഷണം എത്തിക്കാറുണ്ട്.

വയോജന സൗഹൃദ വികസന പദ്ധതി
അരിമ്പൂർ ഗ്രാമപഞ്ചായത്ത്

പ്രൊജക്ടിന്റെ പേര്- മാതൃകാ പകൽ വീട്

ഇടപെടൽ മേഖല- വയോജന പരിപാലനം

ആരംഭിക്കാനുണ്ടായ സാഹചര്യം

പഞ്ചായത്തിന്റെ പ്രാഥമിക സർവ്വെ നടത്തിയതിൽ നിന്നും വയോജനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് കണ്ടെത്തി. ആതിനാൽ വിധവകളുടെ എണ്ണം കൂടുതലാണെന്ന് മനസ്സിലായി. അവർക്കാവശ്യമായ പരിചരണം, പരിരക്ഷ, ആത്മസംരക്ഷണം, അന്തസ്സ് ഉറപ്പാക്കൽ എന്നീ അവകാശ പരമായ സംരക്ഷണം ഉറപ്പാക്കേണ്ടത് അനിവാര്യമായി കാണുന്നു.

അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ വയോജനമേഖലയിലെ പ്രാഥമിക വിവരശേഖരണത്തിന്റെ ഭാഗമായി താഴെ പറയുന്ന വിവരങ്ങൾ ലഭ്യമായി.

2016-17 ലെ വികസനരേഖയിൽ ഈ വിവരങ്ങൾ ഉൾചേർത്തു.

വയസ്സ്	പുരുഷൻ	സ്ത്രീ	ആകെ
60-69	1336	1441	2777
70-79	749	859	1608
80 ന് മേൽ	159	259	418
ആകെ	**2244**	**2559**	**4803**

വിധവകളും വിഭാര്യന്മാരും

വയസ്സ്	പുരുഷൻ	സ്ത്രീ
60-69	45	527
70-79	33	451
80 ന് മേൽ	34	187
ആകെ	**112**	**1165**

മേൽസൂചിപ്പിച്ച കണക്കുകൾ വയോജന മേഖലയിലെ വികസന പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.

- വയോജനങ്ങളിൽ സ്ത്രീകളുടെ എണ്ണം കൂടുതലാണ്. ജെൻഡർ അടിസ്ഥാന പ്പെടുത്തുന്ന വികസന ലക്ഷ്യങ്ങൾക്ക് ഇത് പ്രാധാന്യം നല്കുന്നു.
- പ്രായഗണത്തിൽ 70 വയസ്സിന് മുകളിലുള്ളവരുടെ എണ്ണത്തിലും സ്ത്രീകളുടെ എണ്ണം കൂടുതലാണ്. പാലിയേറ്റീവ് കെയർ സംരക്ഷണം, അർഹതയുള്ള ആദരവ്, സാമൂഹിക ആദരവ്, വയോജന സംരക്ഷണം സംബന്ധിച്ചും ആരോഗ്യപരിപാലനം സംബന്ധിച്ചും ആവശ്യബോധവൽക്കരണം ചികിത്സ സൗകര്യങ്ങൾ, കുട്ടികൾക്കും യുവതീയുവാക്കൾക്കും പ്രത്യേക അവബോധം, തലമുറകൾ തമ്മിലുള്ള ലിങ്കേജ് പ്രോബ്ലംസ് എന്നിങ്ങനെ നിരവധിയായ പ്രശ്നങ്ങൾ ഈ മേഖലയിൽ ശ്രദ്ധേയമാണ്.

- വിധവകളും വിഭാര്യന്മാരും തമ്മിൽ എണ്ണത്തിലുള്ള അന്തരം വളരെ വലുതാണ്. ഇത് വഴി വീടുകളിൽ വയോജനങ്ങളുടെ ഒറ്റപ്പെടൽ,മാനസിക സമ്മർദ്ദം, അൽഷിമേഴ്സ് തുടങ്ങിയുള്ള രോഗങ്ങളുടെ വ്യാപനം, വ്യക്തി, കുടുംബം, സമൂഹം എന്നിവിടങ്ങളിൽ നിന്നും ഒഴിവാക്കപ്പെടൽ എന്നിവ വയോജനങ്ങളുടെ വ്യക്തിത്വത്തിൽ ഉണ്ടാകുന്ന ഗുരുതര പ്രശ്നങ്ങൾ ഏറെ പ്രധാനപ്പെട്ടതാണെന്ന് കണ്ടെത്തുന്നു.
- വയോജനങ്ങൾക്ക് സാമൂഹ്യനിരീക്ഷണത്തിലുള്ള ഒരു പൊതു സംരക്ഷണ കേന്ദ്രം വർത്തമാനകാലത്തിന്റെ അനിവാര്യതയാണെന്ന് ബോധ്യപ്പെട്ടു. ഇങ്ങനെ ഒരു പൊതു ഇടം (പകൽവീട്) ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഉതകുന്നതായിരിക്കണം.

പ്രൊജക്ട് ലഘു വിവരണം

അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ 60 വയസ്സ് കഴിഞ്ഞ മുഴുവൻ പേരെയും ഗുണഭോക്താക്കളായി കണ്ട് അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ സർവ്വേയിലൂടെ കണ്ടെത്തുകയും അവർക്ക് വേണ്ടി പ്രത്യേകം ഗ്രാമസഭകൾ സംഘടിപ്പിക്കുകയും ചെയ്തു. വയോജന ഗ്രാമസഭകളിൽ നിന്നും കണ്ടെത്തിയ പ്രധാന പ്രശ്നങ്ങൾ

1. വയോജനങ്ങളിൽ അർഹരായ എല്ലാവർക്കും പെൻഷൻ നല്കണം. സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കണം
2. കുടുംബപരവും സാമൂഹ്യവുമായ പ്രശ്നങ്ങളിൽ പലപ്പോഴും പെൻഷൻ ലഭിക്കുന്നുണ്ടെങ്കിലും വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. പലതരത്തിലുള്ള സാമ്പത്തിക ചൂഷണങ്ങളും ബന്ധുക്കളിൽ നിന്നും അനുഭവിക്കേണ്ടതായി വരുന്നു. ഇവിടെ കുടുംബ സാമ്പത്തിക സംരക്ഷണം ഉറപ്പാക്കണം
3. വയോജനങ്ങളായതിനാൽ തൊഴിൽ രംഗത്ത് നിന്നും മാറ്റി നിർത്തപ്പെടുന്നു. അനുയോജ്യമായ തൊഴിൽ പരിശീലനങ്ങൾ നല്കണം. എന്തെങ്കിലും പ്രവർത്തനങ്ങളിലേർപ്പെടാതെ ഒറ്റപ്പെടലും ഒഴിവാക്കലും ഉണ്ടാകുന്നത് വഴി മനോനില തെറ്റുന്നവർ വളരെ അധികമാണ്.
4. സീനിയർ സിറ്റിസന് ലഭിക്കേണ്ട നിയമപരമായ ആനുകൂല്യങ്ങളെ കുറിച്ചുള്ള സാമൂഹ്യബോധവല്ക്കരണം ആവശ്യമാണ്.
5. പരസ്പര ആശ്രയത്വം- സഹായം സാമൂഹ്യവയോജന മേഖലയിൽ പൊതുസംവിധാനത്തിന്റെ ഭാഗമായി ഉണ്ടാകണം.
6. ആരോഗ്യമേഖലയിൽ വയോജനങ്ങൾക്ക് പ്രത്യേക പരിരക്ഷ ഉറപ്പാക്കണം
7. സംയോജിത ആരോഗ്യ സംരക്ഷണം വേണം
8. വയോജന ക്ലീനിക്കുകൾ പ്രാദേശികതലത്തിൽ
9. സാന്ത്വന ചികിത്സ വീടുകളിൽ വ്യാപകമാക്കണം
10. ഫിസിയോതെറാപ്പി പ്രാഥമിക പരിശീലനം- വിദഗ്ദ്ധ പരിശീലനം സംഘടിപ്പിക്കണം
11. പോഷകാഹാരം- എല്ലാവർക്കും ഭക്ഷണം ലഭിക്കുന്നുവെന്ന് ഉറപ്പാക്കണം
12. വയോജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് പഞ്ചായത്തിൽ പ്രത്യേക ഫോറം വേണം

13. പൊതുയാത്രാ സൗകര്യങ്ങൾ ഉപയോഗിക്കുമ്പോഴും പൊതു ഓഫീസുകളിലെത്തുമ്പോഴും വയോജനങ്ങൾ നേരിടുന്ന അവഗണനയും നീതിനിഷേധവും ഫോറം ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കണം
14. വയോജന സംരക്ഷണം, കുടുംബത്തിന്റെ/ബന്ധുക്കളുടെ/സമൂഹത്തിന്റെ ഉത്തരവാദിത്വം
15. അവഗണന കുറ്റകരം-ശിക്ഷാർഹം എന്നിങ്ങനെ സാമൂഹ്യ പ്രചരണം
16. നിയമസഹായം- സ്വത്താവകാശം-നിയമപരിരക്ഷ എന്നിവ പഞ്ചായത്ത്തല ഫോറത്തിന്റെ സഹായത്തോടെ നേടാനാകണം
17. വയോജനങ്ങൾക്ക് പ്രത്യേക കലാ-സാംസ്ക്കാരിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം
18. അയൽക്കൂട്ട സമ്പ്രദായം-അങ്കണവാടികൾ കേന്ദ്രീകരിച്ച് വിശ്രമകേന്ദ്രങ്ങൾ പകൽവീടുകൾ എന്നിവ പ്രവർത്തിക്കണം
19. ഉത്സവങ്ങൾ, പൊതുപരിപാടികൾ, ദേശീയപ്രസക്തിയുള്ള ആചരണങ്ങൾ എന്നിവയിൽ വയോജന പങ്കാളിത്തം പ്രത്യേക പരിപാടികൾ വേണം
20. വ്യായാമം ചെയ്യാനുള്ള സൗകര്യങ്ങൾ
21. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ
22. വീട് അടക്കമുള്ള എല്ലാ കെട്ടിടങ്ങളും വയോജന സൗഹൃദമായ കെട്ടിട നിർമ്മാണം, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം
23. ലേഡിസ് ഫ്രണ്ട്ലി , ചൈൽഡ് ഫ്രണ്ട്ലി ടോയ്ലറ്റുകൾ പോലെ വയോജന സൗഹൃദ ടോയ്ലറ്റുകൾ പ്ലാൻ ചെയ്യണം.

വയോജനങ്ങൾക്ക് വേണ്ടി പഞ്ചായത്ത്തലത്തിലും വാർഡ് തലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് സംഘടനാസംവിധാനമുണ്ടാക്കി കേന്ദ്രീകൃത പകൽവീടും ഉപഗ്രഹ പകൽവീടുകളും അങ്കണവാടികൾ കേന്ദ്രീകരിച്ച് വയോജനവേദികളും രൂപീകരിച്ചു. മേൽസംവിധാനങ്ങളുടെ കീഴിൽ അങ്കണവാടികളെ വയോജനസൗഹൃദമാക്കി പ്രതിമാസ യോഗങ്ങൾ വിവിധ പരിപാടികളോടെ ആസൂത്രണവും നിർവ്വഹണവും നടത്തി വരുന്നു. അടിസ്ഥാനസൗകര്യമൊരുക്കുന്നതിൽ സർക്കാർ സഹായവും പൊതുസഹായവും ലഭ്യമാക്കുന്നു.

ലക്ഷ്യങ്ങൾ

വയോജനവികസനം സംരക്ഷണം എന്നിവ വയോജനങ്ങളുടെ മാത്രം ചുമതലയും ഉത്തരവാദിത്വവുമല്ല. മെച്ചപ്പെട്ട ആരോഗ്യസുരക്ഷയും കുറഞ്ഞ മരണനിരക്കും വയോജനങ്ങളുടെ ദീർഘജീവിത കാലത്തെ പ്രത്യേക പരിഗണന ഉറപ്പാക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. പ്രധാന ഊന്നൽ പകൽ വീടുകൾ നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് നല്കുന്നു. എങ്കിലും താഴെ പറയുന്ന മേഖലകളിൽ തുടർന്ന് പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടത് അനിവാര്യമാണ്.

1. വയോജന പെൻഷൻ അർഹതയുള്ള എല്ലാവർക്കും
2. പി.എച്ച്.സി വഴി മെച്ചപ്പെട്ട ആരോഗ്യപരിപാലന സൗകര്യം
3. വയോജനങ്ങൾ വീടുകളിൽ തന്നെ സുരക്ഷിതരായിരിക്കണം
4. പകൽവീട്, വൃദ്ധസദനങ്ങൾ
5. സ്ഥാപന പശ്ചാത്തല സൗകര്യങ്ങൾ വയോജന സൗഹൃദമാക്കണം

6. നിയമപരമായ സംരക്ഷണത്തിന് സാമൂഹ്യബോധവത്ക്കരണം
7. വസ്തുവഹകളുടെ ഉടമസ്ഥാവകാശം, കൈകാര്യ സ്വാതന്ത്ര്യം-നിയമപരിരക്ഷ ഉറപ്പാക്കണം

പ്രത്യേക സൗകര്യങ്ങൾ

1. സീനിയർ സിറ്റിസൺ-ബസ്സ്, തീവണ്ടി, റിസർവേഷൻ
2. ആശുപത്രി, അമ്പലം പ്രത്യേക ക്യൂ
3. ആരോഗ്യ ഇൻഷൂറൻസ്
4. സ്ഥാപനങ്ങളിൽ പ്രത്യേക കൗണ്ടർ
5. ചികിത്സാരീതി
6. ജെറിയാട്രിക് മെഡിസിൻ ലഭ്യത
7. ഡോക്ടർ/നേഴ്സ് പ്രത്യേക പരിശീലനം

കുടുംബങ്ങളിലെ വയോജന പ്രശ്നങ്ങൾ

1. കൂടുമ്പോൾ ഇമ്പമില്ല
2. പാർശ്വവല്ക്കരിക്കപ്പെടുന്നു
3. അഭിപ്രായങ്ങൾ അവഗണിക്കുന്നു
4. തീരുമാനങ്ങളിൽ സ്ഥാനമില്ലാതാകുന്നു
5. രോഗങ്ങൾ, ശാരീരിക പ്രയാസങ്ങൾ
6. ദമ്പതികളിലൊരാൾ മരിച്ചാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ
7. വരുമാനമില്ല-പ്രശ്നം ഗുരുതരം
8. ശാരീരിക പീഡനങ്ങൾ
9. സന്തോഷവും സമാധാനവും തകരുന്നു
10. സ്വത്ത് കൈവശപ്പെടുത്തി പുറം തള്ളുന്നു
11. ജീവിതം നരകതുല്യം
12. ശാരീരികവും മാനസികവും ആത്മീയവുമായ സുസ്ഥിതി ഇല്ലാതാകുന്നു.

ലക്ഷ്യങ്ങൾ

- വയോജനങ്ങൾക്ക് ആവശ്യമുള്ള ശാരീരികവും മാനസികവും ആയ സുസ്ഥിതി ഉറപ്പാക്കുന്നു
- സർക്കാർ സഹായങ്ങൾ ലഭ്യമാക്കുന്നുമെന്ന് ഉറപ്പാക്കുന്നു
- പാർശ്വവത്ക്കരണം ഒഴിവാക്കുന്നു
- വയോജന നയം-വികസനരേഖയുടെ ഭാഗമാക്കൽ
- കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുന്നു, നടപ്പാക്കുന്നു

പ്രവർത്തനഘട്ടങ്ങൾ

- പഞ്ചായത്ത് കമ്മിറ്റി തീരുമാനം
- പ്രാഥമിക വിവരശേഖരണം
- വർക്കിംഗ് ഗ്രൂപ്പ്

- വികസന നയം
- വാർഡുകളിൽ വിവിധ കമ്മിറ്റികൾ രൂപീകരിക്കുന്നു
- അടിസ്ഥാന സൗകര്യം
- ബഹുമുഖ പരിപാടികൾ ആസൂത്രണം
- ധനകാര്യവിശകലനം
- തുടർപ്രവർത്തനങ്ങൾ, മോണിറ്റിംഗ്

പങ്കാളിത്ത സംവിധാനം

പഞ്ചായത്തിന്റെ കീഴിലുള്ള പകൽ വീടിന്റെയും സന്നദ്ധപ്രവർത്തകർ നടത്തുന്ന പകൽവീടു കളുടേയും പ്രവർത്തനങ്ങൾ ഏകോപനം. അങ്കണവാടികൾ കേന്ദ്രീകരിച്ച് മുഴുവൻ ഗുണഭോക്താക്കളെയും ഉൾക്കൊള്ളിച്ച് യൂണിറ്റുകൾ രൂപീകരിക്കാൻ യുവജനങ്ങൾക്കും കുട്ടികൾക്കും വയോജനങ്ങളെ മനസ്സിലാക്കി ഇടപെടുന്നതിന് അവസരം ഒരുക്കൽ.

ഫണ്ട്

പ്രതിമാസയോഗങ്ങൾ, വിവിധ പരിപാടികളുടെ ആസൂത്രണവും നടത്തിപ്പും മേൽ സംവിധാനങ്ങളുടെ കീഴിൽ നടക്കുന്നു. ഇൻഫ്രാസ്ട്രക്ച്ചർ സംവിധാനം ഒരുക്കുന്നതിന് സർക്കാർ സഹായവും പൊതുജനസഹായവും ലഭ്യമാക്കുന്നു. സി.എസ്.ആർ ഫണ്ട്, ത്രിതലപഞ്ചായത്ത് ഫണ്ട്.

നേട്ടങ്ങൾ

സർക്കാർ സഹായങ്ങൾ അർഹതപ്പെട്ടവർക്കെല്ലാം ഉറപ്പ് വരുത്തുന്നു. ആരോഗ്യപരി പാലനത്തിൽ ശ്രദ്ധ. വയോജനങ്ങൾക്ക് ഒത്ത് ചേരാനും മാനസിക ഉല്ലാസത്തിന് ഇടം നല്കൽ, കുടുംബങ്ങളിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കൽ, വയോജനങ്ങൾക്ക് അർഹമായ പരിഗണന ഉറപ്പ് വരുത്തൽ മുതലായവ.

മോണിറ്ററിംഗ്

പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ഈ പ്രൊജക്ടിന്റെ എല്ലാ ഘട്ടങ്ങളിലും ആവശ്യമായ മോണിറ്ററിംഗ് ഉണ്ടായിരിക്കുന്നതാണ്.

ഹൃദ്യാരോഗ്യം - വയോജന സൗഹൃദ മേഖല മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്

ഇന്ത്യയിൽ വയോജനങ്ങളുടെ എണ്ണം ത്വരിതഗതിയിൽ വർദ്ധിക്കുകയാണ്. കേരളത്തിലെ ജനസംഖ്യയുടെ 14 ശതമാനത്തോളം പേർ 60 വയസ്സിന് മുകളിലുള്ളവരാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിൽ 43 ശതമാനം പുരുഷന്മാരും 57 ശതമാനം പേർ സ്ത്രീകളുമാണ്. ഇവർ ഭാഗികമായോ പൂർണ്ണമായോ മറ്റുള്ളവരെ ആശ്രയിച്ചു കഴിയുന്നവരാണ്. പുരുഷന്മാരിൽ 5 ശതമാനം പേർ വിഭാര്യരാണെങ്കിൽ സ്ത്രീകളിൽ 53 ശതമാനം പേർ വിധവകളാണ്. കൂട്ടുകുടുംബ വ്യവസ്ഥയുടെ സുരക്ഷിത വലയം നഷ്ടപ്പെട്ടതോടെ കുടുംബങ്ങളിൽ വയോജനങ്ങൾക്ക് സംരക്ഷണം ലഭിക്കാതായി. ഇവരിൽ ഭൂരിഭാഗവും മറ്റുള്ളവരെ ആശ്രയിച്ചാണ് ജീവിക്കുന്നത്. കൂടാതെ നല്ലൊരു ശതമാനം പേർ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. പോഷകാഹാരത്തിന്റെ അപര്യാപ്തതയാൽ ആരോഗ്യകുറവ്, വാതം, ഹൈപ്പർ ടെൻഷൻ, പ്രമേഹം, ആസ്തമ, പരാലിസിസ്, മൂത്രാശയ രോഗങ്ങൾ, ഓർമ്മകുറവ്, തിമിരം തുടങ്ങിയവ ബാധിച്ചവരും കിടപ്പു രേഗികളുമുണ്ട്. ഇവരെ രക്ഷിക്കേണ്ട ചുമതല സമൂഹത്തിൽ നിക്ഷിപ്തമാണ്.

പ്രോജ്ക്ടിന്റെ പ്രസക്തി

വയോജനങ്ങളുടെ ആരോഗ്യ, മാനസിക, സാമൂഹിക പശ്ചാത്തലം അന്വേഷിച്ച് പരിഹാരം കാണേണ്ട ചുമതലയും അവർക്ക് മാന്യമായി ജീവിക്കാനുള്ള അന്തരീക്ഷം ഉണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്.

പ്രവർത്തനം

സർവ്വേ - ആദ്യമായി ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള 60 വയസ്സ് കഴിഞ്ഞ എല്ലാവരുടേയും വിവരശേഖരണം പ്രത്യേക സർവ്വേ ഫോർമാറ്റ് ഉപയോഗിച്ച് ആശവർക്കർമാരുടെ സഹായത്താൽ നടത്തപ്പെട്ടു. ആകെയുള്ള 4000 പേരിൽ 2198 പേർ രോഗികളാണെന്ന് കണ്ടെത്തി. അവരെ രജിസ്റ്റർ ചെയ്തു.

വയോജന അയൽകൂട്ടങ്ങൾ

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലായി 10 മുതൽ 20 വരെ അംഗങ്ങളെ ഉൾപ്പെടുത്തി 117 അയൽകൂട്ടങ്ങൾ രൂപീകരിച്ചു. കിട്ടിയ വിവരത്തിൽ നിന്നും വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ സിഎച്ച്സി, ആയൂർവേദം, ഹോമിയോ എന്നിവയിൽ 4000 പേരെയും രജിസ്റ്റർ ചെയ്തു. ഇവരിൽ 1628 പേർ വിവിധ ജീവിതശൈലീ രോഗികളും സ്ഥിരമായി മരുന്നുകൾ ഉപയോഗിക്കുന്നവരുമാണ്. നിലവിലുള്ള ആശാവർക്കർമാർക്ക് ആരോഗ്യരംഗത്തെ വിദഗ്ദരുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകി, നൂതനമായ പരിശോധനാ ഉപകരണങ്ങളുടെ സഹായത്തോടെ ചാർട്ടിൽ രേഖപ്പെടുത്തിയ വീടുകൾ സന്ദർശിച്ച് പരിശോധനാ വിവരം മെഡിക്കൽ ഓഫീസർക്ക് കൈമാറുന്നു വേണ്ടതായ മരുന്നുകൾ സൗജന്യമായി വീടുകളിൽ എത്തിച്ചു നൽകുന്നു. തുടർ ചികിത്സ, വിദഗ്ദ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് വേണ്ട നിർദ്ദേശങ്ങളും നൽകി വരുന്നു.

ധനകാര്യ വിശകലനം

വികസന ഫണ്ട് - 50000

തനത് ഫണ്ട് - 100000

നേട്ടം

- വയോജനങ്ങൾക്ക് ആരോഗ്യ സേവനങ്ങൾ തങ്ങളുടെ വീടുകളിൽ തന്നെ ലഭ്യമാകുന്നു.
- നിസ്സാരമായി കാണുന്ന രോഗാവസ്ഥയെ കൃത്യസമയത്ത് കണ്ടെത്തി ജീവൻ രക്ഷാ ഉറപ്പാക്കുന്നു.
- അനാവശ്യ സാമ്പത്തിക ചെലവ് ഇല്ലാതാക്കുന്നു
- പാലിയേറ്റീവ് പ്രവർത്തകരുടേയും വാഹനങ്ങളുടേയും സഹായം ലഭ്യമാകുന്നു
- നിത്യരോഗികളായവർക്ക് സന്തോഷവും സമാധാനവും ആരോഗ്യവും പ്രത്യാശയും ലഭ്യമാകുന്നു

മാതൃക അങ്കണവാടി - വയോസൗഹൃദഗ്രാമം
നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

ആമുഖം

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മുഴുവൻ ജനവിഭാഗത്തിന്റേയും സമഗ്രവികസനം ഉൾപ്പെടുന്നുവെന്ന് തിരിച്ചറിയണം. സമൂഹത്തിന്റെ പരിച്ഛേദമായ കുട്ടികൾ, യുവാക്കൾ, അമ്മമാർ, വയോജനങ്ങൾ എന്നീ വിഭാഗങ്ങളുടെ വളർച്ച സമഗ്ര വികസനത്തിന്റെ പരിധിയിൽ വരുന്നു. ഈ നാല് വിഭാഗങ്ങളേയും (4 ജി) പ്രതിനിധാനം ചെയ്യുന്ന ഔദ്യോഗിക സംവിധാനമാണ് അങ്കണവാടികൾ. അതുകൊണ്ട് അങ്കണവാടികളുടെ വളർച്ചയും സ്വയംപര്യാപ്തതയും ജനകീയതയും വളർത്തി ജന സൗഹൃദമാക്കിയാൽ വയോജനസൗഹൃദവും ബാലസൗഹൃദവും യുവസൗഹൃദവുമായി മാറ്റാനാവും എന്ന ദർശനത്തിന്റെ സാക്ഷാൽക്കാരമാണ് മാതൃക അങ്കണവാടി പ്രൊജക്ട്. ഈ പ്രൊജക്ട് വിഭാവനം ചെയ്തത് പാറക്കടവ് ബ്ലോക്ക് പഞ്ചായത്താണ്. 5 പഞ്ചായത്തുകൾക്കൊപ്പം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് 2008-09 കാലഘട്ടത്തിൽ ഇത് വിജയകരമായി നടപ്പിലാക്കി.

ലക്ഷ്യങ്ങൾ

- അങ്കണവാടികളെ സമഗ്ര വികസന കേന്ദ്രമായി മാറ്റിത്തീർക്കുക
- ബാലസൗഹൃദവും യുവസൗഹൃദവും വയോജന സൗഹൃദവുമായ അന്തരീക്ഷം സൃഷ്ടിക്കുക

വയോജനങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ

- പഞ്ചായത്തിലെ 60 വയസ്സിന് മേൽ പ്രായമുള്ള മുഴുവൻ വയോജനങ്ങളേയും പഞ്ചായത്തിൽ വിളിച്ചുചേർത്ത് അവർക്കു മുന്നിൽ പ്രൊജക്ട് അവതരിപ്പിക്കുന്നു.
- അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കൂടി ഉൾപ്പെടുത്തി കൂടുതൽ സമഗ്ര വയോജനസൗഹൃദ പ്രോജക്ടിന് രൂപം നൽകുന്നു.
- വയോജന സർവ്വേ ടീം രൂപവൽക്കരിക്കുന്നു
- വയോജന സർവ്വേ ടീം വിദഗ്ദരുടെ പങ്കാളിത്തത്തോടെ കോളേജ് വിദ്യാർത്ഥികളെ ഉപയോഗിച്ച് സർവ്വേ പൂർത്തീകരണം
- വാർഡുതല റിസോഴ്സ് ടീം തിരഞ്ഞെടുപ്പ്
- ഡി പോൾ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജി, ശ്രീ ശങ്കരസംസ്കൃത കോളേജ് ടീം പരിശീലനത്തിനായി മോഡ്യൂൾ തയ്യാറാക്കി

- ജില്ലാതലത്തിൽ റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം
- മാതൃക അങ്കണവാടി പ്രോജക്ട് പ്രാരംഭ ഉൽഘാടനം
- മോണിറ്ററിംഗ്, അവലോകനം - ശ്രീ ശങ്കര സംസ്കൃത കോളേജ് ടീം
- ജനകീയ വെൽഫെയർ കമ്മിറ്റി രൂപീകരണം - ഓരോ അങ്കണവാടിയിലും

കർമ്മപരിപാടികൾ

- ഉൽഘാടനശേഷം ഓരോ അങ്കണവാടി വെൽഫെയർ കമ്മിറ്റിയും അവരുടെ വാർഡുകളിലെ വയോജനങ്ങളെ വയോജനക്ലബ്ബിലെ അംഗങ്ങളാക്കി ചേർത്തുകൊണ്ട് പ്രവർത്തനം ആരംഭിച്ചു.
- ആഴ്ചയിലൊരിക്കൽ വയോജന കൂട്ടായ്മ - പരിശീലനം
- മാസത്തിലൊരിക്കൽ ജന്മ-ദിനാഘോഷ പരിപാടി
- വർഷത്തിലൊരിക്കൽ വിനോദയാത്ര (വിമാനയാത്ര ഉൾപ്പടെ)
- വർഷത്തിലൊരിക്കൽ കുടുംബസംഗമം - കലാകായിക പരിപാടികൾ
- നാട്ടറിവ് പങ്ക് വെക്കൽ, ക്രോഡീകരണം
- നാടൻ പാട്ട് ശേഖരണം
- ആരോഗ്യ പരിശോധന
- വ്യായാമം, വിനോദം, ചർച്ചകൾ
- പഞ്ചായത്ത് വികസന പരിപാടികളിൽ പങ്കാളിത്തം

ധനകാര്യ വിശകലനം

1	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	100000
2	ഗ്രാമപഞ്ചായത്ത് വിഹിതം	100000
3	സംഭാവന	500000
	മൊത്തം	700000

നേട്ടങ്ങൾ

1. മൊത്തം 4284 വയോജനങ്ങളിൽ 52 ശതമാനം പേർ വയോജനസൗഹൃദ ക്ലബ്ലിൽ അംഗത്വം നേടി (നേരത്തെ ഇത് 18 ശതമാനം മാത്രമായിരുന്നു) ആധാരം -എസ് എസ് .യു നടത്തിയ അവലോകന റിപ്പോർട്ട്

2. പ്രവർത്തന മികവ് - അങ്കണവാടികൾ - ആകെ - 30

   - ☐ 19 എണ്ണം - 50 ശതമാനം മുതൽ 65 ശതമാനം വരെ
   - ☐ 10 എണ്ണം - 40 ശതമാനം മുതൽ 48 ശതമാനം വരെ
   - ☐ ഒരെണ്ണം - 40 ശതമാനത്തിൽ താഴെ

3. 30 അങ്കണവാടികളിൽ 20 എണ്ണത്തിന് മാത്രം സ്വന്തം കെട്ടിടം ഉണ്ടായിരുന്നത് 30 എണ്ണവും സ്വന്തം കെട്ടിടത്തിലേക്ക് മാറ്റാൻ കഴിഞ്ഞു

4. വയോജന കൂട്ടായ്മക്കായി നാല് പകൽ വീടുകൾ പഞ്ചായത്ത് ലഭ്യമാക്കി

5. മാലിന്യ സംസ്ക്കരണം, പച്ചക്കറി കൃഷി എന്നീ മേഖലകളിൽ വയോജന കൂട്ടായ്മ സജീവമായി ഇടപെടുന്നു.

6. 123 -ാം അങ്കണവാടിയിലെ നവജീവൻ വയോജനക്ലബ്ബ് വിമാനത്തിൽ വിനോദയാത്ര നടത്തി, ഹെൽപ്പ്എയ്ജ്, ഒയാസ്സിസ് സീനിയർ സിറ്റിസൺ ഫോറം എന്നിവരുടെ സഹായത്താൽ വയോജനദിനം വിപുലമായി ആഘോഷിച്ചു.

7. വയോമിത്ര ആരോഗ്യപരിപാലനം പ്രോജക്ട് നടപ്പിലാക്കി വരുന്നു

8. കോൺഫറൻസ് ടീം പകൽ വീടുകൾ സന്ദർശിച്ച് പ്രവർത്തനത്തെ പ്രശംസിച്ചു

9. 2018 ലെ പ്രളയകെടുതികളിൽ വയോജന കൂട്ടായ്മകൾ, റസ്ക്യൂ ഷെൽട്ടറുകളിൽ സജീവ സേവനങ്ങൾക്ക് നേതൃത്വം നൽകി.

വയോജന സൗഹൃദ തൂണേരി ബ്ലോക്ക് പഞ്ചായത്ത്

ആമുഖം

ഗ്രാമ- ബ്ലോക്ക് പഞ്ചായത്തുകളിൽ വയോജന പദ്ധതി പ്രഖ്യാപിച്ച കേരളത്തിലെ ആദ്യ ബ്ലോക്ക് പഞ്ചായത്താണ് കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്ത്. പുറമേരി, നാദാപുരം, എടച്ചേരി, വളയം, ചെക്യാട്, തൂണേരി, വാണിമേൽ എന്നീ ഗ്രാമ പഞ്ചായത്തുകൾ തൂണേരി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്നു.

വിവരശേഖരണം - സർവ്വേ

നയപ്രഖ്യാപനത്തിന് മുന്നോടിയായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമ പഞ്ചായത്തുകളിലേയും വയോജനങ്ങളുള്ള എല്ലാ വീടുകളിലും സർവ്വേ നടത്തുകയും വിശദമായ വിവരശേഖരണം നടത്തുകയും ചെയ്തു.

ക്ര. നം	ഗ്രാമ പഞ്ചായത്തിന്റെ പേര്	വാർഡുകൾ	ജനസംഖ്യ	വയോജനങ്ങൾ	ശതമാനം
1	എടച്ചേരി	17	25036	3607	14.4
2	പുറമേരി	17	25405	3534	13.49
3	തൂണേരി	15	21780	2789	12.8
4	നാദാപുരം	22	38111	4332	11.36
5	വളയം	14	17549	2322	13.23
6	വാണിമേൽ	16	23422	2617	11.17
7	ചെക്യാട്	15	21934	2402	10.95
	ആകെ	116	173237	2160	12.46

പ്രവർത്തനങ്ങൾ

1. സ്ഥിതി വിവരങ്ങൾ വിശദമായി വിശകലനം ചെയ്തു
2. സംഘടനാ സംവിധാനങ്ങൾക്ക് രൂപം നൽകി - അയൽകൂട്ടം, വാർഡ്, പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ സംഘടനാ കമ്മിറ്റികൾ

   അയൽകൂട്ട വയോജന സഭകൾ 384

   വാർഡ്തല വയോജന സഭകൾ..... 116

   ഗ്രാമപഞ്ചായത്ത്തല വയോജന സഭകൾ..... 7

ഇവയെ എല്ലാം കോർഡിനേറ്റ് ചെയ്യാൻ 36 അംഗങ്ങളുള്ള ബ്ലോക്ക്തല വയോജനസഭയും രൂപീകരിച്ചു.

പ്രവർത്തനങ്ങൾ

- കുടുംബ പ്രശ്ന പരിഹാരങ്ങൾ, നിയമബോധവൽക്കരണം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, വയോജന സംഗമങ്ങൾ സംഘടിപ്പിച്ചു.
- ക്ഷേമകാര്യ സ്ഥിരം സമിതിയുടെ നിയന്ത്രണത്തിൽ 21 അംഗ റിസോഴ്സ് ടീം

രൂപീകരിച്ചു

- വയോജന സൗഹൃദ പ്രഖ്യാപനത്തിന് മുന്നോടിയായി വയോജനക്ലബ്ബ്, ക്ലബ്ബ് കോർഡിനേഷൻ സമിതി, ബ്ലോക്ക്തല ഉന്നതാധികാര സമിതി എന്നിവ രൂപീകരിച്ചു
- നയപ്രഖ്യാപനം - 1-10-2012

ധനകാര്യവിശകലനം - ബ്ലോക്ക് വികസന ഫണ്ട്

സായൂജ്യ വയോജന സഭ

- ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘടന
- ബ്ലോക്ക് പരിധിയിലുള്ള എല്ലാ വയോജനങ്ങൾക്കും അംഗത്വം
- നിലവിൽ അംഗസംഖ്യ - 12453 (ആകെ - 21603)

നേട്ട-കോട്ടങ്ങൾ

- വയോജനനയം, വയോജനസഭ എന്നിവ നിലവിൽ വന്നു
- ബ്ലോക്കതല ഡാറ്റ ശേഖരണം നടത്തി

തുടർ പ്രവർത്തിന് പദ്ധതിവിഹിതം അല്ലാതെ ഫണ്ട് കണ്ടെത്താനായില്ല, നിർവ്വഹണം സംബന്ധിച്ച് മാർഗ്ഗരേഖയിൽ പ്രത്യേക പരാമർശമില്ല എന്നതും പ്രവർത്തനത്തിന്റെ നേതൃനിരയിലേക്ക് സാധാരണക്കാരായ വയോജനങ്ങളെ കൊണ്ടുവരാൻ കഴിഞ്ഞില്ല എന്നതും പോരായ്മയായി കാണുന്നു

വയോജനസേവാകേന്ദ്രം

ബ്ലോക്ക് പരിധിയിലെ വയോജനങ്ങൾ നേരിടുന്ന ആശയവിനിമയം, മറ്റു സേവനങ്ങൾ ലഭ്യമാക്കുന്നതിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത എന്നിവ പരിഹരിക്കുന്നതിനായി സ്ഥിരം വയോജന കേന്ദ്രം സ്ഥാപിച്ചു.

പ്രവർത്തനഘട്ടങ്ങൾ

- വയോജനസേവാ കേന്ദ്രം - കെട്ടിട നിർമ്മാണം
- ലൈബ്രറി - 3000 പുസ്തകങ്ങൾ
- ടി.വി, ചെസ്സ്, കാരംസ്, മതിയായ ഫർണിച്ചറുകൾ, വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കി.
- മേൽ നോട്ടത്തിനായി കരാർ അടിസ്ഥാനത്തിൽ ഒരാളെ നിയമിച്ചു
- പ്രവർത്തന ബൈലോക്ക് അംഗീകാരം നൽകി

ഫണ്ട് സമാഹരണം

ബ്ലോക്ക് പഞ്ചായത്തിന്റേയും ജില്ലാ പഞ്ചായത്തിന്റേയും പദ്ധതിവിഹിതം

പങ്കാളികൾ

കോഴിക്കോട് ജില്ലാ പഞ്ചായത്ത് , വിവിധ പെൻഷനേഴ്സ് യൂണിയനുകൾ

3. ഭിന്നശേഷിസൗഹൃദ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുഭവ പാഠങ്ങൾ

ബഡ്സ് സ്ക്കൂൾ പ്രവർത്തനം തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ തണ്ണീർമുക്കം ബണ്ടും വേമ്പനാട് കായലിനോടും ചേർന്ന് കിടക്കുന്ന പ്രദേശമാണ് തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്. 23 വാർഡുകളിലെ 12000 കുടംബങ്ങളിൽ 21103 സ്ത്രീകളും, 20073 പുരുഷന്മാരുമായി ആകെ 41,176 ജനങ്ങളുണ്ട്.

പ്രോജക്ടിന്റെ പേര്

ബഡ്സ് സ്ക്കൂൾ പ്രവർത്തനം

ഇടപെടൽ മേഖല

ഗ്രാമസഭ ബഡ്സ് സ്ക്കൂൾ പ്രവർത്തനം ബാലസൗഹൃദ പഞ്ചായത്ത്.

ആരംഭിക്കുവാൻ ഉണ്ടായ സാഹചര്യം

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസവും പരിശീലനവും, വീടുകളിൽ അടച്ചു പൂട്ടി കഴിയുന്ന അവസ്ഥ, ദരിദ്ര കുടുംബങ്ങളിലെ അമ്മമാർക്ക് തൊഴിലിന് പോകുവാൻ പറ്റാത്ത അവസ്ഥ.

ലഘു വിവരണം

മാനസിക വെല്ലുവിളികൾ പല കുട്ടികളും വീടിന്റെ അകത്തളങ്ങളിൽ അടച്ചു പൂട്ടപ്പെട്ട് കഴിയുന്ന സാഹചര്യം, ദരിദ്ര കുടുംബങ്ങളിലെ അമ്മമാർക്ക് തൊഴിലിന് പോകുവാൻ പറ്റാത്ത സാഹചര്യത്തിൽ അവരുടെ ഇടയിലെ അവസ്ഥ പരിഗണിച്ച് പഞ്ചായത്ത് ഭരണ സമിതി ഇങ്ങനെയുള്ള കുട്ടികളെ പുറം ലോകത്തേയ്ക്ക് കൊണ്ടുവരുന്നതിനായി ആദ്യഘട്ടത്തിൽ സർവ്വെ എടുക്കുകയും ഇതിൽ നിന്ന് 18 കുട്ടികളെ കണ്ടെത്തുകയും 2005-ൽ വാടക കെട്ടിടത്തിൽ ബഡ്സ് സ്ക്കൂൾ പ്രവർത്തനം ആരംഭിക്കുകയും. ഇപ്പോൾ പഞ്ചായത്ത് എൽ പി സ്ക്കൂൾ ഗ്രൗണ്ടിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

ലക്ഷ്യങ്ങൾ

സ്ക്കൂളിൽ പോകുവാൻ കഴിയാത്ത കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസം, 18 വയസിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് തൊഴിലിൽ പരിശീലനം, രക്ഷിതാക്കൾക്ക് നൈപുണ്യ വികസനം.

നേതൃത്വം നൽകിയവർ

2004-2005ൽ പഞ്ചായത്ത് ഭരണസമിതി തുടക്കം കുറിച്ചത്. പിന്നീട് വന്ന ഭരണസമിതികൾ പ്രോജക്ടുകൾ തുടർന്നു പോന്നു.

പ്രവർത്തന ഘട്ടങ്ങൾ

2004ൽ കുടുംബശ്രീ വക സർവ്വേ, 2005ൽ വാടക കെട്ടിടത്തിൽ, 2007ൽ 20 സെന്റ് സ്ഥലം സ്വന്തമായി ലഭിച്ചു. 2008ൽ MP ഫണ്ട് 7 ലക്ഷം ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിച്ചു. 2010ൽ വാഹനവും കെട്ടിട ഉദ്ഘാടനവും. 2012ൽ കെട്ടിടം സംസ്ഥാന മിഷന്റെ ഫണ്ട് 6 ലക്ഷം ഉപ യോഗിച്ച് നിർമ്മിച്ചു. 2018ൽ ജില്ലാ പഞ്ചായത്തിന്റെ 8 ലക്ഷം രൂപ ഉപയോഗിച്ച് ഓപ്പൺ ഓഡിറ്റോ റിയവും അടുക്കളയും നിർമ്മിച്ചു.

പങ്കാളിത്ത സംവിധാനം

വികസന മാനേജ്മെന്റ് സമിതി, ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, കുടുംബശ്രീ സംയോജനങ്ങൾ

ഫണ്ട് ബഡ്ജറ്റ്, വിഭവ സ്ത്രോതസ്

പഞ്ചായത്ത് തനത് ഫണ്ട്, MP ഫണ്ട്, കുടുംബശ്രീ മിഷൻ, ബ്ലോക്ക് ജില്ലാ പഞ്ചായത്ത്.

നേട്ടങ്ങൾ

ഭിന്നശേഷി സൗഹൃദ സമഗ്ര സംവിധാനങ്ങൾ, ഭിന്നശേഷി സഹായ ഉപകരണം, സമ്പൂർണ്ണ സ്കോളർഷിപ്പ്.

എട്ട് ജീവനക്കാർ പ്രവർത്തിക്കുന്നു. പാഠ്യപദ്ധതി അനുസരിച്ച് വിദ്യാഭ്യാസം നടന്നു വരുന്നു. സാക്ഷരതാ മിഷന്റെ തുല്യത പരീക്ഷ നടത്തുകയും കുട്ടികൾക്ക് വിദ്യാഭ്യാസ പുരോഗതി ഉണ്ടാകുകയും ചെയ്യുന്നു. സ്കൂളിനോട് ചേർന്ന് പരിശീലന കേന്ദ്രം ആരംഭിച്ചു. പരിശീലനം സാധ്യമാകാത്ത കുട്ടികൾക്ക് പകൽ പരിപാലനവും അമ്മമാർക്ക് തൊഴിൽ നൈപുണ്യ വികസന വും നടക്കുന്നു. ഇതിനായി സംസ്ഥാനമിഷന്റെ 6,50000/രൂപ ഉപയോഗിച്ച് BRC കെട്ടിടം പൂർത്തീകരിക്കുവാൻ സാധിച്ചു.

നേരിട്ട തടസങ്ങളും പരിഹാര മാർഗ്ഗങ്ങളും

കെട്ടിടവും വാഹനവും ഒന്നുമില്ലാതിരുന്നത് തടസ്സമായിരുന്നു. സംസ്ഥാന മിഷൻ, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് എന്നിവരുടെ നല്ല രീതിയിലുള്ള സഹകരണം മൂലം ഇതൊക്കെ പരിഹരിക്കുവാൻ കഴിഞ്ഞു.

പരിപാടി സുസ്ഥിരമാക്കുന്നതിന്

- എയ്ഡഡ് പദവി
- സ്ക്കൂൾ ഹൈടെക് ആക്കുക
- കൃഷി പ്രോത്സാഹിപ്പിക്കുക, കുട്ടികളെ കൊണ്ട് കൃഷി ചെയ്യിപ്പിക്കുന്നതുമൂലം കുട്ടികൾക്ക് മാനസിക ഉല്ലാസം ഉണ്ടാകുന്നു.
- മറ്റ് സ്ക്കൂളുകളിലെ കുട്ടികളെ കൊണ്ട് വന്ന് ഈ കുട്ടികളുമായി സൗഹൃദം സ്ഥാപിക്കുവാനും കലാപരിപാടികൾ നടത്തുവാനും കഴിയണം.

- സ്പെഷ്യൽ അയൽകൂട്ടം രൂപീകരിച്ച് പ്രവർത്തിച്ച് പോരുന്നു.

ഓട്ടിസം പാർക്ക്

2012ൽ ബാഹ്യ സഹായത്തോടെ ഓട്ടിസം പാർക്ക് ലഭ്യമായി. ഇതിൽ കുട്ടികളുടെ മാനസികവും ശാരീരികവുമായ വികസനത്തിനും ഉല്ലാസത്തിനും വളരെയധികം പ്രയോജനം ലഭിക്കുന്നു. ഇതിൽ സീസോ, സ്വിങ്ങ്, ഫാമിലി സ്വിങ്ങ്, സർക്കുലർ സ്വിങ്ങ്, ഓലിഫന്റ് സ്ലൈഡർ, ഡക്ക് മെറിഗോ റൗണ്ട്, ഡ്രാഗൺ, സ്ലൈഡർ ഗോബോ, റോളിംഗ് റോപ്പ് എന്നീ കളി ഉപകരണങ്ങൾ ഓട്ടിസം പാർക്കിൽ ഉണ്ട്.

സ്പെഷൽ ഗ്രാമസഭ

ഭിന്നശേഷിയുള്ള കുട്ടികൾക്ക് പൂർണ്ണമായും സ്കോളർഷിപ്പ് നൽകുന്നു. അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് ഉപകരണങ്ങൾ ത്രിതല പഞ്ചായത്തിന്റെ സഹായത്താൽ നൽകുന്നതിനുള്ള നടപടികൾ ചെയ്തു വരുന്നു. തങ്ങളുടെ ആവശ്യങ്ങൾ ചോദിച്ച് വാങ്ങുന്നതിനുള്ള അവസരം ഗ്രാമസഭയിലൂടെ ലഭ്യമാക്കുന്നു.

കലാമത്സരങ്ങൾ

എല്ലാ സ്ക്കൂളുകൾക്കും ലഭിക്കുന്നതുപോലെ വിദ്യാഭ്യാസ വകുപ്പും വിവിധ സംഘടനകളും നടത്തുന്ന മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതുമൂലം സംസ്ഥാനതലം വരെ പങ്കെടുപ്പിക്കുവാനുള്ള അവസരം ലഭിക്കുന്നു. സംസ്ഥാന കുടുംബശ്രീ മിഷൻ നടത്തുന്ന ബഡ്സ് ഫെസ്റ്റിലും സാമൂഹ്യ നീതി വകുപ്പ് നടത്തുന്ന ഭിന്നശേഷി ദിനാചരണത്തിലും പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്യുന്നു. 2018-19 വർഷത്തിലെ 8 ലക്ഷം രൂപ ഉപയോഗിച്ച് ഓപ്പൺ ഓഡിറ്റോറിയം നിർമ്മിച്ച് മുറ്റം ടൈൽപാകി ഉത്ഘാടനം ഉടനെ നടത്തുന്നതാണ്.

ക്ഷേമാലയം ബഡ്സ് സ്പെഷ്യൽ സ്ക്കൂൾ

കരിവെള്ളൂർ പേരളം ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലയുടെ വടക്കേ അറ്റത്തുള്ള പഞ്ചായത്താണ് കരിവെള്ളൂർ പേരളം. ചരിത്രത്തിൽ തന്നെ ഇടം നേടിയ ഈ പഞ്ചായത്ത് പല രീതിയിലുള്ള സമരങ്ങൾക്കും നേതൃത്വം നല്കിയ നാടാണ്. എല്ലാ മേഖലകളിലും പ്രാഗ്ഭത്യം തെളിയിച്ച അനേകം മഹാന്മാരുടെ ജന്മം കൊണ്ട് പ്രസിദ്ധമായ കരിവെള്ളൂരിന് ഒരു പൊതൂവായ ക്ഷേമാലയവും ബഡ്സ് സ്ക്കൂളും പ്രവർത്തനം നടത്തുന്നു.

ആരംഭം

ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനും മാനസികോല്ലാസത്തിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാനും വേണ്ടി 2008-09 ൽ 24 കുട്ടികളുമായി പഞ്ചായത്തിന്റെ തന്നെ ആശുപത്രി കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. ഇവിടെ മറ്റ് സമീപ ജില്ലയിലെയും പഞ്ചായത്തുകളിലെയും കുട്ടികൾ പഠിതാക്കളായി എത്തുന്നുണ്ട്. 7 അദ്ധ്യാപകരും 49 കുട്ടികളും ഈ സ്ഥാപനത്തിന്റെ മുതൽക്കൂട്ടാണ്.

പ്രവർത്തനം

നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലെ കുട്ടികൾ പഠനത്തോടൊപ്പം തന്നെ സോപ്പ് പൊടി, തിരി, മാറ്റ് എന്നിവ നിർമ്മിച്ച് നല്ല രീതിയിൽ വില്പന നടത്തുന്നു. ഇതിൽ നിന്ന് ലഭിക്കുന്ന വരുമാനം ബാങ്ക് നിക്ഷേപമായി സൂക്ഷിക്കുന്നു. കാർഷിക മേഖലയിലും ഈ കുട്ടികൾ പ്രാവീണ്യം നേടുന്നു. കൃഷി ചെയ്തുണ്ടാക്കുന്ന വിഭവങ്ങൾ അവർക്ക് തന്നെ ഭക്ഷണാവശ്യങ്ങൾ ക്കായി ഉപയോഗിക്കുന്നു.

കുട്ടികൾക്കാവശ്യമായ വൈദ്യപരിശോധനയും സ്പീച്ച് തെറാപ്പി തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നു. ശാരീരിക ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനാവശ്യമായ ഉപകരണങ്ങളും നല്കുന്നുണ്ട്. ബാറ്ററിയിൽ പ്രവർത്തിക്കുന്ന ടൂത്ത് ബ്രഷ് നല്കിയതിനാൽ അത് ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നു.

ആരംഭിക്കാനിടയായ സാഹചര്യം

സമൂഹത്തിൽ വേദനയനുഭവിക്കുന്ന ഇത്തരം കുട്ടികൾക്ക് അല്പമെങ്കിലും ആശ്വാസം ലഭിക്കുന്നതിനും ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനും മാനസികോല്ലാസത്തിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാനും വേണ്ടി ക്ഷേമാലയം ബഡ്സ് സ്ക്കൂൾ ആരംഭിച്ചു.

ഫണ്ട്

ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, കുടുംബശ്രീ, ഇതര സ്ഥാപനങ്ങൾ,വ്യക്തികൾ തുടങ്ങിയവരുടെയൊക്കെ സഹായം ലഭിക്കുന്നു. വിവിധ ഡിപ്പാർട്ട്മെന്റുകൾ, വിദ്യാഭ്യാസ സ്കോളർഷിപ്പ്, എം.എൽ.എ ഫണ്ട് എന്നിവയും ലഭിക്കുന്നു. പ്രവാസി മലയാളികൾ സംഭാവനയായി നല്കിയ വാഹനമായിരുന്നു ആദ്യം കുട്ടികളുടെ ഗതാഗതത്തിന് ഉപയോഗിച്ചിരുന്നത്. സർക്കാർ വാഹനം പിന്നീട് ലഭിച്ചു.

പൊതുവിവരങ്ങൾ

ആകെ ജനസംഖ്യ 21000
ആൺ..... 9800
പെൺ..... 11305
ഭിന്നശേഷി..... 374
18 വയസ്സിൽ താഴെ..... 54
ശതമാനം 1.78%

പങ്കാളിത്ത സംവിധാനം

വ്യക്തികൾ, പ്രവാസി മലയാളികൾ, ഗ്രാമപഞ്ചായത്ത് , ജില്ലാപഞ്ചായത്ത്, കുടുംബശ്രീ, ബ്ലോക്ക് പഞ്ചായത്ത് , SBI, LIC, റോട്ടറി ക്ലബ്, IRPC, ഡെന്റൽ അസോസിയേഷൻ

നേട്ടങ്ങൾ

- ആയുർവേദ ഡിസ്പെൻസറി സമീപത്ത് പ്രവർത്തിക്കുന്നതിനാൽ മികച്ച ചികിത്സ ലഭ്യമാക്കാൻ സാധിക്കുന്നു
- തൊഴിലധിഷ്ഠിത പുനരധിവാസ പ്രവർത്തനങ്ങൾക്ക് മാത്രമായി ഡിസ്പെൻസറിയോട് ചേർന്ന് ഒരു ഷെഡ് വിജയകരമായി പ്രവർത്തിക്കുന്നു
- സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സഹായസഹകരണങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.
- ഡെന്റൽ അസോസിയേഷൻ ബാറ്ററിയിൽ പ്രവർത്തിക്കുന്ന ടൂത്ത് ബ്രഷ് നല്കി, ഭക്ഷണം സ്പോണ്സർ ചെയ്യുന്നു.
- വാഹനസൗകര്യം ലഭ്യമാണ്
- കുട്ടികൾക്ക് കൃഷിയിൽ താല്പര്യം ജനിപ്പിക്കാൻ സാധിക്കുന്നു.
- കുട്ടികൾക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ സഹായിക്കുന്നു
- കലാരംഗത്ത് സംസ്ഥാനതലം വരേയും കായിക രംഗത്ത് മികച്ച വിജയം കൈവരിക്കാൻ സാധിച്ചു.
- ഭിന്നശേഷി ഗ്രാമസഭ, ബോധവല്ക്കരണ പരിപാടികൾ നടത്തുന്നു. അമ്മമാരെ ഉൾപ്പെടുത്തി 2 പ്രത്യേക അയല്ക്കൂട്ടങ്ങൾ നിലവിലുണ്ട്

ഭാവി പരിപാടികൾ

പഞ്ചായത്തിന് സൗജന്യമായി കിട്ടിയ സ്ഥലത്ത് പുതിയ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന ശ്രമത്തിലാണ് ഇപ്പോഴത്തെ ഭരണസമിതി.

ബഡ്സ് സ്പെഷ്യൽ സ്ക്കൂൾ
പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്

പ്രോജക്ടിന്റെ പേര് : ബഡ്സ് സ്പെഷ്യൽ സ്ക്കൂൾ

പ്രോജക്ട് ഇടപെടൽ മേഖല : ഭിന്നശേഷി സൗഹൃദ മേഖല

ആരംഭിക്കുവാൻ ഉണ്ടായ സാഹചര്യം

വിവിധ ഗ്രാമസഭകളിലായി ഗ്രാമവാസികളുടെ ആവശ്യം പരിഗണിച്ച് പഞ്ചായത്ത് നടത്തിയ വികലാംഗ സർവേയിൽ 160ൽപരം ഭിന്നശേഷിക്കാരെ കണ്ടെത്തുകയും, അവരുടെ രക്ഷിതാക്കളുടെ ആവശ്യപ്രകാരം പദ്ധതി ആരംഭിക്കുകയും ചെയ്തു.

പ്രോജക്ട് ലഘുവിവരണം

സർവ്വേ പ്രകാരം കണ്ടെത്തിയ കുട്ടികളുടെ പരിചരണം ലക്ഷ്യമിട്ട് 2002 ഡിസംബർ 22ന് താൽക്കാലിക ഷെഡ്ഡിൽ പ്രവർത്തനം ആരംഭിച്ചു. പിന്നീട് വാടക കെട്ടിടത്തിലേയ്ക്കും അവിടെ നിന്ന് പഞ്ചായത്തിന്റെ മഹിളാസമാജം കെട്ടിടത്തിലേക്കും മാറി മാറി പ്രവർത്തിക്കുകയും 2004ൽ അടിവാട് വായനശാലയോട് അനുബന്ധിച്ച് പണിത സ്വന്തം കെട്ടടത്തിലേയ്ക്ക് മാറുകയും ചെയ്തു. C.B.R (Community Based Rehabilitation) സെന്റർ എന്ന പേരിൽ ആരംഭിച്ച സ്ഥാപനം 2010ൽ PWD രജിസ്ട്രേഷനോടു കൂടി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം നേടുകയും '544/10 ബഡ്സ് സ്പെഷ്യൽ സ്ക്കൂൾ - പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്' എന്ന നാമകരണം ലഭിക്കുകയും ചെയ്തു. 3.6.2012ൽ ഗ്രാമപഞ്ചായത്ത് ബഡ്സ് സ്ക്കൂളിനായി കൈമാറിയ 40 ½ സെന്റ് സ്ഥലത്ത് മികച്ച പശ്ചാത്തല സൗകര്യങ്ങളോടെ സ്ക്കൂൾ കെട്ടിടം പ്രവർത്തിച്ചു വരുന്നു.

ലക്ഷ്യങ്ങൾ

- വൈകല്യങ്ങളെ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായ കൗൺസലിംഗ്, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നൽകുക.
- വൈകല്യങ്ങൾ ബാധിച്ചവരെ എത്രയും നേരത്തെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിചരണങ്ങൾ ലഭ്യമാക്കി വൈകല്യ തീവ്രത കുറയ്ക്കുന്നതിന്റെ ഭാഗമായി Early Intervention Centre, Physiotherapy എന്നീ സംവിധാനങ്ങൾ തികച്ചും സൗജന്യമായി ലഭ്യമാക്കുക.
- 6 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ നിർബന്ധിത വിദ്യാഭ്യാസം.
- 14 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുക.
- കൗമാരപ്രായക്കാരായ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്ക്കരണം നൽകുക.
- 18 വയസ്സ് കഴിഞ്ഞ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് തൊഴിലിലൂടെ വരുമാനം.
- ഭിന്നശേഷിക്കാരുടെ വിനോദ-വിജ്ഞാന- പഠനേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
- പോഷകാഹാരക്കുറവ് പരിഹരിക്കുക.

- കലാകായിക വികസനം
- അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കുക.
- തടസ്സങ്ങളില്ലാത്ത ചുറ്റുപാട് ക്രമപ്പെടുത്തുക.
- ദാരിദ്ര്യലഘൂകരണം.

നേതൃത്വം നൽകിയവർ

- 2002ലെ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ തുടങ്ങി ഇന്നത്തെ ഭരണ സമിതി വരെ.
- പ്രത്യേക പരിശീലനം നേടിയ അധ്യാപക-അനധ്യാപക ജീവനക്കാരും സന്നദ്ധ സംഘടനകളും.
- ത്രിതല പഞ്ചായത്തുകൾ
- കുടുംബശ്രീ മിഷൻ
- വികസന മാനേജ്മെന്റ് സമിതി, PTA

പ്രവർത്തന ഘട്ടങ്ങൾ

- Community Based Rehabilitation എന്ന നിലയിൽ പ്രവർത്തനമാരംഭിച്ചു.
- പഞ്ചായത്ത് തല വികലാംഗ സർവ്വേ നടപ്പിലാക്കി.
- താൽക്കാലിക സംവിധാനത്തിൽ CBR സെന്റർ ആരംഭിച്ചു.
- തുടർന്ന് ഗവ.സ്ക്കൂളിന്റെ ഒഴിവായ ക്ലാസ്സ് മുറിയിലേയ്ക്ക് മാറി.
- കുട്ടികളുടെ എണ്ണം വർദ്ധിച്ചപ്പോൾ മഹിളാ സമാജം കെട്ടിടം കണ്ടെത്തി.
- കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചു.
- 40 ½ സെന്റ് സ്ഥലം ഉൾപ്പെടെ സൗകര്യപ്രദമായ കെട്ടിടം നിർമ്മിച്ച് ബഡ്സ് സ്ക്കൂൾ ഇപ്പോൾ പഞ്ചായത്ത് ഓഫീസിന് സമീപത്ത് 60ൽപരം കുട്ടികളുമായി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.
- കൃഷിഭവൻ മുഖേന (50,000/RS) സ്ക്കൂളിൽ ജൈവ പച്ചക്കറി കൃഷി മുഖേന വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നു.
- മഴവെള്ള സംഭരണി വഴി ജലദൗർലഭ്യം പരിഹരിക്കുകയും ശുദ്ധജല ഉപയോഗം നടക്കുകയും ചെയ്യുന്നു.
- പഞ്ചായത്തും സ്ക്കൂളും തികച്ചും ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നു.
- ഗ്ലാസ്സ് പെയ്ന്റ് വർക്ക്, സോപ്പ് പൗഡർ, മെഴുക് തിരി നിർമ്മാണ യൂണിറ്റ് എന്നിവയുടെ പ്രവർത്തനത്തിലൂടെ വരുമാനം നേടുന്നു.
- 2018-19 അദ്ധ്യയന വർഷം 17 കുട്ടികൾ തുല്യതാ നാലാം ക്ലാസ്സ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു.

തുടർപ്രവർത്തനങ്ങൾ

- ☐ ആദ്യഘട്ടത്തിൽ കുട്ടികളെ രക്ഷിതാക്കൾ സ്ക്കൂളിൽ എത്തിച്ചു.
- ☐ തുടർന്ന് പഞ്ചായത്ത് ഓട്ടോറിക്ഷാ സംവിധാനം മാസവാടകയ്ക്ക് ഏർപ്പെടുത്തി.
- ☐ 2010-11ൽ കുടുംശ്രീ മിഷൻ മുഖേന 17 സീറ്റിന്റെ സ്ക്കൂൾ ബസ് ലഭ്യമാക്കി.
- ☐ തുടക്കത്തിൽ കുട്ടികൾ വീട്ടിൽ നിന്നും ഉച്ചഭക്ഷണം കൊണ്ടുവരികയും പിന്നീട് പഞ്ചായത്ത് പ്ലാൻ ഫണ്ട് മുഖേന ഉച്ചഭക്ഷണം നൽകി വരികയും ചെയ്തു.
- ☐ ഇപ്പോൾ പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്ന ഉച്ചഭക്ഷണ പദ്ധതി പ്രകാരം സ്ക്കൂളിലെ മുഴുവൻ കുട്ടികൾക്കും പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകി വരുന്നു.
- ☐ പഞ്ചായത്ത് നടപ്പിലാക്കി വരുന്ന അധിക പോഷകാഹാര പദ്ധതി പ്രകാരം ആഴ്ചയിൽ 2 ദിവസം കുട്ടികൾക്ക് പാലും ഒരു ദിവസം മുട്ടയും നൽകി വരുന്നു. ആവശ്യമായ മെഡിക്കൽ ചെക്കപ്പുകളും നൽകി വരുന്നു.

പങ്കാളിത്ത സംവിധാനം

- ☐ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തുകളും, യുവജന പ്രവാസി സംഘടനകളും സന്നദ്ധ പ്രവർത്തകരും പൊതുജനങ്ങളും ഒത്തൊരുമയോടെ പ്രവർത്തിച്ച് വരുന്നു.
- ☐ PTA പങ്കാളിത്തം വഹിക്കുന്നു.

ഫണ്ട്, വിഭവ സ്രോതസ്സ്

- ☐ പഞ്ചായത്ത് പ്ലാൻഫണ്ട്, ബ്ലോക്ക് ജില്ലാ പഞ്ചായത്ത് ഫണ്ടുകൾ, സംഭാവനകൾ

നേട്ടങ്ങൾ

- ☐ എല്ലാ കുട്ടികൾക്കും പെൻഷൻ നിരാമയ ഇൻഷുറൻസ് തുടങ്ങി സ്ക്കോളർഷിപ്പും നൽകി വരുന്നു.
- ☐ Prevention of Disabilities തുടങ്ങി ദാരിദ്യ ലഘൂകരണം വരെയുള്ളവ ഈ പദ്ധതിയുടെ നേട്ടങ്ങളാണ്.
- ☐ 2017ലെ സ്പെഷ്യൽ ഒളിംപിക്സിൽ 7 സ്വർണ്ണവും 5 വെള്ളിയും 3 വെങ്കലവും സ്ക്കൂൾ സ്വന്തമാക്കി.
- ☐ 2017-18ലെ ബഡ്സ് സ്ക്കൂൾ കലോത്സവത്തിൽ റണ്ണേഴ്സ് അപ് നേടാൻ സാധിച്ചു.
- ☐ മുൻവർഷത്തെ സാമൂഹ്യ സേവന രംഗത്തെ മികച്ച സ്ഥാപനത്തിനുള്ള ജില്ലാതല പി.എം ഹനീഫ് സ്മാരക ട്രോഫി പല്ലാരിമംഗലം ബഡ്സ് സ്ക്കൂളിന് ലഭിച്ചു.
- ☐ എറണാകുളം ജില്ലയിൽ നിന്നും എയ്ഡഡ് പദവിയിലേയ്ക്ക് ഉയർത്തുന്ന സ്ക്കൂളുകളുടെ ലിസ്റ്റിൽ ഇടം നേടി.
- ☐ ജില്ലയിലെ തന്നെ മികച്ച സ്ക്കൂളുകളിൽ ഒന്നായി പ്രവർത്തിച്ചു വരുന്നു.
- ☐ 18 വയസ്സ് കഴിഞ്ഞ ശാരീരിക ക്ഷമതയുള്ള കുട്ടികൾക്ക് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിലുറപ്പ് കാർഡ് ലഭ്യമാക്കി. അവരെ വരുമാന ദായകരാക്കി.
- ☐ അലൻ ദീപക് എന്ന ഓട്ടിസം കുട്ടിയെ പരിശീലനത്തിലൂടെ Hyper Activity+ Behavior Problem കുറച്ച് പൊതുവിദ്യാലയത്തിൽ അയച്ചു.
- ☐ സ്പെഷ്യൽ എംപ്ലോയ്മെന്റ് രജിസ്ടേഷൻ മുഖേന ഒരു കുട്ടിക്ക് ഗവ.ജോലി ലഭിച്ചു.
- ☐ തൊഴിൽ പരിശീലനം നൽകി അലുമിനിയം ഫേബ്രിക്കേഷൻ വർക്കിൽ അസിസ്റ്റൻറായി ജോലി നേടി.

- 5 കുട്ടി+5 രക്ഷിതാക്കൾ എന്ന കൂട്ടായ്മയോടെ കുടുംശ്രീ മിഷൻ പാസ്സ് ബുക്കുകളും മിനിറ്റ്സ് ബുക്കുകളും നിർമ്മിക്കുന്ന ഒരു ബുക്ക് ബൈൻഡിംഗ് യൂണിറ്റ് സ്ക്കൂളിന്റെ ഭാഗമായി പ്രവർത്തിച്ച് കുട്ടികൾക്ക് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യം നേടി.
- സ്ക്കൂളിലെ മുഴുവൻ കുട്ടികളുടെ Personal and Family History+ Assessment നടത്തി Individual Files സൂക്ഷിക്കുന്നു.
- സ്പെഷ്യൽ ഗ്രാമസഭകളിലൂടെ പ്രത്യേക ആവശ്യങ്ങൾ പരിഹരിക്കുന്നു.
- മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നു. സൗജന്യ ചികിത്സ നൽകുന്നു.
- 3 കുട്ടികൾ SSLC പാസ്സായി (Open Merit)

നേരിട്ട തടസ്സങ്ങൾ പരിഹാര ശ്രമങ്ങൾ

- പ്രാരംഭ ഘട്ടത്തിൽ ഇത്തരം ഒരു സ്ഥാപനം തുടങ്ങുന്നതിലും ഭിന്നശേഷിക്കാരോട് ഇടപെടുന്നതിലും പൊതുജന പങ്കാളിത്തക്കുറവും എതിർപ്പുകളും നേരിട്ടിരുന്നു.
- ബോധവത്ക്കരണ പരിപാടികളും നേരിട്ടുള്ള ഇടപെടലുകളും മുഖാന്തരം ജനമനോഭാവം മാറ്റിയെടുക്കുന്നതിനും പദ്ധതിയിൽ പങ്കാളികളാക്കുന്നതിനും സാധിച്ചു.
- സാമ്പത്തിക സ്രോതസ്സുകളുടെ അഭാവം ഒരു മുഖ്യ പോരായ്മ തന്നെ ആയിരുന്നു.
- സർക്കാർ ഉത്തരവുകളിൽ പരാമർശിച്ചിരിക്കുന്ന പ്രകാരമുള്ള വേതനം ജീവനക്കാർക്ക് നൽകുന്നതിനും, സ്കൂൾ വാഹനം, തുടർനടത്തിപ്പ് സ്ക്കൂളിന്റെ പ്രവർത്തന പുരോഗതി എന്നവയ്ക്കും ആവശ്യമായ ഫണ്ട് ഇപ്പോഴും വ്യക്തമല്ല. പല്ലാരിമംഗലം പോലെ തന തുഫണ്ട് കുറവുള്ള പഞ്ചായത്തുകൾക്ക് മാതൃകാപരമായ സേവനം കാഴ്ച വക്കുന്നതിന് ഫണ്ട് അപര്യാപ്തത ഒരു പ്രതിസന്ധി തന്നെയാണ്.

പരിപാടി സുസ്ഥിരമാക്കാൻ

- ഇത്തരം സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് പര്യാപ്തമായ ഫണ്ട് ലഭ്യമാക്കുക.
- ജീനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുക.

Culture Plans

- 3 മാസത്തിൽ ഒരിക്കൽ രക്ഷിതാക്കൾക്ക് കുട്ടികളുടെ സ്വഭാവ രൂപീകരണവുമായി ബന്ധപ്പെട്ട ബോധവത്കരണ ക്ലാസ്സുകളും, കൗൺസലിംഗും വിദഗ്ധ സഹായത്തോടെ നടപ്പിലാക്കുക.
- സീസണൽ ഫ്രൂട്ട്സിന്റെ ശേഖരണവും വിഭവ വിപണനവും നടപ്പിലാക്കുക.
- ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുക.
- കൊച്ചിൻ ഷിപ്പ് യാർഡ് പാസ്സാക്കിയിട്ടുള്ള CSR ഫണ്ട് ഉപയോഗിച്ച് അടുത്ത അദ്ധ്യയന വർഷത്തന് മുൻപായി സ്ക്കൂളിലെ മുഴുവൻ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ്സ് റൂം ആക്കി സജ്ജീകരിക്കുക.
- വിപണന ആവശ്യത്തിന് ജൈവ പച്ചക്കറി ഉത്പാദിപ്പിക്കുക.

ബഡ്സ് സ്ക്കൂൾ
വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പരിധിയിൽ വരുന്ന വെങ്ങാനൂർ പഞ്ചായത്തിൽ 20 വാർഡുകളിലായി 10,425 കുടുംബങ്ങൾ താമസിക്കുന്നു. ഗ്രാമ പഞ്ചായത്തിനെ ബാലസൗഹൃദ പഞ്ചായത്താക്കി മാറ്റുന്നതിനാവശ്യമായ എല്ലാ പരിപാടികളും ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തു. ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനായി മാതൃകാപരമായി പ്രവർത്തിക്കുന്ന ഒരു ബഡ്സ് സ്ക്കൂളും ഇവിടെ ഉണ്ട്.

വിനോദ സഞ്ചാര ഭൂപടത്തിലെ കോവളവും കാർഷിക പഠന-ഗവേഷണ സ്ഥാപനമായ വെള്ളായണി കാർഷിക കോളേജും കൈത്തറി വസ്ത്രങ്ങൾക്ക് പേരു കേട്ട ബാലരാമപുരവും കേരളത്തിലെ മൂന്നു ശുദ്ധജല തടാകങ്ങളിലൊന്നായ വെള്ളായണി കായലും അതിരു പങ്കിടുന്ന വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് കാലാന്തരത്തിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോട് ചേർന്നുള്ള പ്രദേശമെന്നാണ് അറിയപ്പെടുക.

അധഃസ്ഥിതരുടെ മോചനത്തിനും അവകാശങ്ങൾക്കും വേണ്ടി പൊരുതിയ സാമൂഹിക പരിഷ്കർത്താവായ അയ്യങ്കാളിയുടെ ജന്മനാടായിട്ടാണ് വെങ്ങാനൂർ അറിയപ്പെടുന്നത്. മഹാത്മാ ഗാന്ധി 1937 ജനുവരി 14ന് വെങ്ങാനൂരിലെത്തി അയ്യങ്കാളിയെ സന്ദർശിച്ചുവെന്നതും ചരിത്രത്തിന്റെ ഭാഗമാണ്.

1. മാതൃകാ പ്രോജക്ട്: ബഡ്സ് സ്പെഷ്യൽ സ്ക്കൂൾ ഫോർ മെന്റലി ചലഞ്ച്ഡ്

ഭിന്നശേഷി കുട്ടികളെ ഒരു കൂരയ്ക്ക് കീഴിൽ എത്തിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഇവരുടെ പുനരധിവാസം സാധ്യമാക്കിയ സംരംഭമാണ് ബഡ്സ് സ്ക്കൂൾ. 2004 ആഗസ്റ്റ് 16ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ എ.കെ.ആന്റണി ഉദ്ഘാടനം ചെയ്ത ഈ പ്രസ്ഥാനം അനുകരണീയ മാതൃകയായി അവതരിപ്പിച്ച ഖ്യാതി വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന് സ്വന്തമാണ്.

2. പ്രോജക്ട് ഇടപെടൽ മേഖലകൾ: ഭിന്നശേഷിക്കാരായ കുട്ടികളും മുതിർന്നവരും.

3. ആരംഭിക്കാനുണ്ടായ സാഹചര്യം

കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായുള്ള സർവേയിൽ ഭിന്നശേഷിക്കാരായ നൂറോളം കുട്ടികളെ കണ്ടെത്തി. രക്ഷിതാക്കൾക്ക് ഇത്തരം കുട്ടികളെ ഒറ്റയ്ക്കാക്കി തൊഴിൽ ചെയ്യാനോ പുറത്തു പോകാനോ കഴിയാതെ മാനസിക സമ്മർദ്ദവും സാമ്പത്തിക ബുദ്ധിമുട്ടും അനുഭവിക്കുന്നതും സാമൂഹികമായ ഇടപെടലുകളിൽ നിന്നും ഉൾവലിഞ്ഞു നിൽക്കുന്ന അവസ്ഥയും ശ്രദ്ധയിൽപ്പെട്ടു.

4. പ്രോജക്ട് ലഘുവിവരണം

Short Support Model :1500 സ്കയർ ഫീറ്റിൽ കുട്ടികളുടെ പകൽ പരിപാലനത്തിനായി തുടങ്ങിയ ഈ സംരഭം ഇന്ന് 56 കുട്ടികളുടെ അക്കാദമിക, അക്കാദമികേതര കാര്യങ്ങളും 18 വയസ്സിനു മുകളിലുള്ള കുട്ടികൾക്കുള്ള തൊഴിൽ പരിശീലന കേന്ദ്രമായും പ്രവർത്തിക്കുന്നു.

നിലവിൽ 3500 സ്കയർ ഫീറ്റ്കെട്ടിടത്തിൽ വളരെ വിപുലമായ തൊഴിൽ പരിശീലനവും

കൂടാതെ അമ്മമാരുടെ ഒരു തൊഴിൽ യൂണിറ്റും ഇതിൽ പ്രവർത്തിക്കുന്നു. ഇത് രക്ഷിതാക്കളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുകയും, ഇതിലൂടെ അമ്മമാർക്കും കുട്ടികൾക്കും ഒരു വരുമാന മാർഗ്ഗവും മുഖ്യധാരയിലേക്കു വരുന്നതിനും സാധിക്കുന്നു. 20 സെന്റ് സ്ഥലത്തിൽ ആരംഭിച്ച പ്രോജക്ട് ഇപ്പോൾ 38 സെന്റ് സ്ഥലത്തിലാണ്.

5. ലക്ഷ്യങ്ങൾ

- രക്ഷിതാക്കളുടെ ബോധവൽക്കരണം
- സമൂഹത്തിന്റെ ബോധവൽക്കരണം
- നൈപുണ്യ വികസനം, വ്യക്തി വികസനം.
- കുട്ടികളെ മുഖ്യ ധാരയിലേക്കു കൊണ്ടുവരാനും, സ്വയം പര്യാപ്തരാക്കുന്നതിനുള്ള പരിശീലനങ്ങൾ
- Early detection and Intervention Centre

6. നേതൃത്വം നൽകിയവർ

2004ലെ ഭരണസമിതിയും കുടുംബശ്രീയും (സംയുക്ത സംരംഭം)

7. പ്രവർത്തന ഘട്ടങ്ങൾ

പകൽ പരിപാലന കേന്ദ്രമാരംഭിച്ചു. ഇപ്പോൾ അക്കാദമിക പ്രവർത്തനങ്ങൾക്കും തൊഴിൽ പരിശീനത്തിനും പുരധിവാസത്തിനും മുൻതൂക്കം നല്കുന്നു, വിവിധതരം തൊഴിൽ പരിശീ ലനത്തിലൂടെ കുട്ടികളെ സ്വയം പര്യാപ്തമാക്കുന്നു. (പാട്ടകൃഷി, പേപ്പർ ബാഗ്, കൂൺകൃഷി, ഫയൽ നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം)

8. മേന്മ വൽക്കരണം

കൂടുതൽ വിപുലീകരണത്തിനായി പഞ്ചായത്ത് ഭരണസമിതി 18 സെന്റ് സ്ഥലം വാങ്ങി ന ല്കുകയും ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ സഹകരണത്തോടെ പുതിയ കെട്ടിടം വയ്ക്കുന്നതി നും അതിൽ ഓട്ടിസം, സെന്ററിലേക്ക് ആവശ്യമായ equipments, Computer പുനരധിവാസ Facilities, music therapy, yoga എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചു.

9. പങ്കാളിത്ത സംവിധാനം

ഗ്രാമപഞ്ചായത്ത്

കുടുംബശ്രീ

ബ്ലോക്ക്

ജില്ല

എം.എൽ.എ

എം.പി

വിദ്യാഭ്യാസ വകുപ്പ്

സി.എസ്.ആർ

10. ഫണ്ട്, വിഭവ സ്രോതസ്സ്, ബഡ്ജറ്റ്

ത്രിതല പഞ്ചായത്ത്, എം.എൽ.എ, എം.പി, വിദ്യാഭ്യാസ വകുപ്പ്, Including scholarship എന്നിവ 4 കോടി

11. നേട്ടങ്ങൾ

1. ബഡ്സ് സ്ക്കൂൾ സാധ്യമായി. ഉപഭോക്താക്കൾ - 56 കുട്ടികൾ 33 ആൺ, 23 പെൺ
2. സ്പെഷ്യൽ അയൽകൂട്ടം സ്വയം തൊഴിൽ
3. രക്ഷിതാക്കൾക്ക് ബോധവൽക്കരണം
4. ഭിന്നശേഷിക്കാർക്ക് വിദ്യാഭ്യസ സ്കോളർഷിപ്പ്, ലാപ്ടോപ്പ്
5. സഹായ ഉപകരണങ്ങൾ
6. കുട്ടികളെയും രക്ഷിതാക്കളെയും മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിച്ചു.
7. ഭിന്നശേഷി കലോത്സവം, ബഡ്സ് ഫെസ്റ്റ് ഇവയിലൂടെ കുട്ടികളുടെ കലാകായിക അഭിരുചികൾ വളർത്താൻ സാധിച്ചു.
8. നേരത്തെയുള്ള ഇടപെടലുകൾ നടത്താൻ സാധിച്ചു.
9. പൊതു വിദ്യാലയങ്ങളിലേക്ക് കുട്ടികളെ അയക്കാൻ സാധിച്ചു.

12. നേരിട്ട തടസ്സങ്ങൾ

1. ആദ്യഘട്ടത്തിൽ കുട്ടികളെ സ്ക്കൂളിലേക്ക് അയക്കുന്നതിന് പലർക്കും ബുദ്ധിമുട്ടായിരുന്നു.
2. സാമ്പത്തിക ബുദ്ധിമുട്ട്
3. അവസ്ഥ നിർണ്ണയിക്കുന്നതിനുള്ള കാലതാമസം

13. പരിപാടി സുസ്ഥിരമാക്കുന്നതിനെക്കുറിച്ചുള്ള അഭിപ്രായം

പഞ്ചായത്തിന്റെ ഇത്തരം പ്രൊജക്ടുകൾ കൂടുതൽ ധന സ്രോതസ്സുകളുടെ സഹായത്തോടെ നടത്തിക്കൊണ്ടു പോയാൽ മാത്രമെ ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് കൊണ്ടു വരാനും അവരെ സ്വയം പ്രാപ്തരാക്കാനും സാധിക്കുകയുള്ളു. കൂടുതൽ വിദഗ്ധരുടെ സേവനം കൂടി ഉൾപ്പെടുത്തിക്കൊണ്ട് കുടുതൽ വിപുലമാക്കുകയും അശരണരായവർക്കും ആജീവനാന്ത സംരക്ഷണം നല്കുന്നതിനുമുള്ള ഒരു സ്ഥാപനമായി വളർത്തിയെടുക്കുകയും വേണം. ഇതിലൂടെ മാത്രമെ സമഗ്രലക്ഷ്യം സാധ്യമാകൂ. ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്നു.

ബഡ്സ് സ്പെഷ്യൽ സ്ക്കൂൾ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

ഭിന്നശേഷിക്കാർ.....600 പേർ

പുരുഷൻ.....325

സ്ത്രീ.....275

പ്രൊജക്ട് ഉണ്ടാവാനുള്ള സാഹചര്യം

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിന്റെ വടക്ക് പടിഞ്ഞാറ് കടൽത്തീരത്തോട് ചേർന്ന് കിടക്കുന്ന പഞ്ചായത്താണിത്. ഈ മേഖലയിൽ ഭിന്നശേഷിയുള്ള കുട്ടികൾ കൂടുതലായി കാണപ്പെട്ടിട്ടുണ്ട്. തന്മൂലം രക്ഷിതാക്കൾക്ക് മാനസിക സമ്മർദ്ദം അനുഭവപ്പെടുകയും കുടുംബത്തിൽ അസ്വസ്ഥതയും സ്വരചേർച്ചകളും സാമ്പത്തിക പരാധീനതകളും ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ചർച്ച ചെയ്തതിൽ പരിപാലന കേന്ദ്രം തുടങ്ങുന്നതിന്റെ ആവശ്യകത ഉയരുകയും പഞ്ചായത്ത് ഭരണസമിതി ഈ പ്രൊജക്ട് കാര്യക്ഷമമാക്കുന്നതിന് സർവ്വേ നടത്തുകയും ചെയ്തു. 14/5/2012 ൽ ബഡ്സ് സ്ക്കൂൾ പ്രവർത്തനം ആരംഭിക്കാനുള്ള തീരുമാനം കൈക്കൊണ്ടു. ഇതിനായി 2136000 രൂപയുടെ ബഡ്ജറ്റ് അംഗീകരിച്ചു. രണ്ട് അദ്ധ്യാപകരെയും ആയമാരെയും തിരഞ്ഞെടുക്കുകയും ചെയ്തു. കൃഷിഭവന് വേണ്ടി ഉപയോഗിച്ചിരുന്ന കെട്ടിടം ഇതിനായി ഉപയോഗിച്ചു. ഇതിന്റെ പ്രവർത്തനത്തിനായി ഒരു വികസന മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് രജിസ്റ്റർ ചെയ്തു.

ലക്ഷ്യങ്ങൾ

- ☐ സ്ക്രീനിങ്ങിലൂടെ കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കുക
- ☐ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൊണ്ട് വരിക
- ☐ കുട്ടികൾക്കും രക്ഷിതാക്കൾക്കും, അവേയർണസ് ക്ലാസ്സ് നൽകുക
- ☐ 14 വയസ്സിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് കൗൺസിലിങ് ക്ലാസ് നടത്തുക
- ☐ 18 വയസ്സിന് മുകളിലുള്ള കുട്ടികൾക്ക് വൊക്കേഷണൽ ട്രെയിനിംഗ് കൊടുക്കുക
- ☐ തൊഴിൽ പരിശീലനം നേടിയ കുട്ടികൾക്ക് അതിലൂടെ വരുമാനം കണ്ടെത്താനുള്ള നൈപുണ്യം ആർജ്ജിക്കുക

പ്രവർത്തിക്കുന്നവർ

- ☐ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ
- ☐ അദ്ധ്യാപകർ
- ☐ ആയമാർ
- ☐ മാതാപിതാക്കൾ

- ഡോക്ടർമാർ
- ഫിസിയോതെറാപ്പിസ്റ്റ്

പ്രവർത്തനശൈലി

34 കുട്ടികളും 4 അദ്ധ്യാപകരും 2 ആയമാരും ഒരു കുക്കും സ്ക്കൂളിൽ നിലവിലുണ്ട്. ക്ലാസ്സുകൾ കൂടാതെ നൈപുണികൾ അനുസരിച്ചുള്ള പഠനരീതികളും നടത്തിവരുന്നു. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ ഒരു ടീച്ചറും ഒരു ആയയും 18 വയസ്സിന് മുകളിലുള്ള കുട്ടികളും നിലവിലുണ്ട്. Notepad, Spiral Note Book, Paper pen, medicine Cover, paper file, vermi compost, paper carry bag എന്നിവയിൽ പരിശീലനം നൽകുകയും ഓർഡർ അനുസരിച്ച് ഇവ ചെയ്തു കൊടുക്കുകയും ചെയ്യുന്നു. ഇതുവഴി ഒരു വരുമാന മാർഗം കുട്ടികൾക്ക് ലഭിക്കുകയും ചെയ്യുന്നു.

പങ്കാളിത്തം

മാതാപിതാക്കൾ, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മറ്റ് സന്നദ്ധസംഘടനകൾ, ഡോക്ടർമാർ

നേട്ടങ്ങൾ

- കുട്ടികളുടെ നല്ല രീതിയിലുള്ള മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് വഴിയൊരുക്കുന്നു.
- ജില്ലാ പഞ്ചായത്ത് കുട്ടികൾക്ക് യാത്ര ചെയ്യുന്നതിന് വാഹനം നൽകുകയുണ്ടായി.
- ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ വിശാലമായ പാർക്ക് നിർമ്മിച്ചു നൽകി.
- കുട്ടികൾക്ക് സ്കോളർഷിപ്പ്, പെൻഷൻ, യൂണിഫോം, മെഡിക്കൽ ക്യാമ്പ് എന്നിവ നൽകി വരുന്നു.

സ്നേഹതീരം ബഡ്സ് സ്ക്കൂൾ
കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത്

കയ്യൂർ ചീമേനി പഞ്ചായത്ത് ഒരു എൻഡോസൾഫാൻ ബാധിത മേഖലയായതിനാൽ മാനസിക വെല്ലുവിളികൾ നേരിടുന്ന പല കുട്ടികളും വീടുകളിൽ മാത്രം ഒതുങ്ങി കൂടിയത് തൊഴിലെടുക്കാൻ പോകുന്ന രക്ഷിതാക്കളുടെ ആവശ്യം കണക്കിലെടുത്തും തുടങ്ങിയതാണ് ബഡ്സ് സ്ക്കൂൾ. രക്ഷിതാക്കളുടെ ആവശ്യം കണക്കിലെടുത്ത് അവരുടെ കുട്ടികളെ പരിചരിക്കുന്നതിനായി പഞ്ചായത്ത് തുടങ്ങിയ ഒരു സ്ഥാപനമാണ് ബഡ്സ് സ്ക്കൂൾ.

പ്രൊജക്ടിന്റെ ഇടപെടൽ മേഖലകൾ

- ☐ ബാലസൗഹൃദ വിദ്യാലയം
- ☐ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രത്യേകപരിശീലനവും കഴിവുകൾ മെച്ചപ്പെടുത്തലും

ലഘുവിവരണം

സർക്കാരിന്റെ പദ്ധതി വിനിയോഗ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതുപ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾനേരിടുന്ന, സ്ക്കൂൾ വിദ്യാഭ്യാസത്തിന് പോകുവാൻ പറ്റാത്ത കുട്ടികൾക്കായി ബഡ്സ് സ്ക്കൂൾ 2012 ൽ പ്രവർത്തനം ആരംഭിച്ചു. തുടക്കത്തിൽ പഞ്ചായത്തിന്റെ വിഹിതമായി 2 ലക്ഷം രൂപ ഉപയോഗിച്ചു. തുടക്കത്തിൽ 11 കുടുംബങ്ങൾക്കാണ് ലഭിച്ചതെങ്കിലും ഇപ്പോൾ 31 കുടുംബങ്ങളിലുള്ള കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. തുടക്കത്തിൽ വാടകയ്ക്ക് വാഹനസൗകര്യമൊരുക്കിയാണ് കുട്ടികളെ സ്ഥാപനത്തിൽ എത്തിച്ചത്. ഒരു സ്പെഷ്യൽ ടീച്ചർ ആണ് ആദ്യകാലത്ത് ഉണ്ടായിരുന്നത്. വേതനം, വാഹനവാടക, ഭക്ഷണം തുടങ്ങിയവ നൽകുന്നതിന് വികസന ഫണ്ട് , തനത് ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തിയാണ് പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കി നല്കിയത്. പിന്നീട് വിവിധ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെയും സഹായം ലഭിച്ചതിനാൽ സ്ക്കൂൾ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ സാധിച്ചു. കുടുംബശ്രീ മിഷനിൽ നിന്ന് വാഹനവും ഫർണീച്ചറും ലഭിച്ചത് പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ടതാക്കി.

നിലവിൽ 30 തിലധികം കുട്ടികൾ സ്ക്കൂളിൽ എത്തിത്തുടങ്ങി. പരിപാലനത്തിനായി രണ്ട് സ്പെഷ്യൽ ടീച്ചർ, രണ്ട് ആയമാരും, ഭക്ഷണം തയ്യാറാക്കുന്നതിനായി ഒരു ജീവനക്കാരി, ഒരു ഡ്രൈവർ എന്നിവർ ഉണ്ട്. പ്രവർത്തന മികവ് കണക്കിലെടുത്ത് മലയാള മനോരമയിൽ നിന്ന് സ്നേഹനിധി പദ്ധതിയിൽ ഉൾപ്പെടുത്തി യാത്രാ സൗകര്യത്തിനായി മറ്റൊരു വാഹനം കൂടി ലഭിച്ചു.

എൻഡോസൾഫാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡ് ഒരു കോടി 15 ലക്ഷം രൂപ ചെലവഴിച്ച് പണിതിട്ടുള്ള കെട്ടിടം ഉദ്ഘാടനത്തിനായി തയ്യാറായിട്ടുണ്ട്.

ലക്ഷ്യം

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കഴിവ് കണ്ടെത്തി കലാവാസന

കളും ഭൗതികവുമായ ഉയർച്ചയും അതോടൊപ്പം രക്ഷിതാക്കളുടെ ശുഭാപ്തി വിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഭദ്രതയോടെ കുട്ടികളെ ബഡ്സ് സ്ക്കൂളിൽ വിട്ട് രക്ഷിതാക്കൾക്ക് തൊഴിലിന് പോകുന്നതിനും സാധിച്ചു.

നേതൃത്വം

പഞ്ചായത്ത് രൂപീകരിച്ച ബഡ്സ് സ്ക്കൂൾ മാനേജ്മെന്റ് കമ്മിറ്റി

പ്രവർത്തന ഘട്ടങ്ങൾ

കുടുംബശ്രീയുടെ സഹായത്തോടെ സർവ്വെ നടത്തി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. വാടകയ്ക്ക് ഒരു സ്ഥാപനം കണ്ടെത്തി, സന്നദ്ധസംഘടനകളുടെയും പഞ്ചായത്തിന്റെയും സഹകരണത്തോടെ പ്രവർത്തനം ആരംഭിച്ചു. കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ വാഹനം ലഭിച്ചു. മലയാള മനോരമ സ്നേഹനിധി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ട്രാവലർ ലഭിച്ചു. സ്വന്തമായി ഒരു കെട്ടിടം പണിതു. ഭിന്നശേഷി സ്കോളർഷിപ്പ് നല്കുന്നുണ്ട്.

പങ്കാളിത്ത സംവിധാനം

കുടുംബശ്രീ യൂണിറ്റ്, സന്നദ്ധസംഘടനകൾ, സ്ക്കൂൾ മാനേജ്മെന്റ് യൂണിറ്റ്, ജില്ല പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്

ഫണ്ട്, വിഭവസ്രോതസ്സ്, ബഡ്ജറ്റ്

കുടുംബശ്രീ മിഷൻ -വാഹനം

പഞ്ചായത്തിന്റെ തനത് ഫണ്ട്, വികസന ഫണ്ട്, എൻഡോസൾഫാൻ പ്രോജക്ടുൾ ഉൾപ്പെടുത്തി നബാർഡ് ഫണ്ട്- 1 കോടി 15 ലക്ഷം

മലയാള മനോരമ-വാഹനം

നേട്ടങ്ങൾ

കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കാൻ സാധിച്ചു. രക്ഷിതാക്കൾക്ക് ശുഭാപ്തി വിശ്വാസത്തോടെ കുട്ടികളുടെ ഭദ്രത ഉറപ്പു വരുത്തി തൊഴിലെടുക്കാൻ പോകുവാൻ സാധിച്ചു. രക്ഷിതാക്കൾക്ക് കുടുംബശ്രീ മിഷൻ മുഖേന നൈപുണ്യ പരിശീലനം നൽകുവാൻ സാധിച്ചു.

നേരിട്ട തടസ്സങ്ങൾ, പരിഹാരശ്രമങ്ങൾ

ബഡ്സ് സ്ക്കൂളിൽ കുട്ടികൾ കൂടുതൽ ഉള്ളതിനാൽ വാഹനം ഒന്നിൽ കൂടുതൽ വേണ്ടി വരുകയും വാഹനത്തിന്റെ നടത്തിപ്പ് ചെലവും കെട്ടിടത്തിന്റെ വിപുലപ്പെടുത്തലിന് വരുന്ന ചെലവും ഫിസിയോതെറാപ്പി തുടങ്ങിയ സൗകര്യങ്ങൾക്ക് വരുന്ന ചെലവും വഹിക്കുക എന്നുള്ളത് പ്രധാന തടസ്സങ്ങൾ ആണ്.

'അമ്മമാർക്കൊരു കൈത്താങ്ങ്, നമ്മുടെ കുട്ടികൾക്ക് ഒരുല്ലാസ കേന്ദ്രം' ബഡ്സ് സ്കൂൾ കോഡൂർ

കിഴക്ക് വിശാലമായ കുന്നിൻ മുകളിൽ നിന്നാരംഭിച്ച് പടിഞ്ഞാറ് വയലേലകളുടെ മർമ്മരങ്ങളിലവസാനിക്കുന്ന കർഷകപ്രാധാന്യമുള്ള 18.4 കിലോമീറ്റർ വിശാലമായ ഭൂപ്രദേശമാണ് കോഡൂരിന്റേത്. മൂന്നിൽ രണ്ട് ഭാഗങ്ങളിലുമായി 14 കിലോമീറ്ററിലേറെ കടലുണ്ടിപ്പുഴ കോഡൂരിന് അതിരിടുന്നു. ഭൂമിശാസ്ത്രപരമായി ഇടനാട് മേഖലയിലാണ് കോഡൂർ ഉൾപ്പെടുന്നത്.

ഭൂമിശാസ്ത്രപരമായും സാംസ്കാരികമായും കാർഷിക ഗ്രാമമാണെങ്കിലും ജില്ലാ ആസ്ഥാനമായ മലപ്പുറം പട്ടണത്തോട് ചേർന്നുകിടക്കുന്ന പ്രദേശമായതിനാൽ നഗരവൽക്കരണത്തിലേക്ക് പിച്ചവെച്ച് നടക്കുകയാണ് ഗ്രാമപഞ്ചായത്ത്.

18.42 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കോഡൂർ പഞ്ചായത്തിലെ ജനസംഖ്യ 44653 ആണ്. 22463 പുരുഷൻമാരും 22190 സ്ത്രീകളുമാണുള്ളത്. ഇതിൽ 8079 ആൺകുട്ടികളും 7833 പെൺകുട്ടികളും ഉൾപ്പെടും. സാക്ഷരതാശതമാനം 91.90 ആണ്. ജനസംഖ്യയിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 300ൽ പരം ആളുകളുണ്ട്. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ട് എല്ലാ വർഷവും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക ഗ്രാമസഭയും അനുബന്ധ പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാറുണ്ട്. ഗ്രാമസഭ കൂടുമ്പോൾ രക്ഷിതാക്കളിൽ നിന്നും, പ്രത്യേകിച്ച് അമ്മമാരിൽ നിന്നുമുള്ള അനുഭവങ്ങൾ പങ്കുവെക്കൽ വേളയിൽ ഇത്തരം കുട്ടികൾക്ക് ഒരു 'ഇടം' വേണമെന്ന കാഴ്ച്ചപ്പാടിൽ നിന്നുകൊണ്ടാണ് ഈ സംരഭത്തിലേക്ക് തുനിയുന്നത്.

കോഡൂർ പഞ്ചായത്ത് പരിധിയിലെ വിവിധ വെല്ലുവിളികൾ നേരിടുന്നവരുടെ പട്ടിക താഴെ പറയും പ്രകാരമാണ്.

Category	Age 0-14		Age 14-45		Total		Grand Total
	M	F	M	F	M	F	
HI	15	6	23	8	38	14	52
MR	1	1	21	31	22	32	54
OH	9	8	36	28	45	36	81
MD	4	6	12	6	16	12	28
CP	2	2	5	0	7	2	9
VI	6	2	12	8	18	10	28

തുടക്കവും പ്രയാണവും

2011 – സെപ്റ്റംബർ 17 മുതൽ ബഡ്സ് സ്കൂൾ പ്രവർത്തിച്ചു വരുന്നു. 40 ആൺകുട്ടികളും 30 പെൺകുട്ടികളുമടക്കം വിവിധ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ

വിദ്യാലയത്തിൽ പഠനം നടത്തി വരുന്നുണ്ട്. വിദ്യാലയത്തിന് കീഴിൽ സോപ്പ് നിർമ്മാണ യൂണിറ്റും, കുട നിർമ്മാണം, ഫാൻസി ഓർണമെന്റ് നിർമ്മാണം തുടങ്ങിയവ നടന്നു വരുന്നു. വിദ്യാലയത്തിലെ അമ്മമാരെ വെച്ചുകൊണ്ട് ഒരു ചപ്പാത്തി നിർമ്മാണ യൂണിറ്റ് അടക്കമുള്ള കാറ്ററിംഗ് സർവ്വീസ് പ്രവർത്തിച്ചുവരുന്നു. സ്വയം തൊഴിൽ പദ്ധതികളിലൂടെയും മേൽപറഞ്ഞ സേവന പദ്ധതികളിലൂടെയുമെല്ലാം ചെറിയ വരുമാനം അതാതു പദ്ധതികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരായ ആളുകൾക്കും അവരുടെ രക്ഷിതാക്കൾക്കും ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. രണ്ട് അധ്യാപികമാരും, രണ്ടു സഹായികളും, ഫിസിക്കൽ ട്രെയിനറും, ഒരു ഡോക്ടറും ജോലിക്കാരായിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയും രക്ഷിതാക്കളും പൊതുപ്രവർത്തകരുമടങ്ങുന്ന മാനേജിംഗ് സമിതിയാണ് ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.

മൂലധനവും നേതൃത്വം നൽകുന്നവരും

17,98,000 രൂപ ഓരോ വർഷവും പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുന്നു. പ്രാദേശികമായി ലഭ്യമാക്കുന്ന വിഭവങ്ങളും പ്രവർത്തനത്തിനായി ഉപയോഗിക്കുന്നുണ്ട്. വിദ്യാഭ്യാസ ഗ്രാന്റും പോഷകാഹാര ഗ്രാന്റും വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമാകുന്നു.

നേട്ടങ്ങൾ

- കൈത്തൊഴിൽ പരിശീലനം ലഭ്യമാവുക വഴി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിക്കുന്നു.
- തങ്ങളും സമൂഹത്തിലെ ഭാഗമാണെന്ന ബോധവും തങ്ങൾക്കും എന്തെങ്കിലും ചെയ്യാൻ സാധിക്കുമെന്ന ചിന്തയും വർദ്ധിക്കുന്നു.
- കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന കലാവാസന പരിപോഷിപ്പിക്കാൻ സഹായിക്കുന്നു.
- സാമ്പത്തികമായി സ്വയം പര്യാപ്തത നേടാൻ സഹായിക്കുന്നു.
- ശാരീരിക മാനസിക വികാസം സാധ്യമാക്കുന്നു.
- വ്യത്യസ്ത കുട്ടികളുമായും ചുറ്റുപാടുമായും ഇടപെടാൻ സഹായിക്കുന്നു.
- ഒരു മനുഷ്യന് പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന് ജീവിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസം (Functional Academics) നേടിക്കൊടുക്കുന്നു.

വെല്ലുവിളികൾ-അതിജീവനമാർഗ്ഗങ്ങൾ

- കുട്ടികളെ വിദ്യാലയത്തിലേക്കെത്തിക്കാൻ വാഹന സൗകര്യം ലഭ്യമാക്കുക എന്നതായിരുന്നു ഏറ്റവും വലിയ പ്രശ്നം. പഞ്ചായത്തിന്റെയും, മറ്റ് സുമനസ്സുകളുടെയും സഹായ സഹകരണത്തോടെ വാഹനം ലഭ്യമാക്കി. ഇത്തരം കുട്ടികളെ പരിചരിക്കുക എന്നത് ഏറെ ശ്രമകരമായ കാര്യമാണ്. അത് പരിഹരിക്കുന്നതിലേക്കായി രക്ഷിതാക്കളിൽ നിന്നും ചിലർ സ്ഥാപനത്തിൽ നിന്ന് കുട്ടികൾക്ക് വേണ്ട സഹായങ്ങൾ നൽകുന്നു.
- പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിലേക്കായി സൗകര്യങ്ങളുടെ അപര്യാപ്തത ഉണ്ടായിരുന്നു. അവ പരിഹരിച്ചു.

- ഇപ്പോൾ വാടക കെട്ടിടത്തിലാണ് സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. എം എൽ എ ഫണ്ട് ഉപയോഗിച്ച് (60 ലക്ഷം) കെട്ടിടം നിർമ്മിക്കുന്നതിലേക്കാവശ്യമായ നടപടികൾ പൂർത്തിയായിട്ടുണ്ട്.

- സ്പീച്ച് തെറാപ്പിസ്റ്റിന്റെ കുറവ് നികത്താൻ സാധിച്ചിട്ടില്ല.

പരിപാടി സുസ്ഥിരമാക്കുന്നത് സംബന്ധിച്ച അഭിപ്രായം

ഭരണ സമിതികളിൽ മാറ്റം വരുന്നതുമായി ബന്ധപ്പെട്ട് ഇത്തരം പ്രവർത്തനങ്ങൾ ചിലപ്പോഴെങ്കിലും നിലയ്ക്കാറുണ്ട്. അതു സംഭവിക്കാതിരിക്കാനായി രക്ഷിതാക്കളുടേതായ ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ശക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ നല്ല ഒരു പി. ടി. എ. കമ്മിറ്റി സ്ഥാപനത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഒപ്പം മദർ പി ടി എ (MPTA) യും.

ഭിന്നശേഷിക്കാരായ കുട്ടികളോടും അവരുടെ രക്ഷിതാക്കളോടൊപ്പം കോഡൂർ ഗ്രാമപഞ്ചായത്ത് നിലകൊള്ളുന്നു. അമ്മമാർക്കൊരു കൈ താങ്ങ് നൽകുന്നതിലൂടെ ഒരു കുടുംബത്തെയാണ് നവീകരിക്കുന്നതും കരകയറ്റുന്നതുമെന്ന ഉത്തമ ബോധ്യം പഞ്ചായത്തിന് ഉണ്ട്.

ഭാവിപരിപാടികൾ

- ബഡ്സ് സ്കൂളിലെ കാറ്ററിംഗ് യൂണിറ്റിൽ നിന്നും വിദ്യാലയങ്ങളിലെ പോഷകാഹാര വിതരണ പരിപാടിയിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് പ്രാതൽ നൽകും.

- പഞ്ചായത്തിൽ നടക്കുന്ന പൊതുപരിപാടികൾ, സ്വകാര്യ വിരുന്നുകൾ എന്നിവയിൽ ഗ്രീൻപ്രോട്ടോകോളിന്റെ ഭാഗമായി ഉപയോഗിക്കുന്നതിന് സ്റ്റീൽ പാത്രങ്ങൾ വാടകക്ക് നൽകും. ഇതിൽ നിന്ന് ലഭിക്കുന്ന വരുമാനം ബഡ്സ് സ്കൂളിലെ കുട്ടികളുടെ ക്ഷേമത്തിനായി മാറ്റിവെക്കും.

- എനർജി ഡിറ്റക്ഷൻ സെന്റർ, ഓട്ടിസം പാർക്ക് എന്നിവ ആരംഭിക്കും.



കോഡൂർ ബഡ്സ് സ്കൂളിനുവേണ്ടി നിർമ്മിക്കുന്ന മൾട്ടി യൂട്ടിലിറ്റി കെട്ടിടത്തിന്റെ മാതൃക

■■

അനുബന്ധം 1

സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ്

2019–20 പ്രോജക്ട് നിർദ്ദേശങ്ങൾ

ഗ്രൂപ്പ് വർക്ക് ഫോറം 1

തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് : .....

ക്രമനം.	വിഷയമേഖല	അവതരിപ്പിച്ച മാതൃകകൾ, കൈപ്പുസ്തകത്തിലെ മാതൃകകൾ ലഭ്യമായ പ്രധാന പഠനജ്ഞാനം (Key learning)എന്ത്?
1	ബാലസൗഹൃദം	
2	വയോജനസൗഹൃദം	
3	ഭിന്നശേഷിസൗഹൃദം	

തീയതി.....

അനുബന്ധം 2

സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ്

2019-20 പ്രോജക്ട് നിർദ്ദേശങ്ങൾ

ഗ്രൂപ്പ്വർക്ക് ഫോറം 2

തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് : .....

ക്രമ നം.	വിഷയമേഖല	ഞങ്ങളുടെ തദ്ദേശഭരണസ്ഥാപനത്തിൽ നിർദ്ദേശിക്കുന്ന പ്രോജക്ട്കൾ
1	ബാലസൗഹൃദം	
2	വയോജനസൗഹൃദം	
3	ഭിന്നശേഷിസൗഹൃദം	

തീയതി.....



സാമൂഹ്യനീതിയും തദ്ദേശഭരണസ്ഥാപനങ്ങളും

(വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം)



കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില),
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
ഫോൺ - 2200244, 2207087 (ഓഫീസ്),
0487-2201312 (ഡയറക്ടർ), 0487-2201062 (ഫാക്സ്)
ഇമെയിൽ : info@kila.ac.in, വെബ്സൈറ്റ് : www.kila.ac.in